# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഉദയനാപുരം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**കോട്ടയം-686001**

**ഇ-മെയിൽ: doktm.ksad@kerala.gov.in**

**ഫോൺ : 0481-2564886**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എകെടിഎം പി6-1310/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 28/09/2024
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഉദയനാപുരം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എകെഡിഎം പി6-1310/2024 തീയ്യതി: 28/09/2024

## കോട്ടയം ജില്ലയിലെ ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2023 മുതൽ 30-06-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-09-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 46 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 31-07-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. മാത്യു ജേക്കബ് | ഡെപ്യൂട്ടി ഡയറക്ടർ | 24-07-2024 | 31-07-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 24-07-2024 | 31-07-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

സുലത ഡി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)

സജിമോൾ വി, അസി.ഓഡിറ്റ് ഓഫീസർ

ബിനീത് രാജൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ

അഗസ്റ്റിൻ സി തേവർകുന്നേൽ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി പി കെ ആനന്ദവല്ലി | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീമതി ആശാറാണി | സെക്രട്ടറി | 01-04-2023 | 07-07-2023 |
| ശ്രീമതി റംല എം.വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-07-2023 | 02-08-2023 |
| ശ്രീ. വിനോദ്കുമാർ സി | സെക്രട്ടറി | 03-08-2023 | 16-08-2023 |
| ശ്രീമതി റംല എം.വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 17-08-2023 | 08-09-2023 |
| ശ്രീ. വിനോദ്കുമാർ സി | സെക്രട്ടറി | 09-09-2023 | 05-10-2023 |
| ശ്രീമതി റംല എം.വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-10-2023 | 31-10-2023 |
| ശ്രീ. വിനോദ്കുമാർ സി | സെക്രട്ടറി | 01-11-2023 | 17-03-2024 |
| ശ്രീമതി റംല എം.വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 18-03-2024 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ. പ്ലസന്റ് ജോയ് | മെഡിക്കൽ ഓഫീസർ , എഫ് എച്ച് സി | 01-04-2023 | 03-07-2023 |
| ഡോ. അലക്സ് തോമസ് | മെഡിക്കൽ ഓഫീസർ , എഫ് എച്ച് സി | 04-07-2023 | 31-03-2024 |
| ഡോ. സിമി സി എസ് | മെഡിക്കൽ ഓഫീസർ , ഹോമിയോ | 01-04-2023 | 31-03-2024 |
| ഡോ. ജയപ്രീതി ഗ്രേസബെല്ല ജെ | മെഡിക്കൽ ഓഫീസർ , ആയുർവേദം | 01-04-2023 | 31-03-2024 |
| രേഖ ടി നായർ | അസി. എൻജിനീയർ | 01-04-2023 | 31-03-2024 |
| മിനിമോൾ എ വർഗീസ് | ഹെഡ് മിസ്ട്രസ് | 01-04-2023 | 31-03-2024 |
| പൊന്നമ്മ കെ ജെ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2023 | 31-03-2024 |
| സുചിത്ര സി കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| പ്രവീൺ കുമാർ എൽ | വി ഇ ഒ, ഉദയനാപുരം സർക്കിൾ | 01-04-2023 | 31-03-2024 |
| പ്രജിത കെ പി | വി ഇ ഒ, പടിഞ്ഞാറേക്കര സർക്കിൾ | 01-04-2023 | 24-10-2023 |
| പ്രവീൺ കുമാർ എൽ | വി ഇ ഒ, പടിഞ്ഞാറേക്കര സർക്കിൾ | 25-10-2023 | 31-01-2024 |
| പ്രജിത കെ പി | വി ഇ ഒ, പടിഞ്ഞാറേക്കര സർക്കിൾ | 01-02-2024 | 31-03-2024 |
| ആഷിദ മയ്തീൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| റംല എം.വി | അസി. സെക്രട്ടറി | 01-04-2023 | 31-03-2024 |
| ശരത് കൃഷ്ണൻ | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| നീതു രാജശേഖരൻ | കൃഷി ഓഫീസർ | 01-04-2023 | 24-11-2023 |
| സിജി എൻ നാഥ് | കൃഷി ഓഫീസർ | 04-12-2023 | 27-03-2024 |
| അഷിത എ.ആർ | കൃഷി ഓഫീസർ | 28-03-2024 | 31-03-2024 |

കൃഷി ഓഫീസർ തസ്തിക 25.11.2023 മുതൽ 03.12.203 വരെ ഒഴിവ് ആയിരുന്നു.

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2023-24 | 1-1 |
| 2 | ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല | 1-1-1 |
| 3 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ മുന്നിരിപ്പ് വിശദാംശം ലഭ്യമല്ല | 1-1-2 |
| 4 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല | 1-1-3 |
| 5 | അക്രൂവൽ വരവുകളുടെ ഡിമാന്റ് കൃത്യമായി നിർണ്ണയിച്ച് വർഷാരംഭത്തിൽ അക്കൗണ്ട് ചെയ്യുന്നില്ല | 1-1-4 |
| 6 | അക്രൂവൽ വരവുകൾ മുൻകൂറായി ലഭിച്ചതിന്റെ ക്രമീകരണം ഡിമാന്റ് രജിസ്റ്ററിൽ ചേർക്കുന്നില്ല | 1-1-5 |
| 7 | 31/03/2024 വരെയുള്ള ചെലവുകൾ 2023-24 വർഷം പേയബിൾ ആയി അക്കൗണ്ട് ചെയ്തില്ല | 1-1-6 |
| 8 | ചെലവുകൾ കൃത്യമായ ബാധ്യത ശീർഷകത്തിൽ അക്രൂവലായി അക്കൗണ്ട് ചെയ്യുന്നില്ല | 1-1-7 |
| 9 | പ്രോജക്ട് ചെലവുകൾ തെറ്റായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിരിക്കുന്നു. | 1-1-8 |
| 10 | വരവിനങ്ങളുടെ ഡിസിബി കണക്കുകൾ വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-9 |
| 11 | Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-10 |
| 12 | ട്രഷറി/ബാങ്ക് അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ പൂർത്തീകരിച്ചില്ല. | 1-1-11 |
| 13 | ബാങ്ക് അക്കൗണ്ട് വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-12 |
| 14 | വരവിനങ്ങൾ കൃത്യമായ ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്യുന്നില്ല. | 1-1-13 |
| 15 | Prior Period-വിശദാംശം ലഭ്യമല്ല | 1-1-14 |
| 16 | കാലിവീപ്പയുടെ വില RP5 ഷെഡ്യൂളിൽ തുക വരവ് വന്നതായി ബുക്ക് ചെയ്തിട്ടില്ല. | 1-1-15 |
| 17 | ബാധ്യതയായി അവശേഷിക്കുന്ന തുകകളുടെ ആധികാരികത ഉറപ്പുവരുത്താനായില്ല. | 1-1-16 |
| 18 | വിവിധ നിക്ഷേപത്തുകകളുടെ വരവ് ചെലവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല. | 1-1-17 |
| 19 | നിക്ഷേപവിവരങ്ങൾ കൃത്യമല്ല. | 1-1-18 |
| 20 | Festival Advance ശീർഷകത്തിൽ ഉൾപ്പെട്ട തുകയുടെ വിശദാംശങ്ങൾ വ്യക്തമല്ല. | 1-1-19 |
| 21 | ആസ്തികളുടെ മൂല്യശോഷണത്തിന്റെ വിശദാംശമില്ല | 1-1-20 |
| 22 | ബി 5 ഷെഡ്യൂൾ (Secured Loans), ബി 16 ഷെഡ്യൂൾ(Prepaid Expenses) എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു | 1-1-21 |
| 23 | ബജറ്റ്-വിശകലനം | 1-2 |
| 24 | സാമ്പത്തികവിശകലനം | 1-3 |
| 25 | ഗ്രാന്റ് വിനിയോഗം | 1-4 |
| 26 | പദ്ധതി അവലോകനം | 1-5 |
| 27 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 28 | ക്ഷേമ പദ്ധതികൾ | 1-7 |
| 29 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 30 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 31 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 32 | ചെക്കുകൾ സമയബന്ധിതമായി കളക്ഷനാകുന്നില്ല. | 1-11 |
| 33 | 2023-24 ൽ നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്ക് ബാധകമായിട്ടില്ല | 1-12 |
| 34 | തറ വിസ്തീർണ്ണം, ഉപയോഗക്രമം എന്നിവയിൽ മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ വിവരശേഖരണം - തുടർ നടപടികളില്ല | 1-13 |
| 35 | ഒരേ കെട്ടിടത്തിന്റെ മുറികൾക്ക് വ്യത്യസ്ത നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം | 1-14 |

| | | |
|---|---|---|
| | നികുതിയിനത്തിൽ നഷ്ടം | |
| 36 | സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖലയുടെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയിരിക്കുന്നു | 1-15 |
| 37 | ഒരേ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള പാർപ്പിടാവശ്യത്തിനുള്ള 2 കെട്ടിടങ്ങൾക്ക് നികുതിയിളവ് നൽകി | 1-16 |
| 38 | സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയിരിക്കുന്നു | 1-17 |
| 39 | കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ നിർമ്മിച്ച കെട്ടിടത്തിന് ഒക്യൂപൻസി അനുവദിച്ചു | 1-18 |
| 40 | സാങ്കേതിക വിഭാഗത്തിന്റെ പരിശോധന റിപ്പോർട്ട് മറികടന്ന് ഒക്കുപ്പൻസി അനുവദിച്ചു | 1-19 |
| 41 | അനധികൃത നിർമ്മാണം ശ്രദ്ധയിൽപ്പെട്ടിട്ടും നടപടി സ്വീകരിച്ചില്ല | 1-20 |
| 42 | സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-21 |
| 43 | ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയില്ല | 1-22 |
| 44 | ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല | 1-23 |
| 45 | പ്രൊഫഷണലുകളുടെയും കരാറുകാരുടെയും തൊഴിൽ നികുതി ഈടാക്കുന്നില്ല | 1-24 |
| 46 | വാടക കുടിശ്ശിക ഈടാക്കുവാൻ അവശേഷിക്കുന്നു | 1-25 |
| 47 | ലേലം - കുറഞ്ഞ തുകയ്ക്ക് ക്വട്ടേഷൻ അംഗീകരിച്ചു നൽകി, രേഖകൾ ഹാജരാക്കിയില്ല | 1-26 |
| 48 | സ്റ്റേൽ ചെക്ക് ശീർഷകത്തിൽ ലയബിലിറ്റിയായി അവശേഷിക്കുന്ന തുക - കൃത്യത ഉറപ്പുവരുത്താൻ സാധിക്കുന്നില്ല. | 1-27 |
| 49 | ബാങ്ക് അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ പൂർണ്ണമല്ല | 1-28 |
| 50 | അവധിക്കണക്കുകൾ സേവനപുസ്തകത്തിൽ രേഖപ്പെടുത്താതെ ലീവ്സറണ്ടർ അനുവദിച്ചു | 1-29 |
| 51 | ക്ഷേമനിധി വിഹിതം അടവാക്കിയത് - കൈപ്പറ്റ് വിവരം ലഭ്യമായില്ല. | 1-30 |
| 52 | കത്തി നശിച്ച വാഹനത്തിന്റെ ഇൻഷുറൻസ് തുക ലഭ്യമായില്ല. | 1-31 |
| 53 | ബെയ് ലിംഗ് മെഷീൻ വാങ്ങൽ - സ്ഥാപനവുമായി കരാർ വച്ചിട്ടില്ല - വാങ്ങിയ മെഷീൻ നാളിതുവരെ സ്ഥാപിക്കുകയോ സുരക്ഷിതമായി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല- | 1-32 |
| 54 | തോടുകൾ ആഴം കൂട്ടൽ - 64. 91ലക്ഷം രൂപ ചെറുകിടജലസേചനവകുപ്പിന് കൈമാറി-നിർവ്വഹണ നടപടികൾ നാളിതുവരെ ആരംഭിച്ചിട്ടില്ല | 1-33 |
| 55 | വെള്ളക്കരം - കുടിശ്ശിക തീർപ്പാക്കിയത് ഉറപ്പുവരുത്തിയിട്ടില്ല- ഡെപ്പോസിറ്റ്തുകയിൽ ചെലവഴിക്കാത്ത തുക തിരികെ ഈടാക്കിയില്ല | 1-34 |
| 56 | തെരുവുവിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണി - സർക്കാർനിർദ്ദേശാനുസരണമുള്ള നടപടികൾ സ്വീകരിച്ചില്ല , തുക അനുവദിക്കുന്നതിൽ കരാർ വ്യവസ്ഥ പാലിച്ചില്ല | 1-35 |
| 57 | സിസിടിവി ക്യാമറ സ്ഥാപിക്കൽ - ലക്ഷ്യത്തിനനുസൃതമായി ഫലപ്രദമായ നിരീക്ഷണസംവിധാനമില്ല. | 1-36 |
| 58 | പേമെന്റ് ബില്ലുകളിൽനിന്നും നിശ്ചിത നിരക്കിൽ ജിഎസ് റ്റി കിഴിവുചെയ്തില്ല | 1-37 |
| 59 | സ്ട്രീറ്റ് ലൈൻ വലിക്കൽ പ്രവൃത്തികൾ– പ്രവൃത്തിപൂർത്തീകരണവിവരങ്ങളും ചെലവുതുകയുടെ വിനിയോഗസാക്ഷ്യപത്രവും ലഭ്യമായിട്ടില്ല. | 1-38 |
| 60 | എസ്.എസ്.എ.വിഹിതംനൽകൽ -വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല | 1-39 |
| 61 | സൗജന്യമായി വിട്ടുകിട്ടിയ സ്ഥലങ്ങൾ റവന്യൂരേഖകൾപ്രകാരം പഞ്ചായത്തിന്റെ ഉടമസ്ഥതയിലാക്കിയിട്ടില്ല. | 1-40 |
| 62 | ലൈബ്രേറിയൻ വിരമിച്ചതിനാൽ പഞ്ചായത്ത് ലൈബ്രറിയുടെ പ്രവർത്തനം അനിശ്ചിതത്വത്തിൽ | 1-41 |
| 63 | ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ– മരുന്നുകൾ ലഭ്യമായില്ല | 1-42 |
| 64 | ലൈഫ് ഭവന പദ്ധതി - പട്ടികജാതി വിഭാഗം-ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല | 1-43 |
| 65 | ലൈഫ് ഭവനപദ്ധതി (എസ്.സി)& ജനറൽ– ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-44 |
| 66 | ടാറിംഗ്പ്രവൃത്തികൾ - ബാരൽവില നിശ്ചിത ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ലാത്തതിനാൽ സർക്കാരിലേക്ക് തിരിച്ചടച്ചിട്ടില്ല | 1-45 |

| | | |
|---|---|---|
| 67 | സ്കൂളുകളിൽ ജൈവവൈവിധ്യ ഉദ്യാനത്തിന്റെ പുനർനിർമ്മാണം- അപാകതകൾ | 1-46 |
| 68 | ഫിഷ് ലാന്റിംഗ് സെന്റർ നവീകരണം- നിർമ്മിക്കപ്പെട്ട ടോയ് ലറ്റ് കോംപ്ലക്സ് ഉപയോഗയോഗ്യമാക്കിയിട്ടില്ല | 1-47 |
| 69 | വിഷയാധിഷ്ഠിത അവലോകനം - ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ | 1-48 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് 2023-24

1. ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 11/06/2024 തീയതിയിലെ 8(12) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 05/07/2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31/03/2024-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31/03/2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

**തീയതി: 28.09.2024** **ഡെപ്യൂട്ടി ഡയറക്ടർ**

**1-1-1 ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല**

31/03/2024 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത അനുബന്ധരേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം അക്രുവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി അക്കൗണ്ടിങ്ങ് ആരംഭിച്ച 01/04/2011 ൽ പഞ്ചായത്ത് ജനറൽ ഫണ്ട് (കണക്ക് ശീർഷകം-310100101) നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖയായ Opening Balance Receipt Payment (OBRP) Data സൂക്ഷിച്ചിട്ടില്ല. 2011-12 മുതൽ 2022-23 വരെ Excess Of Income Over Expenditure കണക്കാക്കിയ രേഖകളും 2023-24 ലെ അറ്റ പ്രവർത്തനമിച്ചം ക്യാരി ഓവർ ചെയ്തതിന്റെ രേഖകളും സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ട് മൂല്യം 31/03/2024 വരെയുള്ളത് വ്യക്തമാക്കുന്ന എല്ലാ രേഖകളും തയ്യാറാക്കി സൂക്ഷിക്കേണ്ടതും മറുപടിയിൽ ലഭ്യമാക്കേണ്ടതുമാണ്.

**1-1-2 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ മുന്നിരിപ്പ് വിശദാംശം ലഭ്യമല്ല**

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ മുന്നിരിപ്പിന്റെ വിശദാംശം 2011-12 മുതൽ 2022-23 വരെയുള്ളത് ഫണ്ട് തിരിച്ചും സാമ്പത്തിക വർഷം തിരിച്ചും ലഭ്യമല്ല. മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2023-24 വർഷം പാർട്ട് ബിൽ നൽകിയ ഭാഗിക ആസ്തിയുടെ മൂല്യത്തിന് തുല്യമായ തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനായി അക്കൗണ്ട് ചെയ്തിട്ടില്ല. ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ മുന്നിരിപ്പ് വിശദാംശം സൂക്ഷിക്കേണ്ടതും Capital Work In Progress നായി ചെലവഴിച്ച ഫണ്ട് അതാത് വർഷം Capital Contribution ആയി ക്രമീകരിക്കേണ്ടതുമാണ്.

**1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല**

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. 01/04/2023 ൽ മുന്നിരിപ്പായുള്ള പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസും പഞ്ചായത്തിൽ നിലവിലില്ല എന്നതിനാൽ വിവിധ മേഖലകളിലായുള്ള 31/03/2024 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല. പഞ്ചായത്തിന്റെ ആസ്തിവിവരങ്ങൾ എല്ലാം ക്രോഡീകരിച്ച ആസ്തി ഡേറ്റാബേസും (Asset Register/Database) വിവിധ നിർമ്മിതികളുടെയും സ്ഥാപനങ്ങളുടെയും റോഡുകളുടെയും സ്ഥാനം രേഖപ്പെടുത്തിയ റോഡ് കണക്ടിവിറ്റി മാപ്പും തയ്യാറാക്കി 31/03/2024 വരെയുള്ള ഡേറ്റ കാലികമാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

**1-1-4 അക്രുവൽ വരവുകളുടെ ഡിമാന്റ് കൃത്യമായി നിർണ്ണയിച്ച് വർഷാരംഭത്തിൽ അക്കൗണ്ട് ചെയ്യുന്നില്ല**

2023-24 സാമ്പത്തിക വർഷം ആരംഭത്തിൽ അക്രുവൽ വരവായ തൊഴിൽ നികുതി(സ്ഥാപനം/ട്രേഡർ), ലൈസൻസ് എന്നിവയുടെ ഡിമാന്റ് നിർണ്ണയിച്ച് ഡിമാന്റ് എൻട്രി അക്കൗണ്ട് ചെയ്യുകയോ ബന്ധപ്പെട്ട രജിസ്റ്ററിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. കൃത്യമായ ഡിമാന്റ് ഡേറ്റാബേസായ സ്ഥാപന ലിസ്റ്റ്, ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ ആധികാരികമാക്കാതെയാണ് പ്രസ്തുത ഡിമാന്റുകൾ അക്കൗണ്ട് ചെയ്തത്. അക്രുവൽ വരവുകളുടെ ഡിമാന്റ് ഡേറ്റാ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ആധികാരികമാക്കേണ്ടതും വർഷാരംഭത്തിൽ തന്നെ ഡിമാന്റ് എൻട്രി നടത്തേണ്ടതുമാണ്.

**1-1-5 അക്രുവൽ വരവുകൾ മുൻകൂറായി ലഭിച്ചതിന്റെ ക്രമീകരണം ഡിമാന്റ് രജിസ്റ്ററിൽ ചേർക്കുന്നില്ല**

2023-24 വർഷത്തേക്കുള്ള തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നീ വരവുകൾ 31/03/2023 വരെ

മുൻകൂറായി ലഭിച്ചതിന്റെ ക്രമീകരണം ബന്ധപ്പെട്ട 2023-24 ഡിമാന്റ് രജിസ്റ്ററുകളിൽ ജേർണൽ വൗച്ചർ പോസ്റ്റ് ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. തൻവർഷം ക്രമീകരിക്കപ്പെട്ട മുൻകൂർവരുമാനങ്ങളുടെ കൃത്യത വ്യക്തമല്ല. മുൻകൂറായി ലഭിക്കുന്ന അക്രുവൽ വരവുകളുടെ ക്രമീകരണം ഡിമാന്റ് രജിസ്റ്ററിൽ ചേർക്കേണ്ടതും ക്രമീകരണ ജേർണൽ വൗച്ചർ പോസ്റ്റ് ചെയ്ത് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ഡി.സി.ബി. പത്രികയിൽ മുൻകൂറായി ലഭിച്ച വരവുകൾ ക്രമീകരിച്ചത് പ്രത്യേകമായിത്തന്നെ രേഖപ്പെടുത്തേണ്ടതാണ്.

**1-1-6 31/03/2024 വരെയുള്ള ചെലവുകൾ 2023-24 വർഷം പേയബിൾ ആയി അക്കൗണ്ട് ചെയ്തില്ല**

ജനപ്രതിനിധികളുടെ മാർച്ച്-2024 ലെ ഹോണറേറിയം, 31/03/2024 വരെയുള്ള കണ്ടിജന്റ് ചെലവുകൾ (ഉദാ: ഇലക്ട്രിസിറ്റി-വാട്ടർ ചാർജ്ജുകൾ) എന്നിവ 2023-24 ൽ Payable ആയി ക്രമീകരിച്ച് അക്കൗണ്ട് ചെയ്തില്ല. 2011-ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-27 പ്രകാരം സാമ്പത്തിക വർഷ കാലയളവിലെ ചെലവുകൾ എല്ലാം വർഷാവസാനവും Payable ആയി ക്രമീകരിക്കേണ്ടതായിരുന്നു. അക്കൗണ്ടിങ്ങ് അപാകത പരിഹരിക്കേണ്ടതാണ്.

**1-1-7 ചെലവുകൾ കൃത്യമായ ബാധ്യത ശീർഷകത്തിൽ അക്രുവലായി അക്കൗണ്ട് ചെയ്യുന്നില്ല**

ചെലവുകൾ ഇനം തിരിച്ച് തന്നെ ബാധ്യത ശീർഷകങ്ങൾ ലഭ്യമായിരുന്നിട്ടും 2023-24 വർഷത്തെ കണ്ടിജന്റ് ചെലവുകൾ എല്ലാം 350109999-Amount Payable To Other Creditors എന്ന ശീർഷകത്തിലേക്ക് അക്രുവലായി അക്കൗണ്ട് ചെയ്തിരിക്കുന്നത്. തൻവർഷം 3.14 കോടിയോളം രൂപ ടി ശീർഷകത്തിലേക്ക് അക്രുവൽ ചെയ്യുകയും മുഴുവൻ തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ചെലവുകൾ Payable ആയി കൃത്യമായ ശീർഷകങ്ങളിൽ ജേർണൽ എൻട്രിയായി(Journal Voucher) അക്കൗണ്ട് ചെയ്യേണ്ടതാണ്.

**1-1-8 പ്രോജക്ട് ചെലവുകൾ തെറ്റായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിരിക്കുന്നു.**

പ്രോജക്ടുകൾ പ്രകാരം ചെലവില്ലാത്ത ശീർഷകങ്ങളിലും തുക അക്കൗണ്ട് ചെയ്തിരിക്കുന്നു. ഉദാ. Oyster Farming-Hatchery എന്നതിലേയ്ക്കായി തൻവർഷം പ്രോജക്ടില്ലെങ്കിലും 250130501 എന്ന ശീർഷകത്തിൽ 50000 രൂപ ചെലവഴിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്.

**1-1-9 വരവിനങ്ങളുടെ ഡിസിബി കണക്കുകൾ വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.**

വിവിധ വരവിനങ്ങളുടെ ഡിസിബി കണക്കുകൾ (തൊഴിൽ നികുതി,ലൈസൻസ്,വാടക,ലേലം) വാർഷികധനകാര്യപത്രിക, ബന്ധപ്പെട്ട രജിസ്റ്റർ എന്നിവയിൽ പൊരുത്തപ്പെടുന്നില്ല.

**1-1-10 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല**

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 31/03/2024ലെ ബാലൻസ് ഷീറ്റിൽ 350300199, 350400999 ശീർഷകങ്ങളിൽ നിലനിൽക്കുന്നത് എന്തിനം ബാധ്യതയാണെന്നതിൽ വ്യക്തതയില്ല. കൂടാതെ വിവിധ നികുതി-നികുതിയേതര വരവുകൾ മുൻകൂറായി ലഭിക്കുന്നവയുടെ വിവരവും അവയുടെ ക്രമീകരിക്കലും ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി നിരീക്ഷിക്കുന്നില്ല. പഞ്ചായത്ത് ഫണ്ടിൽ ബാധ്യതയായി നിലനിൽക്കുന്ന മറ്റ് ഏജൻസികൾക്ക് നൽകാനുള്ള തുകകൾ, മുൻകൂർ വരവുകൾ എന്നിവയുടെ വിനിമയം രജിസ്റ്ററിൽ രേഖപ്പെടുത്തി നിരീക്ഷിക്കേണ്ടതാണ്. നിലവിൽ ബാധ്യതയായി രേഖപ്പെടുത്തിയ തുകകളുടെ വിശദാംശങ്ങൾ കണ്ടെത്തി ILGMS-ൽ അവ ബന്ധപ്പെട്ട ശീർഷകങ്ങളിൽ ക്രമീകരിക്കേണ്ടതാണ്.

**1-1-11 ട്രഷറി/ബാങ്ക് അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ പൂർത്തീകരിച്ചില്ല.**

താഴെപ്പറയുന്ന ട്രഷറി/ബാങ്ക് അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ 2023-24 വർഷത്തിൽ പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം | ബാങ്ക് | ക്ലോസിംഗ് ബാലൻസ് |
|---|---|---|

| | | |
|---|---|---|
| 1 | എസ് ബി റ്റി -2207 | 16250 |
| 2 | സബ് ട്രഷറി വൈക്കം -13 | 12602 |

**1-1-12 ബാങ്ക് അക്കൗണ്ട് വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.**

വാതിൽപ്പടി സേവനത്തിനായി കാനറാ ബാങ്ക് വൈക്കം ശാഖയിൽ ആരംഭിച്ച 110049460210 എന്ന ബാങ്ക് അക്കൗണ്ട് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല(31/03/2024 ലെ ക്ലോസിംഗ് ബാലൻസ് - 0).. നിലവിൽ ക്ലോസ് ചെയ്യാത്ത എല്ലാ ബാങ്ക് അക്കൗണ്ടുകളും വാർഷിക കണക്കിൽ ഉൾപ്പെടുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

**1-1-13 വരവിനങ്ങൾ കൃത്യമായ ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്യുന്നില്ല.**

ലേലമിനത്തിലുള്ള വരവായ 57600 രൂപ രൂപ 180800105 Receipts From Panchayath Schools എന്ന ശീർഷകത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

**1-1-14 Prior Period-വിശദാംശം ലഭ്യമല്ല**

Prior Period Income/Expenditure വിവരം നോട്ട്സ് ഓൺ അക്കൗണ്ടായി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ മേൽ ശീർഷകത്തിൽ ഉൾപ്പെട്ട തുകകളുടെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

**1-1-15 കാലിവീപ്പയുടെ വില RP5 ഷെഡ്യൂളിൽ തുക വരവ് വന്നതായി ബുക്ക് ചെയ്തിട്ടില്ല.**

2023-24 വർഷത്തെ വിവിധ പ്രോജക്ടുകളിൽ നിന്ന് കാലിവീപ്പയുടെ വിലയും ജി.എസ്.റ്റിയുമുൾപ്പെടെയുള്ള തുക (47632+8557) തനത് ഫണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ 2023-24 വാർഷിക കണക്കിൽ RP5 ഷെഡ്യൂളിൽ ടി തുക വരവ് വന്നതായി ബുക്ക് ചെയ്തിട്ടില്ല.

**1-1-16 ബാധ്യതയായി അവശേഷിക്കുന്ന തുകകളുടെ ആധികാരികത ഉറപ്പുവരുത്താനായില്ല.**

ബി 4 ഷെഡ്യൂൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്കുള്ള ബ്ലോക്ക് വിഹിതമായി 1136601/- രൂപയും ജില്ലാ പഞ്ചായത്ത് വിഹിതമായി 287336/- രൂപയും ബാധ്യതയായി അവശേഷിക്കുന്നുണ്ട്. സംയുക്ത പ്രോജക്ടുകൾക്കുള്ള ട്രഷറി അക്കൗണ്ടിൽ (799011400001231) നീക്കിയിരിപ്പില്ല. മേൽ അക്കൗണ്ടിൽ അവശേഷിച്ചിരുന്ന 825619/- രൂപ 20.03.2023 ൽ സർക്കാർ തിരികെ ഈടാക്കി. ബി 4 ഷെഡ്യൂൾ പ്രകാരമുള്ള തുകയുടെ ആധികാരികത ഉറപ്പാക്കാനായിട്ടില്ല. റിഡംപ്ഷൻ ഇനത്തിലുള്ള വരവ് ചെലവ് കണക്കുകളുടെ കൃത്യത ഉറപ്പാക്കിയിട്ടില്ല.

**1-1-17 വിവിധ നിക്ഷേപത്തുകകളുടെ വരവ് ചെലവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല.**

Contractors EMD (340100101) , Other Deposits (340109901) എന്നിവയുടെ വരവ് ചെലവ് കണക്കുകൾ ഡെപ്പോസിറ്റ് രജിസ്റ്റർ,വാർഷികധനകാര്യപത്രിക എന്നിവയിൽ പൊരുത്തപ്പെടുന്നില്ല.

**1-1-18 നിക്ഷേപവിവരങ്ങൾ കൃത്യമല്ല.**

വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി കെ എസ് ഇ ബിയിൽ 2023-24 വർഷം നിക്ഷേപിച്ച തുകയുടെ വിവരങ്ങൾ അഡ്വാൻസ് രജിസ്റ്റർ,വാർഷികധനകാര്യപത്രിക എന്നിവയിൽ കൃത്യമായി പ്രതിഫലിച്ചിട്ടില്ല.

**1-1-19 Festival Advance ശീർഷകത്തിൽ ഉൾപ്പെട്ട തുകയുടെ വിശദാംശങ്ങൾ വ്യക്തമല്ല.**

Festival Advance ശീർഷകത്തിൽ (460100101) ബി 18 ഷെഡ്യൂളിൽ ഉൾപ്പെട്ട 21000/- രൂപയുടെ വിശദാംശങ്ങൾ വ്യക്തമല്ല.

**1-1-20 ആസ്തികളുടെ മൂല്യശോഷണത്തിന്റെ വിശദാംശമില്ല**

2023-24ൽ ആസ്തികളുടെ മൂല്യശോഷണമായി അക്കൗണ്ട് ചെയ്യപ്പെട്ട 64114010/- രൂപയുടെ ആധികാരികത കാൽക്കുലേഷൻ ഷീറ്റിലൂടെ സെക്രട്ടറി വ്യക്തമാക്കിയിട്ടില്ല.

### 1-1-21 ബി 5 ഷെഡ്യൂൾ (Secured Loans), ബി 16 ഷെഡ്യൂൾ(Prepaid Expenses) എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു

ബി 5 ഷെഡ്യൂൾ (Secured Loans) പ്രകാരം നീക്കിയിരിപ്പ് 31249589/- രൂപയും, ബി 15 ഷെഡ്യൂൾ(Prepaid Expenses) പ്രകാരം നീക്കിയിരിപ്പ് 30386339/- രൂപയുമാണ്. കൂടാതെ വാർഷികധനകാര്യപത്രിക പ്രകാരമുള്ള ലോൺ വരവ് ലോൺ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

### 1-2 ബജറ്റ്-വിശകലനം

ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 27/03/2023 ലെ 1-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 15/01/2024 ലെ 5(1)-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ്(01/04/2023) | 1273000/- | 6229131/- |
| 2023-24 വരവ് | 241562651/- | 237115401/- |
| ആകെ വരവ് | 242835651/- | 243344532/- |
| 2023-24 ചെലവ് | 241489331/- | 237872922/- |
| നീക്കിയിരിപ്പ്(31/03/2024) | 1346320/- | 5471610/- |

പുതുക്കിയ ബജറ്റ് പ്രകാരം 24.33 കോടി രൂപ വരവും 23.78 കോടി രൂപ ചെലവുമാണ് പ്രതീക്ഷിച്ചത്. 2023-24 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 21.03 കോടി രൂപയും ചെലവ് 27.07 കോടി രൂപയുമാണുള്ളത്. പുതുക്കിയ ബജറ്റ് തയ്യാറാക്കിയപ്പോൾ തൻവർഷ മുന്നിരിപ്പ് 1273000/- രൂപയാണെന്ന വിവരം കണക്കിലെടുക്കാതെ 6229131/- രൂപയാണ് മുന്നിരിപ്പായി കണക്കാക്കിയത്. ബജറ്റ് പുതുക്കുമ്പോൾ മുന്നിരിപ്പും സാമ്പത്തികവർഷത്തെ അതുവരെയുള്ള വരവ്-ചെലവുകളും കണക്കാക്കി കൃത്യമായി തയ്യാറാക്കേണ്ടതാണ്.

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത ചെലവുകൾ മേഖലാടിസ്ഥാനത്തിൽ നിശ്ചയിക്കുക മാത്രമാണ് ചെയ്യുന്നത്. വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെയും പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെയും ബജറ്റ് ശുപാർശകൾ പരിഗണിച്ച് മേഖലാടിസ്ഥാനത്തിലുള്ള വിഹിതം വിഭജിച്ച് വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കൃത്യമായ വിഹിതം ക്യാപ്പിറ്റൽ-റവന്യൂ തിരിച്ച് നിശ്ചയിച്ചിട്ടില്ല. ബജറ്റ് തയ്യാറാക്കുമ്പോൾ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ഇപ്രകാരമുള്ള ഉപ-ശീർഷകങ്ങളായി(Sub-Head) അലോട്ട്മെന്റുകൾ കൂടി കണക്കാക്കി ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-3 സാമ്പത്തികവിശകലനം

**റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം**

| | |
|---|---|
| മുന്നിരിപ്പ് | 19013644 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 64636048 |
| ആകെ | 83649692 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 57754931 |
| നീക്കിയിരിപ്പ് | 25894761 |

**ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം**

| ഇനം | തുക |
|---|---|

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരുമാനം | 210332948 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 270721014 |
| പ്രവർത്തന നഷ്ടം (Gross Deficit) | -60388066 |
| മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം (Prior Period Adjustment) | -810871 |
| അറ്റ പ്രവർത്തന നഷ്ടം | -59577195 |

**ഓഡിറ്റ് സംക്ഷിപ്തം**

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 85,07157/- |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | ബജറ്റ് വിഹിതം | ആകെ | ചെലവ് | സഞ്ചിതനിധിയിലേക്ക് തിരികെ ഈടാക്കിയത്/ നീക്കിബാക്കി | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 24295000 | 24295000 | 20182947 | 4112053 | 83 |
| വികസനഫണ്ട് എസ്.സി.പി. | 0 | 11360000 | 11360000 | 7961862 | 3398138 | 70 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 10296650 | 10296650 | 5396938 | 4899712 | 52 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 7013400 | 7013400 | 5319838 | 1693562 | 76 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (Untied) | 1483981 | 4276084 | 8955837 | 3338343 | 2421722 | |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (Tied) | 7184294 | 3017000 | 10201294 | 9639812 | 561482 | |
| ഐ.സി.ഡി. എസ്. കേന്ദ്രവിഹിതം | 423130 | 1432845 | 1855975 | 434021 | 1421954 | |

| | | | | | | |
|---|---|---|---|---|---|---|
| ശുചിത്വമിഷൻ ഗ്രാന്റ് | 139300 | 180000 | 319300 | 180000 | 139300 | |
| ടി എസ് സി | 968256 | 0 | 968256 | 0 | 968256 | |
| സോളിഡ് വേസ്റ്റ് മാനേജ്മെന്റ് | 351200 | 0 | 351200 | 0 | 351200 | |
| സാക്ഷരത | 9521 | 65 | 9586 | 0 | 9586 | |
| ഹെൽത്ത് ഗ്രാന്റ് 1 | 136743 | 391162 | 527905 | 269841 | 258064 | |
| ഹെൽത്ത് ഗ്രാന്റ് 2 | 7525 | 1060461 | 1067986 | 228260 | 839726 | |
| ഹെൽത്ത് ഗ്രാന്റ് 3 | 0 | 5611000 | 5611000 | 0 | 5611000 | |

വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി. വിഹിതങ്ങളിൽ നിന്ന് യഥാക്രമം 4872747/-രൂപ, 1165383/-രൂപ വീതം കുറവ് ചെയ്തതിനുശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ടി തുകകൾ ഉൾപ്പെടെയാണ് സുലേഖ സോഫ്റ്റ്‌വെയറിൽ ചേർത്തിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിൽ ടി തുകകൾ പണമായി ലഭിക്കാതിരുന്നതിനാൽ വാർഷികകണക്കുകളുടെ ഭാഗമായ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ടി തുകകൾ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നം/ പേര് | ചെലവ് | ഫണ്ടിനം |
|---|---|---|
| 267/24 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) | 1273849 | വികസനഫണ്ട് പൊതുവിഭാഗം |
| 270/24 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) | 1273849 | വികസനഫണ്ട് പൊതുവിഭാഗം |
| 273/24 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) | 1273849 | വികസനഫണ്ട് പൊതുവിഭാഗം |
| 266/24 അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 350400 | വികസനഫണ്ട് പൊതുവിഭാഗം |
| 269/24 അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 350400 | വികസനഫണ്ട് പൊതുവിഭാഗം |
| 272/24 അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 350400 | വികസനഫണ്ട് പൊതുവിഭാഗം |
| ആകെ | 4872747 | |
| 268/24 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് | 388462 | വികസനഫണ്ട് എസ്.സി.പി. |

| | | |
|---|---|---|
| (എസ്.സി.പി.) | | |
| 271/24<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി.) | 388462 | വികസനഫണ്ട് എസ്.സി.പി. |
| 274/24<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി.) | 388462 | വികസനഫണ്ട് എസ്.സി.പി. |
| ആകെ | 1165386 | |

ഗ്രാന്റ് വിനിയോഗപത്രികയുടെ വരവ് ഭാഗത്ത് ടി തുകകൾ ഉൾപ്പെട്ടിട്ടില്ല. ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied ഫണ്ടിൽ ഉൾപ്പെടുന്ന 2023-24 വർഷത്തെ പ്രസ്തുത ഫണ്ട് സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടിലെ പലിശ 253084 രൂപ വരവായി ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പ്രതിഫലിച്ചിട്ടില്ല. ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നുള്ള നിയാമാനുസൃത റിക്കവറികൾ ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്നതിനാൽ ബാങ്ക് അക്കൗണ്ടിലെ ബാലൻസ് തുക ബി-4 ഷെഡ്യൂളിൽ ബാദ്ധ്യതയായി അവശേഷിക്കുന്ന തുകയുമായി പൊരുത്തപ്പെടുന്നില്ല. മേൽ ചെലവ് ചേർത്താണ് ഗ്രാന്റ് വിനിയോഗം തയ്യാറാക്കിയിട്ടുള്ളത്.

1. വികസനഫണ്ട് എസ്.സി.പി. – പ്രോജക്ട് നം. 34/24 – പിഎംവൈ പദ്ധതിക്ക് വിഹിതം എന്ന പ്രോജക്ട് പ്രകാരമുള്ള ചെലവ് തുക (140000/- രൂപ) ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.
2. ധനകാര്യകമ്മീഷൻ ഗ്രാന്റ് ടൈഡ്, അൺടൈഡ് വിഭാഗങ്ങളിലെ മുന്നിരിപ്പ് ഗ്രാമപഞ്ചായത്തിലെ മാനുവൽ എസിആർ പ്രകാരമുള്ള തുകയാണ് ചേർത്തിട്ടുള്ളത്. മേൽ തുകകൾ 2022-23 ബി-4 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല.
3. ശുചിത്വമിഷൻ ഗ്രാന്റ് (320100198) ചെലവ് തുക വാർഷിക ധനകാര്യപത്രികയിൽ കൃത്യമായി പ്രതിഫലിച്ചിട്ടില്ല. എസിആർ പ്രകാരമുള്ള ചെലവായ 180000 ആണ് ഗ്രാന്റ് വിനിയോഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.
4. വിവിധ ഹെൽത്ത് ഗ്രാന്റുകളുമായി ബന്ധപ്പെട്ട വരവ് ചെലവ് കണക്കുകൾ വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് ACR പ്രകാരമുള്ള വിവരങ്ങളാണ് ഫണ്ട് വിനിയോഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മേൽ അപാകതകൾ നിലനിൽക്കുന്നതിന് വിധേയമായാണ് അനുബന്ധം 2 ആയിട്ടുള്ള ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം പുറപ്പെടുവിച്ചിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

പദ്ധതിരൂപീകരണം

വാർഷികപദ്ധതിആസൂത്രണം/രൂപീകരണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ തദ്ദേശ സ്വയംഭരണവകുപ്പിന്റെ 19-4-22-ലെ ജി.ഒ.(പി)നം.84/2022/നമ്പർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള ആസൂത്രണഘട്ടങ്ങളും നടപടിക്രമങ്ങളും അനുവർത്തിച്ചാണ് ഗ്രാമപഞ്ചായത്തിന്റെ 2023-24 വാർഷികപദ്ധതി തയ്യാറാക്കിയിട്ടുള്ളതെന്ന് കാണുന്നു. പദ്ധതി രൂപീകരണപ്രവർത്തനത്തിന്റെ പ്രാഥമിക നടപടിയെന്ന നിലയിൽ ആദ്യവാർഷിക പദ്ധതിയുടെ ഭാഗമായി രൂപീകരിച്ചിരുന്ന ആസൂത്രണസമിതികൾ പഞ്ചായത്ത് കമ്മിറ്റിയുടെ 12-9-22-ലെ യോഗതീരുമാനപ്രകാരം പുന:സംഘടിപ്പിക്കുകയുണ്ടായി . ആസൂത്രണസമിതിയോഗവും വികസനസെമിനാറും ഉൾപ്പെടെ പദ്ധതിരൂപീകരണവുമായി ബന്ധപ്പെട്ട വിവിധ ഘട്ടങ്ങളുടെ പ്രവർത്തനകലണ്ടർ ചുവടെചേർക്കുന്നു .

| | |
|---|---|
| ആസൂത്രണസമിതിയോഗം | 7-1-23 |
| വർക്കിംഗ് ഗ്രൂപ്പ് യോഗം | 11-1-23, 4-2-23 |
| നിർവ്വഹണോദ്യോഗസ്ഥരുടെ യോഗം | 17-2-23,2-3-23,8-8-23,19-12-23 |

| | |
|---|---|
| ഊരുകൂട്ടയോഗം | 18-1-23 |
| മത്സ്യസഭായോഗം | 18-1-23 |
| ഭിന്നശേഷി ഗ്രാമസഭ | 23-1-23 |
| പദ്ധതി ആസൂത്രണഗ്രാമസഭകൾ | 7-1-23 മുതൽ 17-1-23 വരെ |
| ഗുണഭോക്തൃ ഗ്രാമസഭകൾ | 10-6-23 മുതൽ 17-6-23വരെ |
| വികസനസെമിനാർ | 4-2-2023 |

പദ്ധതി ആസൂത്രണഗ്രാമസഭകളിൽ ഉയർന്നുവന്ന വിവിധ പദ്ധതി നിർദ്ദേശങ്ങളും വർക്കിംഗ് ഗ്രൂപ്പുകളുടെ അഭിപ്രായങ്ങളും 4-2-23-ലെ വികസനസെമിനാറിൽ സമഗ്രമായി ചർച്ച ചെയ്യുകയും 23-24ലെ കരട് പദ്ധതികൾക്ക് രൂപം നൽകുകയും ചെയ്തു.

പദ്ധതി അംഗീകാരം

ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 28-2-23-ലെ തീരുമാനപ്രകാരം (അജണ്ട I തീരുമാനം 1) 2023-24വർഷത്തെ കരട് പദ്ധതികൾ അംഗീകരിച്ചിരുന്നു. വാർഷികപദ്ധതിയ്ക്ക് ഭരണസമിതിയുടെ 10-5-23-ലെ 1(4)-തീരുമാനപ്രകാരം ഭരണാനുമതിയും ജില്ലാ ആസൂത്രണസമിതിയുടെ 9-6-23-ലെ 83898/23/DPC/DPO/KTM നമ്പർ നടപടി ഉത്തരവുപ്രകാരം നിർവ്വഹണാംഗീകാരവും ലഭിച്ചു. സ്പിൽ ഓവർ പ്രോജക്ടുകളും പുതിയ പ്രോജക്ടുകളും ഉൾപ്പെടെ ആകെ225 പ്രോജക്ടുകൾക്കാണ് തൻവർഷം അംഗീകാരം ലഭിച്ചത്.

പദ്ധതി നിർവ്വഹണം

അംഗീകാരം ലഭിച്ച 225 പ്രോജക്ടുകളിൽ സ്പിൽ ഓവർ പ്രോജക്ടുകളും പുതിയ പ്രോജക്ടുകളും ഉൾപ്പെടെ ആകെ 151 പ്രോജക്ടുകൾ മാത്രമാണ് തൻവർഷം നടപ്പാക്കിയിട്ടുള്ളത്. വാർഷികപദ്ധതിയുടെ അടങ്കൽ തുകയായി നിശ്ചയിച്ചിരുന്നത് 36,81,05,084/- രൂപയായിരുന്നു. ആയതിലേക്കായി വിവിധ വിഭവ സ്രോതസ്സുകളിൽനിന്ന് വകയിരുത്തിയ തുകയുടെയും തൻവർഷം ചെലവഴിച്ച തുകകളുടെയും വിവരങ്ങൾ താഴെ ചേർക്കുന്നു.

വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചവ | നടപ്പാക്കിയവ | വകയിരുത്തിയത് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 5 | 2464350 | 953400 | 38.69 |
| വെറ്ററിനറി സർജൻ | 7 | 4 | 3470000 | 358049 | 10.32 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 12 | 11 | 4492661 | 2165731 | 48.21 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 2 | 1 | 1075000 | 900000 | 83.72 |
| മെഡിക്കൽ ഓഫീസർ, ഹോമിയോപ്പതി | 2 | 2 | 220000 | 220000 | 100 |
| ഫിഷറീസ് ഇൻസ്പെക്ടർ | 4 | 4 | 780000 | 671500 | 86.09 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 9 | 4401200 | 3687102 | 83.77 |
| സെക്രട്ടറി | 51 | 37 | 20538830 | 17439282 | 84.91 |
| അസിസ്റ്റന്റ് എൻജിനീയർ | 78 | 39 | 46755997 | 17738855 | 37.94 |
| ഡയറിഫാം ഇൻസ്ട്രക്ടർ | 4 | 4 | 2326256 | 1636520 | 70.35 |

| | | | | | |
|---|---|---|---|---|---|
| അസി.സെക്രട്ടറി | 14 | 10 | 10634063 | 1573599 | 14.8 |
| വി.ഇ.ഒ.- 1 | 15 | 12 | 126544665 | 10476109 | 8.28 |
| വി.ഇ.ഒ.-2 | 10 | 8 | 142211100 | 20073200 | 14.12 |
| ഹെഡ്മാസ്റ്റർ | 9 | 5 | 2190962 | 1451112 | 66.23 |
| ആകെ | 225 | 151 | 36,81,05,084 | 7,93,44,459 | 21.55 |

ബ്ലോക്ക്, ജില്ലാപഞ്ചായത്ത് വിഹിതങ്ങൾ വകയിരുത്തിയ തുകയുടെ ചെറിയശതമാനം മാത്രം ലഭ്യമായതും വർഷാന്ത്യം ട്രഷറിയിൽ സമർപ്പിക്കപ്പെട്ട ബില്ലുകൾ ക്യൂലിസ്റ്റിലായതുമാണ് ചെലവ് ശതമാനം കുറഞ്ഞു പോകാനിടയായത്. വിവിധ വിഭവസ്രോതസ്സുകളിൽ നിന്നുള്ള വകയിരുത്തലിന്റെ അടിസ്ഥാനത്തിൽ പദ്ധതിചെലവ് 21.55 % മാത്രമാണ്. വർഷാന്ത്യം ട്രഷറിയിൽ സമർപ്പിക്കപ്പെട്ട നൂറിലധികം ബില്ലുകൾ ട്രഷറിനിയന്ത്രണംമൂലം ക്യൂലിസ്റ്റിലായതുകാരണം ട്രഷറിയിൽ പാസ്സാകാതെ വന്ന ബില്ലുകളുടെ മൂല്യം ഒരുകോടിയിലധികം രൂപയായിരുന്നു. ബ്ലോക്ക്, ജില്ലാപഞ്ചായത്ത് വിഹിതങ്ങൾ ലഭിക്കാതെവന്നതും വിവിധ വിഭവസ്രോതസ്സുകളിൽ വകയിരുത്തിയ തുകയ്ക്കാനുപാതികമായി ചെലവു നടക്കാതെവന്നതുമെല്ലാം ചെലവ് ശതമാനം കുറഞ്ഞു പോകാൻ കാരണമായിട്ടുണ്ട്.

<u>വിനിയോഗലക്ഷ്യം കൈവരിച്ചില്ല. 1.41 കോടിയിലധികം രൂപ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ടു.</u>

വിവിധ കാരണങ്ങളാൽ പ്രോജക്ടുകൾ നടപ്പാക്കാതിരുന്നതും നടപ്പാക്കിയവയുടെ പേമെന്റ്ബില്ലുകൾ ക്യൂലിസ്റ്റിലായതും കാരണം 1.41 കോടിയിലധികം രൂപ ചെലവഴിക്കാനായില്ല. ഇപ്രകാരം വിനിയോഗലക്ഷ്യംകൈവരിക്കാതെ നഷ്ടമായ സർക്കാർഗ്രാന്റുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | തിരികെ എടുക്കപ്പെട്ടത് |
|---|---|
| വികസനഫണ്ട് ജനറൽ | 41,12,053/- |
| വികസനഫണ്ട് .എസ്.സി.പി. | 33,98,138/- |
| സംരക്ഷണഗ്രാന്റ് റോഡ് | 48,99,712/- |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 16,93,562/- |
| **ആകെ തുക** | **1,41,03,465/-** |

ഭേദഗതി കൂടാതെ തുടരുന്ന സ്പിൽ ഓവർ പ്രോജക്ടുകൾക്കുള്ള ക്യാരി ഓവർ വിഹിതം തുടർന്ന് സർക്കാരിൽ നിന്നും ലഭിക്കാത്തതിനാൽ മേൽ തുക ഗ്രാമപഞ്ചായത്തിന് ആത്യന്തികമായി നഷ്ടമായി. പദ്ധതി രൂപീകരണ ,നിർവ്വഹണനടപടികൾ സമയബന്ധിതമായി പൂർത്തീകരിച്ച് വികസനപദ്ധതികൾക്കായി ലഭ്യമാകുന്ന സർക്കാർ ധനസഹായം പരമാവധി വിനിയോഗിക്കുന്നതിനുള്ള നടപടികൾ തുടർവർഷങ്ങളിൽ സ്വീകരിക്കേണ്ടതാണ്.

**<u>വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം</u> :**

14-ാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ അനുസരിച്ച് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സ്ഥാപനതലത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന അംഗം അദ്ധ്യക്ഷനായി വിവിധ വിഷയമേഖലകൾക്കായി പ്രത്യേക വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കേണ്ടതും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിയന്ത്രണത്തിലും മേൽനോട്ടത്തിലും പ്രവർത്തിക്കേണ്ടതുമാണ്. സ്റ്റാറ്റസ് റിപ്പോർട്ടും കരട് പദ്ധതി നിർദ്ദേശങ്ങളും തയ്യാറാക്കുകയും സമർപ്പിക്കുകയും ചെയ്യുക, പ്രോജക്ടുകളുടെ നിർവ്വഹണം മോണിറ്റർ ചെയ്യുക എന്നിവയാണ് വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രധാന ചുമതലകൾ. നടപ്പിലാക്കുന്ന പ്രോജക്ടുകൾ

ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഗ്രാപഞ്ചായത്തിന്റെ വാർഷികപദ്ധതിപ്രകാരം വിവിധ വികസനമേഖലകളിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ നിർവ്വഹണം ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ ഇപ്രകാരം മേൽനിരീക്ഷണം നടത്തിയതായി കാണുന്നില്ല. പദ്ധതികളുടെ പൂർത്തീകരണം സംബന്ധിച്ച് അവലോകന റിപ്പോർട്ടും സമർപ്പിച്ചിട്ടില്ല. വിവിധ വികസനമേഖലകളിലായി ആവിഷ്കരിച്ച പല പ്രോജക്ടുകളും ലക്ഷ്യം കൈവരിച്ചിട്ടില്ലാത്തത് ഇപ്രകാരമുള്ള മേൽനിരീക്ഷണത്തിന്റേയും തുടർനടപടികളുടേയും അഭാവം മൂലമാണ്. പദ്ധതിനിർവ്വഹണത്തിലും മോണിറ്ററിംഗിലും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി, നിർവ്വഹണോദ്യോഗസ്ഥൻ എന്നിവരുടെ പ്രവർത്തനങ്ങളും കാര്യക്ഷമമായ ഇടപെടലുകളും ഉണ്ടാകേണ്ടതാണ്.

വാർഷികപദ്ധതി വിലയിരുത്തൽ

വിവിധ തോടുകളുടെ ആഴംകൂട്ടലിനായി ചെറുകിട ജലസേചനവകുപ്പ് ലഭ്യമാക്കിയ എസ്റ്റിമേറ്റനുസരിച്ച് 66 ലക്ഷത്തിലധികം രൂപ സ്ഥാപനത്തിന് കൈമാറിനൽകിയെങ്കിലും പദ്ധതികൾ നടപ്പായിട്ടില്ല. പ്രവൃത്തി നടപ്പായിട്ടില്ലാത്തതിനാൽ വിവിധ വാർഡുകളിലെ സ്ട്രീറ്റ്ലൈൻ ദീർഘിപ്പിക്കലിനായി കെഎസ്ഇബിയ്ക്ക് കൈമാറിയ തുകയും ചെലവഴിക്കാതെ സ്ഥാപനത്തിന്റെ അക്കൗണ്ടിൽ അവശേഷിക്കുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങളുടെ സംസ്കരണം ലക്ഷ്യമിട്ട് വാങ്ങിയ ബെയ് ലിംഗ് മെഷീൻ നാളിതുവരെ പ്രവർത്തനസജ്ജമാക്കിയിട്ടില്ല.

## 1-6 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിലെ 17 വാർഡുകളിലെയും തൊഴിലാളികളെ ഉൾപ്പെടുത്തി തൊഴിലുറപ്പ് പദ്ധതിയുടെ 2023-24 വർഷത്തെ ലേബർ ഗ്രാമസഭ കൂടുകയും 17 വാർഡുകളിലും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2023-24 വർഷം പുതുതായി 21 കുടുംബങ്ങൾക്ക് തൊഴിൽ കാർഡ് നൽകി. ലേബർ ബജറ്റ് പ്രകാരം ആകെ 1540 പദ്ധതികൾ വിഭാവനം ചെയ്തതിൽ 370 പ്രോജക്ടുകൾക്ക് സാങ്കേതിക അനുമതി ലഭിക്കുകയും 350 പ്രോജക്ടുകൾ പൂർത്തീകരിക്കുകയും ചെയ്തു. 204340 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 2452 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. കംപോസ്റ്റ് പിറ്റ് നിർമ്മാണം,വാച്ചാൽ പുനരുദ്ധാരണം പാർശ്വഭിത്തിനിർമ്മാണം,തോട് ആഴംകൂട്ടൽ,ലൈഫ് ഭവനനിർമ്മാണം,കോഴിക്കൂട് നിർമ്മാണം മുതലായ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പാക്കിയത്. ധനകാര്യ പത്രിക പ്രകാരമുള്ള 2023-24 വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0.36 | 1513317 | 1513317.36 | 1511379 | 1938.36 |
| തൊഴിലാളികൾക്ക് നേരിട്ടു നൽകിയത് | 0 | 78915653 | 78915653 | 78915653 | |
| ആകെ | 0.36 | 80428970 | 80428970.36 | 80427032 | 1938.36 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 71,43,200 | 716 |
| വിധവാപെൻഷൻ | 92,13,900 | 977 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 2,43,54,500 | 2924 |
| വികലാംഗപെൻഷൻ | 36,54,900 | 359 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിത പെൻഷൻ | 8,59,600 | 85 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.07.2024 ന് 3.20 പി എം ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 7007/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. ഓഡിറ്റ് വർഷം ILGMS സോഫ്റ്റ് വെയർ വഴിയാണ് സാമ്പത്തിക വിനിമയങ്ങൾ നടത്തിയിട്ടുള്ളത്. ഡേ ബുക്ക്, കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. രസീത് ബുക്കുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നുണ്ട്. വരവിനങ്ങളുടെ രജിസ്റ്റർ പരിപാലിക്കുന്നതിൽ അപാകതകളുണ്ട്. വിവിധ വരവിനങ്ങളുടെ ഡിസിബി പത്രികകൾ കൃത്യമായി തയ്യാറാക്കി സാക്ഷ്യപ്പെടുത്താത്തതിനാൽ ആയവ വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുത്താൻ സാധിക്കുന്നില്ല. നിർവ്വഹണോദ്യോഗസ്ഥരുടെ ഫയൽ സൂക്ഷിപ്പ് മികച്ച നിലവാരം പുലർത്തുന്നു. ബാങ്ക് റീകൺസിലിയേഷൻ പത്രിക കൃത്യമായി തയ്യാറാക്കാത്തത് അപാകതയായി ഓഡിറ്റ് വിലയിരുത്തുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനംഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.05.2017-08.06.2018 | 2012-13 മുതൽ 2016-17 വരെ | LBA(HE)11/8A-2637/17/18/125 |
| പെർഫോർമൻസ് ഓഡിറ്റ് | 24.06.2022 | 21-22 | ലഭ്യമായില്ല |

## 1-11 ചെക്കുകൾ സമയബന്ധിതമായി കളക്ഷനാകുന്നില്ല.

2024 മാർച്ച് മാസത്തെ SBI Own Fund അക്കൗണ്ടിന്റെ (67393217247) റീകൺസിലിയേഷൻ പത്രിക പ്രകാരം താഴെപ്പറയുന്ന ചെക്കുകൾ കളക്ഷനാകാത്തതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | രസീത് നം/തീയതി | ചെക്ക് നമ്പർ/തീയതി | തുക |
|---|---|---|---|
| 1 | 12100012001/31.03.2022 | ലഭ്യമല്ല | 3000 |
| 2 | 1220103501/13.03.2023 | 313054/13.03.2023 | 6684 |
| 3 | 1220102626/11.01.2023 | 393221/29.10.2022 | 1429 |
| 4 | 1220102625/11.01.2023 | 393229/02.11.2022 | 446 |
| 5 | 1230403675/31.03.2024 | 13390/18.03.2023 | 4812 |

ചെക്കുകൾ സമയബന്ധിതമായി കളക്ഷനാകാത്തതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (43/30.07.24) ലഭ്യമാക്കിയ മറുപടിയിൽ ചെക്കുകൾ കളക്ഷനാകാത്തത് സംബന്ധിച്ച് പരിശോധന നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചു. തുടർനടപടികളുടെ വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. കൂടാതെ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് വരവാകേണ്ടുന്ന ചെക്കുകൾ സമയബന്ധിതമായി ക്രെഡിറ്റാകുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ ക്രമ നം. 3, 5 പ്രകാരമുള്ള ചെക്കുകളുടെ കൃത്യത ഉറപ്പ് വരുത്തേണ്ടതും പഞ്ചായത്തിന് ധനനഷ്ടം ഉണ്ടാകുന്നില്ലായെന്ന് ഉറപ്പ് വരുത്തി വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

**1-12 2023-24 ൽ നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്ക് ബാധകമായിട്ടില്ല**

22/03/2023 ലെ സ.ഉ.(കൈ) നം.77/2023/LSGD ഉത്തരവ് പ്രകാരം 01/04/2023 പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്കരണ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചു. 31/03/2023 വരെ നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങൾക്ക് തുടർവർഷം 5% വർദ്ധനവും 01/04/2023 മുതലുള്ള നികുതി നിർണ്ണയത്തിന് പുതിയ നിരക്കുമാണ് സർക്കാർ നിർദ്ദേശിച്ചത്. 05/04/2023 ലെ സ.ഉ.(അച്ചടി) നം.25/2023/LSGD നം. ഉത്തരവിലെ നിരക്കുകൾ പ്രകാരം പഞ്ചായത്ത് ഭരണസമിതി 15/05/2023ലെ 5(1) നം. തീരുമാനത്തിൽ പുതുക്കിയ നികുതി നിരക്കുകൾ അംഗീകരിച്ചു. എന്നാൽ 2023-24 ലെ സപ്ലിമെന്ററി അസസ്മെന്റ് ഡാറ്റാബേസ് പരിശോധിച്ചതിൽ നിന്നും 01/04/2023 ന് ശേഷം നികുതി നിർണ്ണയിക്കപ്പെട്ട ചില കെട്ടിടങ്ങൾക്ക് പുതിയ നിരക്കിൽ നികുതി നിർണ്ണയിച്ചിട്ടില്ലയെന്ന് കാണുന്നു. ഉദാഹരണമായി പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന് നിലവിലുണ്ടായിരുന്ന 6 രൂപയിൽ നിന്ന് 8 രൂപ നിരക്കിൽ പുതുക്കിയ നികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ടെങ്കിലും 06.05.2023 തീയതിയിൽ വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ള ശ്രീ. ഷൈൻ ആൻഡ് സുജാമോൾ എന്നിവരുടെ ഉടമസ്ഥതയിലുള്ള 17/328 A നമ്പർ കെട്ടിടത്തിന് 6 രൂപ നിരക്കിൽ തന്നെ നികുതി നിർണ്ണയിച്ചിട്ടുള്ളതായാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഇപ്രകാരം 01/04/2023 ന ശേഷം നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾക്ക് പഴയ നികുതി നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നതിന് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. 27/29-07-2024) നൽകിയതിന് മറുപടി ലഭ്യമായില്ല. ഈ വിഷയത്തിലുള്ള സോഫ്റ്റ്‌വെയർ അപാകത IKM ആയി ബന്ധപ്പെട്ട് അടിയന്തിരമായി പരിഹരിച്ച് നികുതി നിരക്ക് കൃത്യമാക്കേണ്ടതും കുറവുവന്ന നികുതി 2023-24 ലെ കുടിശിക ഡിമാന്റായി അക്കൗണ്ട് ചെയ്യേണ്ടതും ഈടാക്കി വിശദാംശം ഓഡിറ്റിനെ രേഖാമൂലം അറിയിക്കേണ്ടതുമാണ്.

**1-13 തറ വിസ്തീർണ്ണം, ഉപയോഗക്രമം എന്നിവയിൽ മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ വിവരശേഖരണം - തുടർ നടപടികളില്ല**

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ വ്യവസ്ഥകൾക്കുവിധേയമായി ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ ഏതെങ്കിലും ഘടകത്തിന്റെ കാര്യത്തിലോ ഘടകത്തിന്റെ തരത്തിന്റെ കാര്യത്തിലോ കെട്ടിട ഉടമ വരുത്തിയതോ അല്ലെങ്കിൽ സ്വയം സംഭവിച്ചതോ ആയ മാറ്റങ്ങളുടെ വിവരങ്ങൾ രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമകൾക്ക് പിഴ ഒഴിവാക്കി വിവരം നൽകുന്നതിന് സ.ഉ.(കൈ) 77/2023/തസ്വഭവ തീയതി 22.3.2023 പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. കൂടാതെ, കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ വിവരം ഫീൽഡ് പരിശോധന നടത്തി സഞ്ചയ സോഫ്റ്റ്‌വെയറിൽ ചേർക്കുന്നതിലേയ്ക്കായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ.ടി.ഐ ഡ്രാഫ്റ്റ്സ്മാന് സിവിൽ, ഐ.ടി.ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യത ഉള്ളവരെ നിയോഗിക്കുന്നതിനും അതത് തദ്ദേശ സ്വയംഭരണ സ്ഥാപന തീരുമാനത്തിന് വിധേയമായി ഒരു കെട്ടിടനമ്പരിന് പരമാവധി 30/-രൂപ വീതം തനതുഫണ്ടിൽ നിന്ന് വിനിയോഗിക്കുന്നതിനും സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ ഉദയനാപുരം പഞ്ചായത്തിൽ

ഇതുവരെയും ഫീൽഡ് പരിശോധന നടത്തിയിട്ടില്ല. നികുതി പുനർ നിർണയിക്കുന്നതിനാവശ്യമായ പരിശോധനകൾ 30.06.2023ന് മുൻപായി പൂർത്തിയാക്കി തറ വിസ്തീർണ്ണം, ഉപയോഗക്രമം എന്നിവയിൽ മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ വസ്തുനികുതി ടി പ്രക്രിയയുടെ ഭാഗമായി ശേഖരിച്ച വിവരങ്ങളെ ആധാരമാക്കി സഞ്ചയ സോഫ്റ്റ്‌വെയറിൽ പുതുക്കി നിശ്ചയിക്കേണ്ടതായിരുന്നു. നിലവിലും ഫീൽഡ് പരിശോധന ആരംഭിച്ചിട്ടില്ലാത്തതിനാൽ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ലെന്ന് വ്യക്തമാണ്.

ഇതു സംബന്ധിച്ച് നൽകിയ (22/29.07.2024) നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങളുടെ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിൽനിന്ന് ലഭിക്കുന്ന തുടർ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 ഒരേ കെട്ടിടത്തിന്റെ മുറികൾക്ക് വ്യത്യസ്ത നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം

പഞ്ചായത്തിലെ സഞ്ചയ വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിലെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം സംഭവിച്ചതായി കാണുന്നു. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4 -ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. പഞ്ചായത്തിൽ ശ്രീ. ജോർജ് ജോസഫ്, പുത്തൻചിറ എന്നയാളുടെ ഉടമസ്ഥതയിൽ ഉദയനാപുരം വില്ലേജിൽ സർവേ നമ്പർ 113/9-3-1 ലുള്ള കെട്ടിടത്തിലെ കടമുറികൾക്ക് 11/332 B,C,D,E,G,H,I എന്നീ നമ്പറുകൾ നൽകി നികുതി നിശ്ചയിച്ചിട്ടുണ്ട്. കെട്ടിടത്തിന് ആകെ 206.43 ച.മീ. വിസ്തൃതിയുണ്ട്.

ഒരേ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനായി മാത്രം ഉപയോഗിക്കുന്ന 100 ച.മീ.ൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ഗ്രാമ പഞ്ചായത്തിലെ വിജ്ഞാപന പ്രകാരം 60 രൂപ നിരക്കിലാണ് നികുതി നിർണ്ണയിക്കേണ്ടത് (കെട്ടിടത്തിന്റെ വസ്തുനികുതി അസസ്സ്മെന്റ് 2023 ഏപ്രിൽ 1 ന് മുൻപായതിനാൽ പഴയ നിരക്കിലുള്ള നികുതിയാണ് ബാധകമായിട്ടുള്ളത്). എന്നാൽ മേൽ കെട്ടിടത്തിലെ 11/332 D നമ്പർ കടമുറി മാത്രം 'വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിൽ വരെ വിസ്തീർണ്ണമുള്ള ഷോപ്പുകൾ' എന്ന ഗണത്തിൽ ഉൾപ്പെടുത്തി കുറഞ്ഞ നിരക്കിലാണ് (50/ച.മീ.) നികുതി നിർണയിച്ചിട്ടുള്ളത്. വസ്തുനികുതി ഇപ്രകാരം കണക്കാക്കിയതു മൂലം നഷ്ടം വന്നതായി കാണുന്നു. വിശദാംശം ചുവടെ.

കെട്ടിടത്തിന്റെ ആകെ വിസ്തൃതി = 206.43 ച.മീ.

11/332 D നമ്പർ കടമുറിയുടെ വിസ്തൃതി = 33.27 ച.മീ.

നിലവിൽ ഈടാക്കുന്ന വസ്തു നികുതി (ഇളവുകൾക്കും വർദ്ധനവുകൾക്കും ശേഷം, 50 രൂപ/ ച.മി) = 2097/-

നിർണ്ണയിക്കേണ്ട വസ്തു നികുതി

അടിസ്ഥാന വസ്തു നികുതി = 33.27 X 60 = 1996/-

വർദ്ധനവ് (വഴി സൗകര്യം-20%,വാർഷിക വർദ്ധനവ് -5%) = 499/-

ആകെ = 2495/-

വസ്തുനികുതി നിർണയിച്ചതിലുള്ള കുറവ് ( സെസ്, സർവ്വീസ് ചാർജ്ജ് ഉൾപ്പെടുത്താതെ)
= 2495 - 2097 = 398/-രൂപ

വസ്തുനികുതി കുറവായി ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നമ്പർ 21/29.07.2024) മറുപടി ലഭ്യമാക്കിയില്ല. ടി കെട്ടിടത്തിന്റെ സ്ഥലപരിശോധന നടത്തി നികുതി പുനർനിർണയിച്ച് കുടിശ്ശിക സഹിതം വസ്തു നികുതി ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

**1-15 സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖലയുടെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയിരിക്കുന്നു**

വസ്തു നികുതി നിർണ്ണയിക്കുന്നതിനായി 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 1 പ്രകാരം ഗ്രാമ പഞ്ചായത്തിനെ പ്രഥമം, ദ്വിതീയം (കെട്ടിടങ്ങൾക്ക് 10 % നികുതി ഇളവ്), തൃതീയം (കെട്ടിടങ്ങൾക്ക് 20 % നികുതി ഇളവ്) എന്നീ മേഖലകളായി തരം തിരിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയം സംബന്ധിച്ച രേഖകളും സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകളും പരിശോധിച്ചതിൽ സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ഉടമയുടെ പേര് | വില്ലേജ്/സർവേ നം. | കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീ ) | മേഖല |
|---|---|---|---|---|
| സഹായികുമാർ ഇടക്കാട്ടിൽ | 116/9-4 വടക്കേമുറി | 1/388 A | 80.24 | ദ്വിതീയം |
| | 116/9-4-1 വടക്കേമുറി | 1/388 B | 169.96 | പ്രഥമം |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/29.07.24) മറുപടി ലഭ്യമായില്ല. തുടർ നടപടികളുടെ വിവരമറിയിക്കേണ്ടതാണ്. മറ്റു കെട്ടിടങ്ങളുടെ അസസ്സ്മെന്റിലും ഇതേ അപാകത സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകത മൂലം നികുതിയിനത്തിൽ തനതു ഫണ്ടിന് നഷ്ടം സംഭവിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

**1-16 ഒരേ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള പാർപ്പിടാവശ്യത്തിനുള്ള 2 കെട്ടിടങ്ങൾക്ക് നികുതിയിളവ് നൽകി**

1994 കേരള പഞ്ചായത്ത് രാജ് ആക്ട് 207 വകുപ്പ് പ്രകാരം ആരാധനാലയങ്ങൾ, ഹയർ സെക്കന്ററി തലം വരെയുള്ള വിദ്യാലയങ്ങളും അനുബന്ധ ഹോസ്റ്റലുകളും, സൗജന്യ ചികിത്സ ലഭിക്കുന്ന ആതുരാലയങ്ങൾ, അഗതി മന്ദിരങ്ങൾ, വായന ശാലകൾ, പ്രാചീന സ്മാരകങ്ങൾ, ശവം അടക്കുകയോ ദഹിപ്പിക്കുകയോ ചെയ്യുന്ന സ്ഥലങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വക കെട്ടിടങ്ങൾ, അറുപത് ച.മീ കുറവുള്ള വാസ ഗൃഹങ്ങൾ, സർക്കാർ ക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി സൗജന്യമായി നിർമ്മിച്ച് കൊടുത്തിട്ടുള്ള വാസഗൃഹങ്ങൾ എന്നീ ഇനങ്ങളിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്കാണ് വസ്തു നികുതി ഇളവിന് അർഹതയുള്ളത്. 16.12.2015 ലെ സ.ഉ.(എം.എസ്)നം.358/15/ത.സ്വ.ഭ.വ പ്രകാരം കുടുംബനാഥന്റെ സ്വന്തം ആവശ്യത്തിനുള്ള ഒരു വാസഗൃഹത്തിനു മാത്രമായി നികുതി ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ ഒരേ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള രണ്ട് വാസഗൃഹങ്ങളെ 'നികുതി, ഉപ നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ' എന്ന ഗണത്തിൽ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നു . വിശദാംശം ചുവടെ.

| ക്രമ നം. | കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീ) | ഉപയോഗക്രമം | ഉടമസ്ഥൻ |
|---|---|---|---|---|
| 1 | 4/367 | 51.04 | പാർപ്പിടാവശ്യം | രാജു |

| | | | | |
|---|---|---|---|---|
| 2 | 4/367 B | 45 | | ബ്ളാവിൽ |

വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം. 24/29.07.2024) മറുപടി ലഭ്യമായില്ല. ഇതു സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-17 സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയിരിക്കുന്നു**

വസ്തു നികുതി നിർണ്ണയിക്കുന്നതിനായി 2011 ലെ കേരള പഞ്ചായത്ത് രാജ് പട്ടിക 2 പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ (20 % നികുതി വർദ്ധനവ്), 1.5 മീറ്ററോ അതിൽ കുറവോ വഴി സൗകര്യമുള്ള കെട്ടിടങ്ങൾ (10 % നികുതി ഇളവ്) പൊതു വഴി സൗകര്യം ഇല്ലാത്ത കെട്ടിടങ്ങൾ (20 % നികുതി ഇളവ്) എന്നും തരം തിരിച്ചിട്ടുണ്ട്. 1.5 മീറ്റർ മുതൽ 5 മീറ്റർ വരെ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് നികുതി വർദ്ധനവോ ഇളവോ ഇല്ല. ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയം സംബന്ധിച്ച രേഖകളും സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകളും പരിശോധിച്ചതിൽ സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല അടിസ്ഥാനത്തിലും വ്യത്യസ്ത വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലും വസ്തു നികുതി നിർണ്ണയം നടത്തിയതായി കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ഉടമയുടെ പേര് | സർവ്വേ നം./വില്ലേജ് | കെട്ടിട നമ്പർ | വഴി സൗകര്യം |
|---|---|---|---|
| ബിനുരാജ് ആലുംതറ | 116/1A-1-1 വടക്കേമുറി | 1/186 | 1.5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശനം |
| | | 1/186 A | 1.5 മീറ്ററിൽ കുറവ് വീതിയുള്ള റോഡിൽ നിന്ന് പ്രവേശനം |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26/29.07.2024) മറുപടി ലഭ്യമായില്ല. തുടർ നടപടികളുടെ വിവരമറിയിക്കേണ്ടതാണ്. മറ്റു കെട്ടിടങ്ങളുടെ അസസ്സ്മെന്റിലും ഇതേ അപാകത സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകത മൂലം നികുതിയിനത്തിൽ തനതു ഫണ്ടിന് നഷ്ടം സംഭവിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

**1-18 കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ നിർമ്മിച്ച കെട്ടിടത്തിന് ഒക്യുപൻസി അനുവദിച്ചു**

വൈക്കം താലൂക്ക്, വടക്കേമുറി വില്ലേജ്, സർവേ നമ്പർ 81/3-14 ലുള്ള പ്ലോട്ടിൽ വാണിജ്യ - പാർപ്പിട ആവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീ. അസീസ് കെ എ, കെ എ മൻസിൽ എന്നയാൾക്ക് 13.01.2022 ൽ A4-5256/2020 നമ്പരായി കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചിരുന്നു. 202 ച.മീ. വിസ്തീർണ്ണമുള്ള പ്ലോട്ടിൽ 226.42 ച.മീ. വിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിക്കുന്നതിനായാണ് പെർമിറ്റ് അനുവദിച്ചത്. കെട്ടിട നിർമ്മാണം പൂർത്തിയായതിനെത്തുടർന്ന് ടിയാൻ നമ്പറിങ്ങിനായി കംപ്ലീഷൻ പ്ലാൻ സഹിതം അപേക്ഷ സമർപ്പിക്കുകയും തുടർന്ന് 31.10.2023 ൽ 14/445 C, D, E, F എന്നീ കെട്ടിട നമ്പറുകൾ അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. കംപ്ലീഷൻ പ്ലാൻ, അനുബന്ധ രേഖകൾ, സൈറ്റിൽ നടത്തിയ ഭൗതിക പരിശോധന എന്നിവയുടെ അടിസ്ഥാനത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. മതിയായ പാർക്കിങ് സൗകര്യമില്ല

മേൽ കെട്ടിടത്തിന് കേരള പഞ്ചായത്ത് ബിൽഡിങ് റൂൾ, ചട്ടം 29 പ്രകാരം 2 കാർ പാർക്കിങ് സ്പേസ് ആവശ്യമാണ്. കെട്ടിടത്തിന്റെ മുൻ ഭാഗത്ത് യാർഡിൽ ഒരു കാർ പാർക്കിങ്ങിനുള്ള സൗകര്യം ലഭ്യമാണ്. പ്ലാൻ പ്രകാരം രണ്ടാമത്തെ കാർ പാർക്കിങ്ങിനുള്ള സ്ഥലം ലഭ്യമാക്കിയിരിക്കുന്നത് കെട്ടിടത്തിന്റെ റിയർ യാർഡിലാണ് . KPBR 2019 ചട്ടം 29(4)(i) പ്രകാരം തെരുവ് വിട്ടുള്ള പാർക്കിങ് സ്ഥലത്തേക്കുള്ള പാതയ്ക്ക് 3 മീറ്ററിൽ കുറയാത്ത വീതി ഉണ്ടാവേണ്ടതും ഗതാഗത യോഗ്യവുമായിരിക്കണം. എന്നാൽ റിയർ യാർഡ് പാർക്കിങ്ങിലേക്കുള്ള പ്രവേശന മാർഗ്ഗമായി പ്ലാനിൽ കാണിച്ചിട്ടുള്ള സൈഡ് യാർഡിന് 3 മീറ്റർ വീതി ലഭ്യമല്ല. സൈറ്റ് പ്ലാൻ പ്രകാരം സൈഡ് യാർഡിൽ ലഭ്യമായിട്ടുള്ള പരമാവധി വീതി 2.10 മീറ്റർ മാത്രമാണ്. കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ വലത് പാർശ്വത്തിൽ ലഭ്യമായ പരമാവധി വീതി 1 മീറ്ററാണ്. ആയതിനാൽ കെട്ടിടത്തിന്റെ ഇരു വശങ്ങളിലും ഡ്രൈവ് വേയ്ക്ക് ആവശ്യമായ 3 മീറ്റർ വീതി ലഭ്യമല്ല. കൂടാതെ പാർക്കിങ്ങിനായി പ്ലാനിൽ രേഖപ്പെടുത്തിയ സ്ഥലത്ത് നിലവിൽ കിണർ സ്ഥിതി ചെയ്യുന്നതായാണ് കണ്ടത്. ആയതിനാൽ കെട്ടിടത്തിന് 2 കാർ പാർക്കിങ്ങിനുള്ള പാർക്കിങ് സ്പേസ് ആവശ്യമുണ്ടെങ്കിലും നിലവിൽ കെട്ടിടം സ്ഥിതി ചെയ്യുന്ന പ്ലോട്ടിൽ ഒരു കാർ പാർക്കിങ്ങിനുള്ള സ്ഥലം മാത്രമാണ് ലഭ്യമായിട്ടുള്ളത്.




2. വരാന്ത ഭാഗം പെർമിറ്റ്, വസ്തുനികുതി നിർണയത്തിനായി പരിഗണിച്ചില്ല

കെട്ടിടത്തിന്റെ ഫസ്റ്റ് ഫ്ലോറിൽ വശങ്ങളിൽ കൈവരികളോട് കൂടിയ വരാന്ത നിർമ്മിച്ചിട്ടുണ്ട്. വരാന്തയ്ക്ക് ഒരു മീറ്ററിലധികം വീതിയുള്ളതായാണ് കാണുന്നത്. വരാന്തയുടെ വിസ്തീർണ്ണം പ്ലാനിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ബിൽറ്റപ്പ് ഏരിയയിൽ ഉൾപ്പെടുത്തി പെർമിറ്റിനായി പരിഗണിച്ചിട്ടില്ല. ടി നിർമ്മിതിയുടെ വിസ്തീർണ്ണം കണക്കാക്കി ആയത് ക്രമവൽക്കരിക്കേണ്ടതും വസ്തുനികുതി നിർണ്ണയിക്കേണ്ടതുമാണ്.

3. ആവശ്യമായ സെറ്റ് ബാക്ക് ലഭ്യമല്ല

I) കെട്ടിടത്തിന്റെ ഫ്രണ്ട് യാർഡ്, അനധികൃതമായി ഷീറ്റ് ഉപയോഗിച്ച് അടവാക്കിയിരിക്കുന്നതിനാൽ നിലവിൽ കെട്ടിടത്തിന് റോഡിൽ നിന്നും ആവശ്യമായ 3 മീറ്റർ സെറ്റ് ബാക്ക് (KPBR ചട്ടം 26 (4), ടേബിൾ 4) ലഭ്യമല്ല. KPBR 2019, ചട്ടം 23 പ്രകാരം റോഡുകളോട് ചേർന്നിരിക്കുന്ന പ്ലോട്ടതിരിൽ നിന്നും 3 മീറ്ററിനുള്ളിൽ ചുറ്റുമതിൽ, വേലി എന്നിവയൊഴികെയുള്ള യാതൊരു നിർമ്മാണവും നടത്തുവാൻ പാടില്ലാത്തതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിലുള്ള സ്ഥലങ്ങളിൽ നിർമ്മിക്കുന്ന വാണിജ്യമോ വാസഗൃഹമോ തുടങ്ങി എപ്രകാരമുള്ള കെട്ടിടങ്ങളുടേതായാലും അവയ്ക്ക് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി ഒഴിച്ചിടേണ്ട തുറസ്സായ സ്ഥലം മുൻകൂർ അനുമതിയില്ലാതെ അനധികൃതമായി കെട്ടിയടച്ച് ഷെഡോ, മറ്റ് നിർമ്മാണങ്ങളോ നടത്തുന്നത് തദ്ദേശസ്ഥാപന സെക്രട്ടറിമാർ കർശനമായി വീക്ഷിക്കേണ്ടതാണെന്നും അത്തരം നിർമ്മാണങ്ങൾ തടയുന്നതിന് നടപടി സ്വീകരിക്കേണ്ടതാണെന്നും 20.06.2022-ലെ ആർ.ബി.3/178/2020-തസ്വഭവ നമ്പർ സർക്കുലറിലൂടെയും സർക്കാർ നിഷ്കർച്ചിട്ടുണ്ട്.

Ii) ഭൗതിക പരിശോധനയിൽ കെട്ടിടത്തിന്റെ ഇടത് വശത്ത് കെട്ടിടം നിൽക്കുന്ന പ്ലോട്ടതിരിനോട് ചേർന്ന് പ്രൈവറ്റ് റോഡ് ഉള്ളതായാണ് കണ്ടത്. എന്നാൽ ടി റോഡ് കംപ്ലീഷൻ പ്ലാനിൽ രേഖപ്പെടുത്താതെയാണ് നമ്പറിങ്ങിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ടി റോഡിൽ നിന്നും കെട്ടിടത്തിലേക്ക് KPBR 2019, ചട്ടം 23 ടേബിൾ 3 പ്രകാരമുള്ള 2 മീറ്റർ സെറ്റ് ബാക്ക് ആവശ്യമുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

കെട്ടിടത്തിന്റെ ഫസ്റ്റ് ഫ്ലോറിൽ വരാന്തയുള്ളതിനാൽ വരാന്തയുടെ എൻഡിൽ നിന്നും പ്ലോട്ടതിരിലേക്കുള്ള ദൂരം പരിഗണിക്കുമ്പോൾ കെട്ടിടത്തിന് ഇടതുവശത്ത് മതിയായ സെറ്റ് ബാക്ക് ഉള്ളതായി കാണുന്നില്ല. കെട്ടിട പരിശോധന നടത്തിയ സാങ്കേതിക വിഭാഗം ഓവർസിയർ, വരാന്തയുടെ എൻഡിൽ നിന്നും റോഡിനോട് ചേർന്നുള്ള പ്ലോട്ടതിരിലേക്കുള്ള ദൂരം സെറ്റ് ബാക്കിനായി പരിഗണിക്കേണ്ടതിനു പകരം കെട്ടിടത്തിന്റെ തറ നിരപ്പ് നിലയിൽ നിന്നും പ്ലോട്ടതിരിലേക്കുള്ള ദൂരമാണ് സെറ്റ് ബാക്കിനായി പരിഗണിച്ചിട്ടുള്ളത്.

മേൽ വിഷയങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.36/30.07.2024) മറുപടി ലഭ്യമായില്ല. കെട്ടിടത്തിൽ പരിശോധന നടത്തി വേണ്ട തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-19 സാങ്കേതിക വിഭാഗത്തിന്റെ പരിശോധന റിപ്പോർട്ട് മറികടന്ന് ഒക്കുപൻസി അനുവദിച്ചു**

വടക്കേമുറി വില്ലേജ്, സർവേ നമ്പർ 50/4-1-3 ലുള്ള പ്ലോട്ടിൽ പാർപ്പിട ആവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീ. സുമേഷ് എസ്, അറയ്ക്കൽ എന്നയാൾക്ക് 10.02.2022 ൽ A4-BA(50581)/2022 നമ്പരായി കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചിരുന്നു. 384 ച.മീ. വിസ്തീർണ്ണമുള്ള പ്ലോട്ടിൽ 119.88 ച.മീ. വിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിക്കുന്നതിനായാണ് പെർമിറ്റ് അനുവദിച്ചത്. കെട്ടിട നിർമ്മാണം പൂർത്തിയായതിനെത്തുടർന്ന് ടിയാൻ നമ്പറിങ്ങിനായി കംപ്ലീഷൻ പ്ലാൻ സഹിതം അപേക്ഷ സമർപ്പിക്കുകയും തുടർന്ന് സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർ നടത്തിയ പരിശോധനയിൽ കെട്ടിടത്തിന്റെ ഇടത് സൈഡിലും റിയർ സൈഡിലും കേരള പഞ്ചായത്ത് ബിൽഡിങ് റൂൾ 2019, ചട്ടം പ്രകാരമുള്ള സെറ്റ് ബാക്ക് ലഭ്യമല്ല എന്ന് 23.06.2023 ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ പ്ലോട്ടിൽ നിലവിൽ ലഭ്യമായ സെറ്റ് ബാക്കിന്റെ അളവ് സാങ്കേതിക വിഭാഗം പരിശോധനാ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടില്ല. KPBR 2019 ചട്ടം 26, ടേബിൾ 4 പ്രകാരം വാസഗൃഹങ്ങൾക്ക് റിയർ സൈഡിൽ 1.5 മീറ്റർ സെറ്റ്ബാക്കും പാർശ്വ വശങ്ങളിൽ കുറഞ്ഞത് 1 മീറ്റർ സെറ്റ്ബാക്കും ആവശ്യമാണ്. സാങ്കേതിക വിഭാഗത്തിൽ നിന്നുമുള്ള റിപ്പോർട്ടിനെത്തുടർന്ന് കെട്ടിട നിർമ്മാണത്തിലെ അപാകതകൾ പരിഹരിക്കണമെന്ന് കാണിച്ച് 04.07.2023 തീയതിയിൽ പഞ്ചായത്ത് സെക്രട്ടറി കെട്ടിട ഉടമയ്ക്ക് കത്ത് നൽകിയിട്ടുമുണ്ട്. പിന്നീട് ഇത് സംബന്ധിച്ച സാങ്കേതിക വിഭാഗത്തിൽ നിന്നും തുടർ പരിശോധനകൾ ഉണ്ടായതായി കാണുന്നില്ല. ILGMS സോഫ്റ്റ്‌വെയർ മുഖാന്തിരം ഇതുമായി ബന്ധപ്പെട്ട നോട്ട് ഫയൽ പരിശോധിച്ചപ്പോൾ 29.02.2024 തീയതിയിൽ അപാകതകൾ പരിഹരിച്ചതായി കാണിച്ച് അപേക്ഷകൻ കത്ത് നൽകുകയും തുടർന്ന് 05.03.2024 തീയതിയിൽ പഞ്ചായത്ത് സെക്രട്ടറി നേരിട്ട് പരിശോധന നടത്തി 13.03.2024 ൽ 16/106 A ആയി കെട്ടിട നമ്പർ അനുവദിക്കുകയും ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

എന്നാൽ സാങ്കേതിക വിഭാഗത്തിന്റെ മുൻ ശുപാർശ പരിഗണിക്കാതെയും തുടർ പരിശോധന കൂടാതെയുമാണ് സെക്രട്ടറി കെട്ടിട നമ്പർ അനുവദിച്ചു നൽകിയിട്ടുള്ളത്. മേൽ കെട്ടിടം കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കുന്നതാണോയെന്ന് സൂക്ഷ്മ പരിശോധന നടത്തിയതിന്റെ റിപ്പോർട്ട്, കെട്ടിട നമ്പർ അനുവദിക്കുന്നത് സംബന്ധിച്ച് സാങ്കേതിക വിഭാഗത്തിന്റെ വ്യക്തമായ ശുപാർശ എന്നിവയൊന്നും ഇല്ലാതെയാണ് ഒക്യുപൻസി അനുവദിച്ചിട്ടുള്ളത്. പ്രസ്തുത കെട്ടിടത്തിന്റെ സ്ട്രക്ച്ചറൽ സ്റ്റെബിലിറ്റി പരിശോധിക്കപ്പെട്ടിട്ടില്ല. ഭൂനിരപ്പിൽ നിന്നും 7 മീറ്റർ വരെ ഉയരമുള്ള വാസഗൃഹങ്ങളുടെ കാര്യത്തിൽ തെരുവിനോട് ചേർന്നുള്ള അതിര് ഒഴികെയുള്ള ഏതെങ്കിലും ഒരു പാർശ്വ വശം അല്ലെങ്കിൽ പുറക് വശം

അടുത്തുള്ള ഭൂവുടമയുടെ രേഖാമൂലമുള്ള സമ്മതത്തോടെ അതിരിനോട് ചേർന്ന് വരാവുന്നതാണ്. മേൽ കെട്ടിടത്തിന് റിയർ യാർഡിലും ലെഫ്റ്റ് സൈഡിലും ചട്ട പ്രകാരം ആവശ്യമായ സെറ്റ്ബാക്ക് ലഭ്യമല്ല. ആയതിനാൽ സമീപ ഭൂവുടമയുടെ സമ്മതത്തോടെ ഏതെങ്കിലുമൊരു ഭാഗത്തെ സെറ്റ്ബാക്ക് മാത്രമേ ക്രമവൽക്കരിക്കുവാൻ സാധിക്കൂ എന്നിരിക്കെ എന്ത് മാനദണ്ഡപ്രകാരമാണ് കെട്ടിടത്തിന് ഒക്യൂപൻസി അനുവദിച്ച് നൽകിയത് എന്നതിൽ വ്യക്തതയില്ല . കെട്ടിടത്തിനും അതിനു ചുറ്റും ചട്ടപ്രകാരം ആവശ്യമായ തുറസ്സായ സ്ഥലത്തിനും സുരക്ഷാകാരണങ്ങളാൽ വേണ്ടിവരുന്ന സ്ഥലത്തിനും ആവശ്യമായ വിസ്തൃതി ഉൾപ്പെടുത്തിയിട്ടുണ്ടെന്നുള്ളത് ഉറപ്പാക്കേണ്ടതാണെന്ന് 18.09.2021-ലെ സ.ഉ.(സാധാ)നം.1795/2021/ത.സ്വ.ഭ.വ. സർക്കുലറിലും നിഷ്കർഷിച്ചിട്ടുണ്ട്.

കംപ്ലീഷൻ പ്ലാനും അനുബന്ധ രേഖകളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കണ്ട മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

1. അപേക്ഷകൻ കംപ്ലീഷൻ പ്ലാനിനൊപ്പം സമർപ്പിച്ച കരമടച്ച രസീതിൽ 'നിലം' എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ടി രേഖപ്പെടുത്തൽ തിരുത്തി 'സ്വഭാവ വ്യതിയാനം നടത്തിയ പുരയിടം' എന്ന് എഴുതി ചേർത്തിരിക്കുകയാണ്. മേൽ പ്ലോട്ട് 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട് പ്രകാരം ഡേറ്റ ബാങ്കിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതാണോ എന്ന് പരിശോധിക്കുവാനാവശ്യമായ രേഖകൾ, നിലം സ്വഭാവ വ്യതിയാനം വരുത്തി പുരയിടമാക്കി മാറ്റിയ ആർ ഡി ഒ യുടെ ഉത്തരവിന്റെ പകർപ്പ് എന്നിവ ഫയലിൽ ലഭ്യമല്ല. ആയതിനാൽ പ്ലോട്ടിന്റെ തരം എപ്രകാരമാണെന്നുള്ളതിന്റെ ആധികാരികത ഉറപ്പിക്കുവാൻ സാധിക്കുന്നില്ല .

2. 2008 ലെ 'കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം' പ്രകാരം റെവന്യൂ രേഖകളിൽ 'നിലം' എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും എന്നാൽ ഡേറ്റ ബാങ്കിൽ നിന്ന് ഒഴിവാക്കപ്പെട്ടതുമായ ഭൂമിയിൽ പരമാവധി 120 ച.മീ. വിസ്തൃതിയുള്ള വാസഗൃഹം നിർമ്മിക്കുന്നതിന് മാത്രമാണ് അനുമതിയുള്ളത് (ചട്ടം 27 എ (6)). സഞ്ചയ പ്രകാരം കെട്ടിടത്തിന് 145.72 ച.മീ വിസ്തൃതിയുണ്ട്. മേൽ നിയമ പ്രകാരം നിർമ്മാണം നടന്ന പ്ലോട്ട് ഡേറ്റ ബാങ്കിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതാണോ എന്ന് പരിശോധിക്കുവാനാവശ്യമായ രേഖകൾ ലഭ്യമായില്ല. ഡേറ്റ ബാങ്കിൽ ഉൾപ്പെട്ട പ്ലോട്ടിലെ നിർമ്മാണം ചട്ട വിരുദ്ധമാണ്. ഡാറ്റ ബാങ്കിൽ നിന്നും ഒഴിവാക്കപ്പെട്ട പ്ലോട്ട് ആർ ഡി ഒ യുടെ ഉത്തരവ് പ്രകാരം സ്വഭാവ വ്യതിയാനം വരുത്തി പുരയിടമാക്കി മാറ്റിയെങ്കിൽ മാത്രമേ 120 ച.മീ.-ൽ കൂടുതൽ വിസ്തീർണ്ണമുള്ള വാസഗൃഹം നിർമ്മിക്കുവാൻ സാധിക്കൂ.

3. കെട്ടിടത്തിന് പെർമിറ്റ് ലഭ്യമാക്കുവാനായി സമർപ്പിച്ച പ്ലാനും അനുബന്ധ രേഖകളും പരിശോധനയ്ക്കായി ഹാജരാക്കിയില്ല.

ചട്ട പ്രകാരമല്ലാതെ കെട്ടിട നമ്പർ അനുവദിച്ചതിനും മറ്റ് അപാകതകൾക്കും വിശദീകരണം ലഭ്യമാക്കുന്നതിന് 16/29.07.2024 നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. സാങ്കേതിക വിഭാഗത്തിന്റെ പരിശോധനാ റിപ്പോർട്ടില്ലാതെ കെട്ടിട നമ്പർ അനുവദിച്ചത് തെറ്റായ നടപടിയാണ്. ആയതിന് വിശദീകരണവും മറ്റ് അപാകതകളിന്മേൽ സ്വീകരിക്കുന്ന തുടർ നടപടികളുടെ വിശദാംശവും ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-20 അനധികൃത നിർമ്മാണം ശ്രദ്ധയിൽപ്പെട്ടിട്ടും നടപടി സ്വീകരിച്ചില്ല

അയ്യപ്പ സമിതി, ഇരുമ്പുഴിക്കര എന്ന സംഘടനയ്ക്കായി ഉദയനാപുരം വില്ലേജ്, സർവേ നമ്പർ 142/31-2, 142/31-3 ലുള്ള പ്ലോട്ടിൽ പഞ്ചായത്തിൽ നിന്നുമുള്ള പെർമിറ്റ് ഇല്ലാതെ വാണിജ്യ കെട്ടിടം പണിയുകയും ആയത് ക്രമവൽക്കരിക്കുന്നതിനായി ശ്രീ. രാധാകൃഷ്ണൻ മുതൽ പേർ 15.11.2023 ൽ അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട് (ഫയൽ നം. SCI-611/2023). 202 ച.മീ. വിസ്തീർണ്ണമുള്ള പ്ലോട്ടിൽ113.76ച.മീ. ബിൽറ്റപ്പ് ഏരിയ ഉള്ള കെട്ടിടം നിർമ്മിച്ചിട്ടുള്ളതായാണ് കംപ്ലീഷൻ പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ളത്. കംപ്ലീഷൻ പ്ലാനും അനുബന്ധ രേഖകളും പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. നാനാടം - മനക്കൽ കലുങ്ക് റോഡ് ഫ്രണ്ടേജ് ആയാണ് കെട്ടിടം പണിതിട്ടുള്ളത്. ടി റോഡ് പി

ഡബ്ലിയു ഡി റോഡ് ആയതിനാൽ KPBR 2019 ചട്ടം 23 (2) ടേബിൾ 3 പ്രകാരം കെട്ടിടത്തിന് റോഡ് സൈഡിൽ നിന്നും 3 മീറ്റർ സെറ്റ് ബാക്ക് ആവശ്യമാണ്. കംപ്ലീഷൻ പ്ലാനിലെ രേഖപ്പെടുത്തലുകൾ പ്രകാരം കെട്ടിടത്തിന് ഫ്രണ്ട് യാർഡിലുള്ള ഏറ്റവും കൂടിയ വീതി 2.85 മീറ്ററും ഏറ്റവും കുറഞ്ഞ വീതി 2.20 മീറ്ററുമാണ്. കെട്ടിടത്തിന് ഫ്രണ്ട് യാർഡിൽ ചട്ട പ്രകാരം ആവശ്യമായ സെറ്റ് ബാക്ക് ലഭ്യമല്ല.

2. ചട്ട പ്രകാരം കെട്ടിടത്തിന് 2 കാർ പാർക്കിങ് സൗകര്യം ആവശ്യമാണ്. പാർക്കിങ് സൗകര്യം രേഖപ്പെടുത്തിയിരിക്കുന്നത് കെട്ടിടത്തിന്റെ ഇടത് പാർശ്വ ഭാഗത്താണ്. അസി. എൻജിനീയറുടെ റിപ്പോർട്ട് പ്രകാരം ഇടത് ഭാഗത്തുള്ള വീതി2.55 മീറ്റർ മാത്രമാണ്. കംപ്ലീഷൻ പ്ലാനിൽ പാർക്കിങ്ങിനായി ലഭ്യമാക്കിയ സ്ഥലത്ത് 3.30 മീറ്റർ വീതിയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. നിലവിൽ പാർക്കിങ്ങിനായി ലഭ്യമാക്കിയിട്ടുള്ള സ്ഥലത്ത് ചട്ട പ്രകാരം ആവശ്യമായ 3 മീറ്റർ ഡ്രൈവ് വേ ലഭ്യമല്ല (KPBR 2019 ചട്ടം 29-4(i)). രണ്ട് കാറുകൾക്ക് പാർക്കിംഗ് സ്ഥലത്തേക്ക് സുഗമമായി പ്രവേശിക്കുന്നതിനും തിരിച്ചിറങ്ങുന്നതിനുമുള്ള സൗകര്യം സൈറ്റിൽ ലഭ്യമല്ല .

3. KPBR 2019, ചട്ടം 26 (4) ടേബിൾ 4 പ്രകാരം കെട്ടിടത്തിന്റെ റിയർ യാർഡിൽ 1.5 മീറ്റർ സെറ്റ് ബാക്ക് ആണ് വേണ്ടത്. കെട്ടിടത്തിന്റെ റിയർ സൈഡിൽ ഗോവണിപ്പടി സ്ഥാപിച്ചിട്ടുള്ളതായാണ് പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഗോവണിപ്പടിയുടെ എൻഡിൽ നിന്നും 60 സെന്റിമീറ്റർ ദൂരം മാത്രമാണ് പ്ലോട്ടതിരിലേക്ക് ഉള്ളത്.

4. സൈറ്റിൽ ശുചീകരണ സൗകര്യങ്ങൾ (ചട്ടം 34.3), മഴവെള്ള സംഭരണി (ചട്ടം 76.2), മാലിന്യ സംസ്കരണം (ചട്ടം 79) എന്നിവ ലഭ്യമല്ലെന്ന് സൈറ്റ് ഇൻസ്പെക്ഷൻ നടത്തിയ സാങ്കേതിക വിഭാഗം അസി. എൻജിനീയർ 27.11.2023 തീയതിയിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ അപാകതകൾ പരിഹരിച്ച് ടി കെട്ടിടം ക്രമവൽക്കരിക്കുന്നത് സംബന്ധിച്ച് ഉടമയുടെ ഭാഗത്ത് നിന്നും തുടർ നടപടികൾ ഉണ്ടായതായി കാണുന്നില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235 AA പ്രകാരം ഒരു കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടാൽ ആയതിനെതിരെ സ്വീകരിക്കേണ്ട തുടർനടപടികൾക്ക് ഭംഗം വരാതെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന നികുതിയും അതിന്റെ രണ്ട് മടങ്ങും ചേർന്ന തുക കെട്ടിട ഉടമയിൽ നിന്നും ഈടാക്കേണ്ടതാണ്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന് അത് നിയമാനുസൃതമല്ലാത്ത നിർമ്മാണമാണെന്ന് സൂചിപ്പിക്കുന്ന 'യു എ' എന്നും അനധികൃത നിർമ്മാണത്തിന്റെ വർഷം ഏതെന്നും കണ്ടെത്തി അതും ചേർത്ത് കെട്ടിട നമ്പർ രേഖപ്പെടുത്തി നൽകേണ്ടതാണ്.

രേഖാമൂലമുള്ള ഒരു ഉത്തരവിലൂടെ സെക്രട്ടറി ക്രമവത്ക്കരണം അനുവദിക്കുകയോ നിരസിക്കുകയോ ചെയ്യേണ്ടതാണെന്നും നിർമ്മാണം ക്രമവത്ക്കരിച്ചുകൊണ്ട് അപ്പൻഡിക്സ്-G1-ൽ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണെന്നും വിശദാംശങ്ങൾ അപ്പൻഡിക്സ്-G2 വിലുള്ള ഫോറത്തിൽ രേഖപ്പെടുത്തി ഒരു സ്ഥിരം രേഖയായി സൂക്ഷിക്കേണ്ടതാണെന്നും കേരള പഞ്ചായത്ത് (കെട്ടിട നിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 95- ൽ നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടം അനധികൃതമായി നിർമ്മിച്ചതാണെന്ന് വ്യക്തമായിട്ടും കേരള പഞ്ചായത്ത് രാജ് നിയമം, കേരള പഞ്ചായത്ത് രാജ്(കെട്ടിടനിർമ്മാണ)ചട്ടങ്ങൾ, കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് തുടർനടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.40/30.07.2024) മറുപടി ലഭ്യമായില്ല. തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-21 <u>സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>**

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങൾ,

സഹകരണ സംഘങ്ങൾ എന്നിവയിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് ഈടാക്കേണ്ടതാണ്. ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ 2023-24 സാമ്പത്തിക വർഷം ഉദയനാപുരം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെപ്പറയുന്ന ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | വല്ലകം ക്ഷീരോത്പാദക സഹകരണ സംഘം | 1,2 |
| 2 | ഉദയനാപുരം സർവീസ് സഹ. ബാങ്ക് - 2 ശാഖകൾ | 1,2 |
| 3 | കാനറാ ബാങ്ക്, ഉദയനാപുരം | 1,2 |
| 4 | ക്രെഡിറ്റ് ആക്സസ് ഗ്രാമീൺ ലിമിറ്റഡ് | 1,2 |
| 5 | വല്ലകം വടക്കുംഭാഗം കയർ വ്യവസായ സഹ.സംഘം | 1,2 |
| 6 | പടിഞ്ഞാറേമുറി കയർ വ്യവസായ സഹ.സംഘം | 1,2 |

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് ഓഡിറ്റിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം. 18/29.07.2024) മറുപടിയായി മേൽ സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽനികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചു. സ്ഥാപന തൊഴിൽനികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ് .

**1-22 ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയില്ല**

2023-24 വർഷം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചിരുന്ന വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല എന്ന് കാണുന്നു. പഞ്ചായത്തിലെ സ്ഥാപനങ്ങളുടെ ലിസ്റ്റ്, ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ എന്നിവ പ്രകാരം ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാർ ജോലി ചെയ്യുന്ന സ്ഥാപനം | 2023-24 നികുതി ഒടുക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | മരിയ വുഡ് ഇൻഡസ്ട്രീസ് | 2 |
| 2 | ഡി.എസ്.എസ് മറൈൻ, നേരേകടവ് | 1 |
| 3 | വല്ലകം ക്ഷീരോത്പാദക സഹ. സംഘം | 1 |
| 4 | എഫ്.എച്ച്.സി, ഉദയനാപുരം | 2 |
| 5 | വല്ലകം വടക്കുംഭാഗം കയർ വ്യവസായ സഹ.സംഘം | 1,2 |
| 6 | പടിഞ്ഞാറേമുറി കയർ | 1,2 |

| | | |
|---|---|---|
| | വ്യവസായ സഹ.സംഘം | |

ജീവനക്കാരുടെ തൊഴിൽ നികുതി ഗ്രാമപഞ്ചായത്തിന് അതാത് സാമ്പത്തിക വർഷത്തെ വരുമാനം ആയതിനാൽ സമയബന്ധിതമായി നികുതി വരുമാനം ഒടുക്കാതിരിക്കുന്നത് തനത് വരുമാന നഷ്ടത്തിന് ഇടയാക്കുന്നതാണ്. തനത് നികുതി വരുമാനത്തിലുണ്ടായ കുറവിന് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (നം. 17/29.07.2024) മറുപടിയായി മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കാത്ത സ്ഥാപനങ്ങളിലെ തൊഴിലുടമകൾക്ക് നോട്ടീസ് നൽകി തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ് .

### 1-23 ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്തിന്റെ 2023-24 ലെ ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ആകെ 54 സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കുന്നതിനുള്ള ഡിമാന്റ് ലിസ്റ്റാണ് (List Of Institutions) നിലവിലുള്ളത്. 2022-23 സാമ്പത്തിക വർഷത്തിൽ 48 സ്ഥാപനങ്ങളാണ് ഡിമാൻഡ് ലിസ്റ്റിൽ ഉണ്ടായിരുന്നത്. പഞ്ചായത്ത് പരിധിയിലുള്ള ബാങ്കുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കോ-ഓപ്പറേറ്റീവ് സൊസൈറ്റി, മറ്റ് ധനകാര്യ സ്ഥാപനങ്ങൾ എന്നിവ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്ന് കാണുന്നു. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 (1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്. 2023-24 ജീവനക്കാരുടെ തൊഴിൽ നികുതി ലിസ്റ്റിൽ ഉൾപ്പെടാത്ത സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ-നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ആൽഫാ മെഡിക്കൽ സിസ്റ്റംസ് |
| 2 | ലൈസ് ഏജൻസീസ്, വല്ലകം |
| 3 | അഭിഷേക് വുഡ് വർക്ക്സ് |
| 4 | ബാബു സോമിൽ |
| 5 | എസ് പി ട്രാവൽ ഏജൻസി, ഇരുമ്പൂഴിക്കര |
| 6 | വേമ്പനാട് ലേക്ക് വില്ലേജസ്, പനമ്പുകാട് |
| 7 | എം ആൻഡ് എസ് മാർക്കറ്റിംഗ്, ഇത്തിപ്പുഴ |
| 8 | വൈഗ ഫുഡ് പ്രോഡക്ട്സ്, ആറാട്ടുകുളങ്ങര |
| 9 | കളത്തിൽ ബ്രിക്ക്സ് |
| 10 | വിളങ്ങാട്ട് ഏജൻസീസ് |
| 11 | ചിക്കാഗോ ഇൻഡസ്ട്രീസ് |
| 12 | വാര്യത്ത് എന്റർപ്രൈസസ് |
| 13 | ഇന്ദ്രപ്രസ്ഥം പ്രോജക്ട് മാനേജ്മന്റ് കമ്പനി |
| 14 | മെസോടിൻറ് ഇന്റീരിയൽസ് |
| 15 | ഓർക്കിഡ് വില്ല ഹോംസ്റ്റേ |
| 16 | റോയൽ ഇൻഡസ്ട്രീസ്, ഉദയനാപുരം |
| 17 | വി ഹെൽത്ത് ന്യൂട്രിമിക്സ് |
| 18 | ദീപം ന്യൂട്രിമിക്സ് യൂണിറ്റ് |
| 19 | മിഡ്സൺ ഫാർമസ്യൂട്ടിക്കൽസ് പ്രൈവറ്റ് |

| | |
|---|---|
| | ലിമിറ്റഡ് |
| 20 | മനയത്ത് കാറ്ററിംഗ് |

പഞ്ചായത്ത് പരിധിയിൽ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന വലിയ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യാതിരുന്നത് പഞ്ചായത്തിന് നികുതി വരുമാനത്തിൽ കുറവുണ്ടാക്കിയിട്ടുണ്ട്. ജീവനക്കാരുടെ തൊഴിൽ നികുതി അതാത് വർഷത്തെ വരുമാനമായതിനാൽ ടി സ്ഥാപനങ്ങൾ പഞ്ചായത്ത് ഡിമാന്റ് ലിസ്റ്റിൽ ഉൾപ്പെടാത്തത് ഗ്രാമ പഞ്ചായത്ത് തനത് വരുമാന സ്രോതസ്സ് പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നില്ല എന്നതിന് തെളിവാണ്. അപാകതക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.20/29.07.2024) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. തൊഴിലുടമകൾക്ക് ഡിമാൻഡ് നോട്ടീസ് നൽകി മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. 2024-25 വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കുന്നതിനുള്ള സ്ഥാപന ലിസ്റ്റ് വിശദമായ ഫീൽഡ് പരിശോധന നടത്തി പരിഷ്കരിക്കേണ്ടതാണ്.

**1-24 പ്രൊഫഷണലുകളുടെയും കരാറുകാരുടെയും തൊഴിൽ നികുതി ഈടാക്കുന്നില്ല**

1. ഉദയനാപുരം ഗ്രാമപഞ്ചായത്ത് പരിധിയിൽ വിവിധ മേഖലകളിലുള്ള പ്രൊഫഷണൽസിന്റെ (ഉദാ: പ്രാക്ടീസിങ്ങ് ഡോക്ടർ, നിയമ വിദഗ്ദർ, ടെക്നോളജി പ്രൊഫഷണൽ, ചാർട്ടേർഡ് അക്കൗണ്ടന്റ്, ടാക്സ് കൺസൾട്ടന്റ്, ഇൻഷുറൻസ് ഏജന്റ്) ലിസ്റ്റ് തയ്യാറാക്കി തൊഴിൽ നികുതി ചുമത്തുന്നില്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് സാമ്പത്തിക വർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്. പ്രൊഫഷണൽസിന്റെ തൊഴിൽ നികുതി അക്രൂവലായി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ട നികുതിയിനമായിരുന്നു.

2. പഞ്ചായത്ത് പരിധിയിൽ വിവിധ മേഖലകളിൽ കരാർ പ്രവൃത്തികൾ ചെയ്യുന്നവരുടെ ലിസ്റ്റ് തയ്യാറാക്കി തൊഴിൽ നികുതി ചുമത്തുന്നില്ല. 2023-24 വർഷം പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിലെ മരാമത്ത് പ്രോജക്ടുകൾ ഏറ്റെടുത്ത കരാറുകാരും തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്ന് കാണുന്നു. പഞ്ചായത്ത് മരാമത്ത് പ്രവൃത്തികളുടെ 2023-24 വർഷത്തെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത ശേഷം നികുതി ഒടുക്കാത്ത കരാറുകാരുടെ പേരുകൾ താഴെ ചേർക്കുന്നു .

| ക്രമ നം. | 2023-24 ലെ കരാറുകാരൻ/കരാർ ഏറ്റെടുത്ത വ്യക്തി |
|---|---|
| 1. | അനിൽകുമാർ കെ കെ |
| 2. | അനിൽകുമാർ എൻ |
| 3. | പ്രകാശ് കുമാർ ഡി |
| 4. | രവികുമാർ കെ കെ |
| 5. | വിനോദ് കുമാർ വി |
| 6. | എം എ ജെയിംസ് |
| 7. | സുൾഫിക്കർ കെ എ |
| 8. | സുനിൽകുമാർ വി എം |
| 9. | ജയകുമാർ ടി കെ |
| 10. | രാജീവ് പി പി |
| 11. | ചാൾസ് ടോം |

കരാറുകാരുടെ തൊഴിൽ നികുതി അതാത് വർഷത്തെ നികുതി വരുമാനമായതിനാൽ നികുതി ഡിമാന്റ് ചെയ്യാതെയും ഒടുക്കാതെയും തുടരുന്നത് തനത് വരുമാന നഷ്ടത്തിന് ഇടയാക്കുന്നു. കരാറുകാരുടെയും പ്രൊഫഷണലുകളുടെയും ഡേറ്റ തയ്യാറാക്കി തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം

ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം. 19/29.07.2024) മറുപടി ലഭ്യമാക്കിയില്ല. മേൽ പട്ടികയിൽ ഉൾപ്പെട്ട കരാറുകാരിൽ നിന്നും തൊഴിൽ നികുതി അടവാക്കിയതിന്റെ രസീത് പകർപ്പ് ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്. കരാറുകാരുടെയും പ്രൊഫഷണലുകളുടെയും ഡേറ്റബേസ് തയ്യാറാക്കി തൊഴിൽ നികുതി ഈടാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 വാടക കുടിശ്ശിക ഈടാക്കുവാൻ അവശേഷിക്കുന്നു

വാടക രജിസ്റ്റർ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ 2023 - 24 വർഷം ഉദയനാപുരം പഞ്ചായത്തിന്റെ അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ കെട്ടിടങ്ങൾക്ക് താഴെപ്പറയും വിധം വാടക കുടിശ്ശിക നിലനിൽക്കുന്നു.

| ക്രമ നം. | വാടകക്കാരന്റെ / സ്ഥാപനത്തിന്റെ പേര് | ഷോപ്പിംഗ് കോംപ്ലക്സ് /റൂം നം. | പ്രതിമാസ വാടക നിരക്ക് | കുടിശ്ശിക മാസം | കുടിശ്ശിക തുക (GST ഉൾപ്പടെ) |
|---|---|---|---|---|---|
| 1 | രാജ്കുമാർ കിഴക്കേത്തറ | III/541 | 4722 | 2023 ജൂൺ - 2024 മാർച്ച് | 55720 |
| 2 | സജീവൻ കളത്തിൽ | III/535 | 2690 | 2023 ഏപ്രിൽ – 2024 മാർച്ച് | 38088 |
| 3 | രാജേഷ് സോമൻ ചിത്തിര | III/535 C | 3641 | 2024 മാർച്ച് | 4297 |
| 4 | കുഞ്ഞുമോൾ പന്തപ്ലാവിൽ | III/535 E | 3486 | 2024ഫെബ്രുവരി - 2024 മാർച്ച് | 8228 |
| 5 | ഹേമ ചിത്തിര | III/535 B | 3950 | 2023 ഏപ്രിൽ – 2024 മാർച്ച് | 55932 |
| ആകെ | | | | | 1,62,265/- |

വാടക കുടിശ്ശിക കൃത്യമായി പിരിച്ചെടുക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം. 23/29.07.2024) മറുപടി ലഭ്യമായില്ല. വാടക കുടിശ്ശികയുള്ള കുത്തകക്കാരുടെ കരാർ പുതുക്കാതെയും കുടിശ്ശിക ഈടാക്കാതെയും വീണ്ടും തുടരാൻ അനുവദിക്കുന്നത് ക്രമപ്രകാരമല്ല. മേൽ കടമുറികളുടെ കുത്തകക്കാരിൽ നിന്നും വാടക കുടിശിക ഈടാക്കേണ്ടതും കരാർ പുതുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-26 ലേലം - കുറഞ്ഞ തുകയ്ക്ക് ക്വട്ടേഷൻ അംഗീകരിച്ചു നൽകി, രേഖകൾ ഹാജരാക്കിയില്ല

1. ഉദയനാപുരം ഗ്രാമപഞ്ചായത്ത് ഒൻപതാം വാർഡിലെ GHWLP സ്കൂൾ കെട്ടിടം പൊളിച്ചു നീക്കി പുതിയ കെട്ടിട നിർമ്മാണത്തിന് യോഗ്യമാക്കുന്നതിനായി 12.05.2023 തീയതിയിൽ ക്വട്ടേഷൻ ക്ഷണിക്കുകയും ഗ്രാമപഞ്ചായത്ത് അടിയന്തിര കമ്മറ്റിയുടെ 31.05.2023 തീയതിയിലെ 1(2) നമ്പർ തീരുമാനപ്രകാരം 1,92,000/- രൂപ ക്വോട്ട് ചെയ്ത ശ്രീ. മുഹമ്മദ് ഷെരീഫ്, മൂവാറ്റുപുഴ എന്നയാളുടെ ക്വട്ടേഷൻ അംഗീകരിച്ചു തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഫയൽ പരിശോധിച്ചപ്പോൾ കൂടിയ തുക ക്വോട്ട് ചെയ്ത ശ്രീ. രാജീവ് ഉള്ളംപള്ളിൽ (2,85,000 രൂപ), ശ്രീ. ബിജു ടി ചേരുപറമ്പത്ത് (2,80,000 രൂപ) എന്നിവരെ ഒഴിവാക്കിയാണ് ടിയാന് ക്വട്ടേഷൻ അംഗീകരിച്ചു നൽകിയിട്ടുള്ളത് എന്ന് കാണുന്നു. കൂടിയ തുക ക്വോട്ട് ചെയ്ത ആളുകളെ ഒഴിവാക്കി കുറഞ്ഞ തുക ക്വോട്ട് ചെയ്തയാൾക്ക് ലേലം ഉറപ്പിച്ചു നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും ലേലം ഏറ്റെടുത്തയാൾ തുക ജി എസ് ടി സഹിതം പഞ്ചായത്തിൽ അടവാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

2. ഇരുമ്പുഴിക്കര ഹോമിയോ ഡിസ്പെൻസറിയിലെ സ്ക്രാപ്പ് ലേലം 17.07.2023 ലെ 5(4) നമ്പർ

തീരുമാനപ്രകാരം 4000/- രൂപയ്ക്ക് അംഗീകരിച്ച് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ടി വിഷയങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 29/29.07.2024) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. ലേല നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**1-27 സ്റ്റേൽ ചെക്ക് ശീർഷകത്തിൽ ലയബിലിറ്റിയായി അവശേഷിക്കുന്ന തുക - കൃത്യത ഉറപ്പുവരുത്താൻ സാധിക്കുന്നില്ല.**

2023-24 വാർഷികധനകാര്യപത്രിക ബി-9 ഷെഡ്യൂൾ പ്രകാരം 642,889/- രൂപ സ്റ്റേൽ ചെക്ക് ശീർഷകത്തിൽ ലയബിലിറ്റിയായി അവശേഷിക്കുന്നതായി കാണുന്നു (350800101-Liability In Respect Of Stale Cheques).മേൽ തുക സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/29.07.2024) ലഭ്യമാക്കിയ മറുപടിയിൽ മേൽ തുക മുന്നിരിപ്പ് ഉൾപ്പെടെയുള്ള തുകയാണെന്നും പെൻഡിംഗ് ടാസ്ക് വഴിയും അല്ലാതെയും ഒരേ തുകയ്ക്ക് പേയ്മെന്റ് ചെയ്തിട്ടുണ്ടെന്നും തന്മൂലം ടി തുകകളും സ്റ്റേൽ ചെക്ക് ശീർഷകത്തിൽ ഉൾപ്പെട്ടതായും അറിയിച്ചു.തുകകളുടെ കൃത്യത ഉറപ്പുവരുത്തി വിവരം ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും മറുപടി നൽകി.അപാകത പരിഹരിച്ച് തുക കൃത്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-28 ബാങ്ക് അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ പൂർണ്ണമല്ല**

ഗ്രാമപഞ്ചായത്തിന്റെ താഴെപ്പറയുന്ന ബാങ്ക് അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ 03/2024ൽ പൂർത്തീകരിച്ചതായി കാണുന്നില്ല.

| ക്രമ നം | ബാങ്ക് | ക്ലോസിംഗ് ബാലൻസ് |
|---|---|---|
| 1 | എസ് ബി ഐ - 5703938532 | 65 |
| 2 | എസ് ബി റ്റി -2207 | 16250 |
| 3 | സബ് ട്രഷറി വൈക്കം -13 | 12602 |

കൂടാതെ വാതിൽപ്പടി സേവനത്തിനായി കാനറാ ബാങ്ക് വൈക്കം ശാഖയിൽ ആരംഭിച്ച 110049460210 എന്ന ബാങ്ക് അക്കൗണ്ട് RP 40(b),ബി 17 ഷെഡ്യൂകളിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (28/29. 07. 2024) ലഭ്യമാക്കിയ മറുപടിയിൽ ക്രമനമ്പർ 1 പ്രകാരമുള്ള ബാങ്ക് അക്കൗണ്ട് സാക്ഷരത സംബന്ധിച്ചതാണെന്നും വാർഷികധനകാര്യപത്രികയിൽ മേൽ അക്കൗണ്ട് ഡബിളിംഗ് വന്നിട്ടുണ്ടെന്നും അറിയിച്ചു. സാക്ഷരത അക്കൗണ്ടിലുള്ള തുകയുടെ പലിശയാണ് ഡബിളിംഗ് വന്ന എൻട്രിയിൽ നീക്കിയിരിപ്പായുള്ള 65 രൂപയെന്നും മറുപടി ലഭ്യമാക്കി. ക്രമനമ്പർ 2, 3 പ്രകാരമുള്ള ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ നടപടികൾ പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും സെക്രട്ടറി മറുപടിയിൽ അറിയിച്ചു. വാതിൽപ്പടി സേവനത്തിനായി കാനറാ ബാങ്ക് വൈക്കം ശാഖയിൽ ആരംഭിച്ച (110049460210) എന്ന ബാങ്ക് അക്കൗണ്ട് വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന എൻക്വയറി നമ്പർ (42/30. 07. 2024) ന് ലഭ്യമാക്കിയ മറുപടിയിലും അറിയിച്ചു. ബാങ്ക് /ട്രഷറി അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ സംബന്ധിച്ച അപാകതകൾ പരിഹരിച്ച് വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-29 അവധിക്കണക്കുകൾ സേവനപുസ്തകത്തിൽ രേഖപ്പെടുത്താതെ ലീവ്സറണ്ടർ അനുവദിച്ചു**

ഗ്രാമപഞ്ചായത്തിലെ താഴെപ്പറയും പ്രകാരമുള്ള താൽക്കാലിക ജീവനക്കാർക്ക് ആർജ്ജിതാവധി സറണ്ടർ പ്രകാരം തുക അനുവദിച്ചിട്ടുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ജീവനക്കാരൻ/തസ്തിക | തുക | വൗച്ചർ നം/തീയതി |
|---|---|---|---|
| 1 | ആതിര ടി എസ്, അക്രഡിറ്റഡ് എഞ്ചിനീയർ, എംജിഎൻആർഇജിഎസ് | 15730 | 22301099/27. 03. 24 |
| 2 | രാധികാ പി ആർ, ഓവർസിയർ എംജിഎൻആർഇജിഎസ് | 12020 | 22301101/27. 03. 24 |
| 3 | വിനിതാമോൾ പി വി, ഓവർസിയർ, എംജിഎൻആർഇജിഎസ് | 12020 | 22301100/27. 03. 24 |
| 4 | ദീപാമോൾ എൻ, അക്കൗണ്ടന്റ്, എംജിഎൻആർഇജിഎസ് | 12020 | 22301102/27. 03. 24 |
| 5 | ദീപു പി ഡി, അക്കൗണ്ടന്റ്, എംജിഎൻആർഇജിഎസ് | 12020 | 22301103/27. 03. 24 |
| 6 | സുനിതാ പി പി, അക്കൗണ്ടന്റ്, എംജിഎൻആർഇജിഎസ് | 12020 | 22301104/27. 03. 24 |
| 7 | സബിതാ പി, ടെക്നിക്കൽ അസിസ്റ്റന്റ് | 14997 | 22301122/27. 03. 24 |
| 8 | അശ്വതി ടി യു, പ്രോജക്ട് അസിസ്റ്റന്റ് | 10785 | 22301123/27. 03. 24 |

മേൽ ജീവനക്കാരുടെ സേവനപുസ്തകം, ലീവ് സറണ്ടർ വിശദാംശങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/29. 07. 2024) ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമപഞ്ചായത്തിൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ സേവനപുസ്തകം നിലവിൽ ആരംഭിച്ചിട്ടില്ലെന്നും സേവനപുസ്തകം ആരംഭിച്ച് വിവരം അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. സേവനപുസ്തകത്തിൽ അവധികണക്കുകൾ രേഖപ്പെടുത്താതെ ലീവ് സറണ്ടർ നൽകുന്നത് ക്രമപ്രകാരമല്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ സേവനപുസ്തകം പരിപാലിക്കേണ്ടതും ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

**1-30 ക്ഷേമനിധി വിഹിതം അടവാക്കിയത് - കൈപ്പറ്റ് വിവരം ലഭ്യമായില്ല.**

വൗച്ചർ നമ്പർ 22301035/13.03.24 പ്രകാരം 66448/- രൂപ Kerala Building And Other Construction Workers Welfare Board (KBOCWW) യിലേയ്ക്ക് തൊഴിലാളി ക്ഷേമനിധി വിഹിതമായി അടവാക്കിയിട്ടുണ്ട്. എന്നാൽ തുക അടവാക്കിയതിന്റെ കൈപ്പറ്റ് രസീത് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/29.07.2024) ലഭ്യമാക്കിയ മറുപടിയിൽ ബാങ്ക് അക്കൗണ്ടിൽ നിന്നും മേൽ തുക ട്രാൻസ്ഫർ ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കി. എന്നാൽ തുക സ്ഥാപനത്തിന് ലഭ്യമായോയെന്ന് വ്യക്തമല്ല. കൈപ്പറ്റ് വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**1-31 കത്തി നശിച്ച വാഹനത്തിന്റെ ഇൻഷ്വറൻസ് തുക ലഭ്യമായില്ല.**

ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക വാഹനമായ കെ എൽ 36 എ ബെലേറോ ജീപ്പ് നിശ്ചലാവസ്ഥയിൽ ആയതിനെ തുടർന്ന് റിപ്പയറിംഗിനായി മൈ മെക്കാനിക്ക്, ഏറ്റുമാനൂർ എന്ന സ്ഥാപനത്തെ എൽപ്പിച്ചിരുന്നു. എന്നാൽ 2/03/2024 ൽ ആ സ്ഥാപനത്തിലുണ്ടായ തീപിടുത്തത്തിൽ വാഹനം കത്തി നശിച്ചതായി ലോഗ് ബുക്ക് പേജ് നം 286 ൽ രേഖപ്പെടുത്തിയിട്ടുണ്ട് .മേൽ വിവരം 05/03/2024 ലെ കത്ത് നം എസ് സി 2-394/2024 പ്രകാരം ജോ.ഡയറക്ടർ തദ്ദേശസ്വയംഭരണവകുപ്പ് കോട്ടയത്തെ അറിയിച്ചിട്ടുണ്ട്. വാഹനത്തിന് ഇൻഷ്വറൻസ് മുഖേന നഷ്ടപരിഹാരം ലഭ്യമാകുന്നതിന് സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ, തുക ലഭ്യമായെങ്കിൽ ആയതിന്റെ വിവരങ്ങൾ എന്നിവ ഓഡിറ്റിൽ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/29.07.2024) ലഭ്യമാക്കിയ മറുപടിയിൽ ഇൻഷുറൻസ് നഷ്ടപരിഹാരം ലഭ്യമാകുന്നതിന് നിയമാനുസൃത നടപടികൾ സ്വീകരിച്ച് സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പിന് കൈമാറിയതായും തുക നാളിതുവരെ ലഭിച്ചിട്ടില്ലായെന്നും അറിയിച്ചു. ഇൻഷുറൻസ് മുഖേന നഷ്ടപരിഹാരം ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-32 ബെയ് ലിംഗ് മെഷീൻ വാങ്ങൽ - സ്ഥാപനവുമായി കരാർ വച്ചിട്ടില്ല - വാങ്ങിയ മെഷീൻ നാളിതുവരെ സ്ഥാപിക്കുകയോ സുരക്ഷിതമായി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല-**

| | |
|---|---|
| പ്രോജക്ട്നം. | 210/24 |
| അടങ്കൽ തുക | 750550/-<br>(210000/- ( സി.എഫ്.സി-ടൈഡ് ഫണ്ട്)<br>200000 /-(സി.എഫ്.സി-അൺടൈഡ് ഫണ്ട്)<br>340550 (ശുചിത്വമിഷൻ ഗ്രാന്റ്) |
| ചെലവ് തുക | 4,86,500/-<br>(1,45,950/-(സി.എഫ്.സി ടൈഡ് ഫണ്ട്) ബിൽ നം. 436/12-3-24<br>340550/- (ശുചിത്വമിഷൻ ഗ്രാന്റ്) ബിൽ നം. 722/26-3-24 |
| | |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി, |

മാലിന്യസംസ്കരണപദ്ധതിയുടെ ഭാഗമായി ഹരിതകർമ്മസേനമുഖേന പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് എം.സി.എഫി ൽ തരംതിരിച്ച് ഹൈഡ്രോളിക് പ്രസ് മുഖേന കെട്ടുകളാക്കി സൂക്ഷിക്കുന്നതിലേക്കായി ബെയ് ലിംഗ് മെഷീൻ വാങ്ങുന്നതിന് പദ്ധതി തയ്യാറാക്കി അംഗീകാരം ലഭിച്ചിരുന്നു. ഗവ.ഇ-മാർക്കറ്റ് പോർട്ടൽ മുഖേന കെ.പി.എസ് ഇന്നവേഷൻസ് എന്ന സ്ഥാപനത്തിൽനിന്ന് മെഷീൻ വാങ്ങുന്നതിന് തീരുമാനിക്കുകയും വർക്ക് ഓർഡർ നൽകുകയും ചെയ്തിരുന്നു. സ്ഥാപനത്തിന്റെ 24-2-24- ലെ ഇൻവോയ്സ് നം.(KPS/100/23-24) അനുസരിച്ച് മെഷീന്റെ വിലയിനത്തിൽ 4,86,500/- സ്ഥാപനത്തിന് അനുവദിച്ച് നൽകിയിട്ടുണ്ട്.

29-7-24-ൽ നടത്തിയ സ്ഥലപരിശോധനയിൽ വാങ്ങിയ മെഷീൻ എം.സിഎഫ് കെട്ടിടത്തിനുവെളിയിൽ തുറസ്സായ സ്ഥലത്ത് പ്ലാസ്റ്റിക്കുകൊണ്ട് മൂടി വച്ച നിലയിലാണ് കാണപ്പെട്ടത്. മഴപെയ്യുമ്പോൾ മെഷീന്റെ പലഭാഗങ്ങളും നനയുന്നതായും കാണുന്നു.

മെഷീൻ സ്ഥാപിച്ചിട്ടില്ലാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് (നം- 9/28-7-24) ലഭ്യമാക്കിയ മറുപടിയിൽ നിലവിലുള്ള എംസിഎഫിൽ ടൈൽ പാകിയിട്ടുള്ളതിനാൽ മെഷീൻ വയ്ക്കുന്നതിന് സാധിക്കില്ലായെന്നും മെഷീൻ പ്രവർത്തിക്കുമ്പോൾ ടൈലിന് വീണ്ടും കേടുപാടുകൾ സംഭവിക്കാൻ സാധ്യതയുണ്ടെന്നും വിശദീകരണം ലഭ്യമാക്കി. കൂടാതെ 2024-25 വാർഷികപദ്ധതിയിൽ മെഷീൻ വയ്ക്കുന്നതിന് ഷെഡ് പണിയുന്നതിന് പ്രോജക്ട് വയ്ക്കുന്നതാണെന്നും മറുപടിയിൽ പറയുന്നു. ഇതു സംബന്ധിച്ച് മെഷീൻ കെട്ടിടത്തിനുള്ളിലേക്ക് പ്രവേശിപ്പിക്കാൻ സാധിക്കാത്തതിനാലാണ് വെളിയിൽ സൂക്ഷിച്ചിട്ടുള്ളതെന്നും കെട്ടിടത്തിന്റെ പ്രവേശനഭാഗത്തുള്ള ഷീറ്റ് റൂഫിംഗ് ഇളക്കിമാറ്റിയെങ്കിലേ മെഷീൻ അകത്തുകയറ്റാനാകൂ എന്നും എക്സിറ്റ്മീറ്റിംഗിൽ പ്രസിഡന്റും വിശദീകരണം നൽകി. മെഷീൻ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ പശ്ചാത്തല സൗകര്യങ്ങളൊരുക്കാതെ അഞ്ച് ലക്ഷത്തോളം രൂപ ചെലവഴിച്ച് മെഷീൻ വാങ്ങിയതും ആയത് നശിക്കാതെ സുരക്ഷിതമായി സൂക്ഷിച്ചിട്ടില്ലാത്തതും പഞ്ചായത്തിന്റെ ഭാഗത്തുള്ള വീഴ്ചയാണ്. മാലിന്യനിർമ്മാർജ്ജനം ലക്ഷ്യമിട്ട് വാങ്ങിയ മെഷീൻ നാളിതുവരെ സ്ഥാപിച്ച് പ്രവർത്തനക്ഷമ മാക്കിയിട്ടില്ലാത്തതിനാൽ ഇതിനായി തൻവർഷം നടത്തിയ 4,86,500/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആയതിനാൽ അടിയന്തിരമായി മെഷീൻ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ എല്ലാ ഭൗതീക സാഹചര്യങ്ങളുമൊരുക്കേണ്ടതും മെഷീൻ സ്ഥാപിച്ച് പ്രവർത്തന ക്ഷമമാക്കേണ്ടതുമാണ്. കൂടാതെ മെഷീന്റെ വാറന്റി കാലയളവ്, അറ്റകുറ്റപ്പണികളുമായി ബന്ധപ്പെട്ട് സ്ഥാപനം ലഭ്യമാക്കുന്ന സേവനങ്ങൾ, പ്രവർത്തനം സംബന്ധിച്ച് ഹരിതകർമ്മസേനാംഗങ്ങൾക്ക് പരിശീലനം കൊടുക്കുന്നത് മുതലായ വിവരങ്ങളും വ്യവസ്ഥകളും ഉൾപ്പെടുത്തി സ്ഥാപനവുമായി നിർബന്ധമായും കരാർ ചമയ്ക്കേണ്ടതുമാണ്. തുടർനടപടികൾ സ്വീകരിച്ച്

വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

**1-33 തോട്ടുകൾ ആഴം കൂട്ടൽ - 64. 91ലക്ഷം രൂപ ചെറുകിടജലസേചനവകുപ്പിന് കൈമാറി- നിർവ്വഹണ നടപടികൾ നാളിതുവരെ ആരംഭിച്ചിട്ടില്ല**

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ വിവിധ തോട്ടുകളിലെ മാലിന്യങ്ങളും പോളയും നീക്കം ചെയ്ത് ആഴം കൂട്ടി നീരൊഴുക്ക് സുഗമമാക്കുന്നതിനും അതുവഴി വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനും കാർഷികമേഖലയെ സഹായിക്കുന്നതിനുമായി തൻവർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 4 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചിരുന്നു. മൈനർ ഇറിഗേഷൻ വകുപ്പ് ലഭ്യമാക്കിയ എസ്റ്റിമേറ്റനുസരിച്ച് 3 പ്രോജക്ടുകളുടെ തുക വകുപ്പിന് കൈമാറുകയും ചെയ്തു. പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | പ്രോജക്ട് നം /പേര് | കൈമാറിയ തുക | ബിൽ/വൗച്ചർനം | നിർവ്വഹണ സ്ഥാപനം |
|---|---|---|---|---|
| 1 | 261/24 വിവിധവാർഡുകളിൽ തോട്ടുകൾ ആഴം കൂട്ടി കല്ലുകെട്ടൽ | 13,29,856/- | 6xvfc/23-24 /p/34/23-3-24 | മൈനർ ഇറിഗേഷൻ ഡിവിഷൻ, കോട്ടയം |
| 2 | 260/24 വിവിധ വാർഡുകളിൽ തോട്ടുകൾ ആഴം കൂട്ടൽ | 24,44,846/- | Xvfc/23-24/p/35 26/3-24 | ,, |
| 3 | 258/24വിവധ വാർഡുകളിൽ തോട്ടുകൽ ആഴം കൂട്ടി നവീകരിക്കൽ | 27,17,100/- | Xvfc/23-24 /p/46/28-3-24 | ,, |
| | ആകെ | 64,91,802/- | | |

മേൽപ്രവൃത്തികൾ പൂർത്തീകരിച്ചത് സംബന്ധിച്ചും കൈമാറിയ തുകയുടെ വിനിയോഗവിശദാംശങ്ങൾ സംബന്ധിച്ചുമുള്ള വിവരങ്ങൾ ലഭ്യമാക്കാനും രേഖാമൂലം ആവശ്യപ്പെട്ടതിന് (എൻക്വയറി നമ്പർ-4/26-7-24) 4 പ്രോജക്ടുകൾക്കായി 86,50,000/-രൂപയുടെ എസ്റ്റിമേറ്റാണ് എക്സിക്യൂട്ടീവ് എൻജിനീയർ മൈനർ ഇറിഗേഷൻവകുപ്പ് കോട്ടയത്തിന്റെ കാര്യാലയം ലഭ്യമാക്കിയതെന്നും ആയതിൽ 3 പ്രോജക്ടുകളുടെ എസ്റ്റിമേറ്റ് തുകയായ 64,91,802/- രൂപ മാത്രമേ തൻവർഷം ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളൂവെന്നും വിശദീകരിക്കുകയുണ്ടായി. ബാക്കി തുക 24-25 വർഷം സ്പിൽഓവർ പ്രോജക്ട് പ്രകാരം അടവാക്കുന്നതാണെന്നും അറിയിച്ചു. എസ്റ്റിമേറ്റ് പ്രകാരമുള്ള തുക പൂർണ്ണമായും അടവാക്കിയാൽ മാത്രമേ പ്രവൃത്തി നിർവ്വഹണത്തിനുള്ള നടപടികളാരംഭിക്കുകയുള്ളൂവെന്ന് നിർവ്വഹണസ്ഥാപനം അറിയിച്ചിട്ടുള്ളതായി എക്സിറ്റ് മീറ്റിംഗിൽ പഞ്ചായത്ത് പ്രസിഡന്റും വ്യക്തമാക്കുകയുണ്ടായി. പ്രവൃത്തി പൂർത്തീകരിച്ച് ചെലവ് തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 64,91,802/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പഞ്ചായത്ത് സ്ഥാപനവുമായുണ്ടാക്കിയ കരാറിൽ പ്രവൃത്തി ആരംഭിക്കുന്ന തീയതി,

പൂർത്തീകരണത്തിനുള്ള സമയം എന്നിവ സംബന്ധിച്ച് വ്യവസ്ഥകൾ ഉൾപ്പെടുത്തിയിരുന്നില്ല. തോടുകളിൽ പോള അടിഞ്ഞുകൂടി വെള്ളം മലിനപ്പെടുന്നത് ഏപ്രിൽ, മെയ് മാസങ്ങളിലാണ്. ആയതിനാൽ എസ്റ്റിമേറ്റിലെ പ്രവൃത്തി ഇനമായ പോള നീക്കം ചെയ്യൽ ഈ കാലയളവിലാണ് ചെയ്യേണ്ടിവരിക. നിർവ്വഹണസ്ഥാപനം നാളിതുവരെ ടെൻഡർ നടപടികൾപോലും സ്വീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പ്രവൃത്തി നടപ്പാക്കാൻ ഇനിയും കാലതാമസമെടുക്കുന്നതാണ്. ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് ഫണ്ട് കൈമാറുന്ന സാഹചര്യത്തിൽ പ്രവൃത്തിപൂർത്തീകരണത്തിനെടുക്കുന്ന സമയം സംബന്ധിച്ച് കരാറിൽ വ്യവസ്ഥചെയ്യുന്നതിനും ആയതിനനുസരിച്ച് സമയബന്ധിതമായിത്തന്നെ പ്രവൃത്തികൾ പൂർത്തീകരിച്ചു ലഭിക്കുന്നതിനുമുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. എസ്റ്റിമേറ്റ് പ്രകാരമുള്ള ബാക്കിതുകകൂടി അടിയന്തിരമായി അടവാക്കി നിർവ്വഹണനടപടികൾ ത്വരിതപ്പെടുത്തേണ്ടതും പൂർത്തീകരണസാക്ഷ്യപത്രവും വിനിയോഗവിശദാംശങ്ങളും ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

**1-34 വെള്ളക്കരം - കുടിശ്ശിക തീർപ്പാക്കിയത് ഉറപ്പുവരുത്തിയിട്ടില്ല- ഡെപ്പോസിറ്റ്തുകയിൽ ചെലവഴിക്കാത്ത തുക തിരികെ ഈടാക്കിയില്ല**

| | |
|---|---|
| പ്രോജക്റ്റ് നം | S04/24 |
| അടങ്കൽ തുക | 931776/-<br>757056/-(വികസനഫണ്ട്-ജനറൽ)<br>174720/- (തനത് ഫണ്ട്) |
| ചെലവ് തുക | 757056/- (വികസനഫണ്ട്-ജനറൽ) |

4/23മുതൽ 1/24വരെയുള്ള കാലയളവിൽ വെള്ളക്കരമിനത്തിൽ പ്രോജക്റ്റ് പ്രകാരം ആകെ 757056 /-രൂപ വികസനഫണ്ടിൽനിന്നും വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്.

വാട്ടർ അതോറിറ്റിയുടെ 10/4/23ലെ ബിൽപ്രകാരം 2023 ഏപ്രിൽമാസത്തെ ഡിമാന്റ് തുക

ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1-4-23 ലെ കുടിശ്ശിക തുക | 4,62,526 |
| ഫൈൻ | 9096 |
| തൻമാസത്തെ ഡിമാന്റ് തുക | 326364 |
| ആകെ | 797986/- |

ടാപ്പുകളുടെ എണ്ണം 269എന്ന് കണക്കാക്കിയാണ് പ്രസ്തുത ബിൽ പ്രകാരം 326364/-രൂപ തൻമാസത്തെ വെള്ളക്കരമായി ഡിമാന്റ് ചെയ്തിട്ടുള്ളത്. എന്നാൽ പ്രവർത്തനക്ഷമമായ 64 ടാപ്പുകളുടെ പ്രതിമാസ തുകയായ 77648/-രൂപ മാത്രമേ തൻമാസം അടവാക്കിയിട്ടുള്ളൂ. വർഷാരംഭത്തിലെ കുടിശ്ശിക, ഫൈൻ എന്നീയിനങ്ങളിലും 205 ടാപ്പുകളുടെ കരമിനത്തിലും ഡിമാന്റ് ചെയ്തിരുന്ന തുക പഞ്ചായത്ത് അടവാക്കിയിരുന്നില്ല. തുടർന്നും നവംബർ വരെയുള്ള മാസങ്ങളിൽ ഇതേ രീതിയിലാണ് വാട്ടർ അതോറിറ്റി വെള്ളക്കരം ഡിമാന്റ് ചെയ്തുകാണുന്നത്. നവംബർമാസത്തെ ബിൽപ്രകാരം പഞ്ചായത്തിന്റെ ആകെ ബാധ്യത തുക 30,86,742/-രൂപയാണ്. എന്നാൽ ഡിസംബർമാസം മുതൽ 77648/-രൂപ മാത്രമാണ് ഡിമാന്റ് ചെയ്തുകാണുന്നത്. ഡിമാന്റ്പ്രകാരമുള്ള കുടിശ്ശിക പഞ്ചായത്ത് അടവാക്കാതെ ബില്ലിൽ 30,86,742/-രൂപ കുടിശ്ശിക തുക ഒഴിവാക്കപ്പെട്ടത് അഥവാ ക്രമീകരിക്കപ്പെട്ടത് എപ്രകാരമെന്ന് വ്യക്തമല്ല.

മേൽവിഷയത്തിൽ വ്യക്തത ആവശ്യപ്പെട്ടുകൊണ്ടും കൂടാതെ 2022-23വർഷം പ്രവർത്തനക്ഷമമല്ലാത്ത

പൊതുടാപ്പുകളുടെ കണക്ഷൻ വിച്ഛേദിക്കുന്നതിനായി പ്രോജക്ട്പ്രകാരം 2,08000/-രൂപ ഡെപ്പോസിറ്റ് ചെയ്തിരുന്നതനുസരിച്ച് പ്രവൃത്തി നടപ്പാക്കിയിട്ടുള്ളപക്ഷം പൂർത്തീകരണസാക്ഷ്യപത്രവും. ചെലവുതുകയുടെ ചെലവുവിശദാംശങ്ങളും ലഭ്യമാക്കാനാവശ്യപ്പെട്ടും ഓഡിറ്റ് എൻക്വയറി (8/ 28-7-24) നൽകിയിരുന്നതിന് ലഭ്യമാക്കിയ മറുപടിയിൽ പ്രോജക്ട് പ്രകാരം പൊതുടാപ്പുകൾ വിച്ഛേദിച്ചതിനുശേഷവും 269 ടാപ്പുകളുടെ തുക കണക്കാക്കിയാണ് ഡിമാന്റ് ചെയ്തുപോന്നതെന്നും പ്രസ്തുത വിവരം ശ്രദ്ധയിൽപ്പെടുത്തി വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയെങ്കിലും മറുപടി ലഭ്യമാക്കാതിരുന്ന സാഹചര്യത്തിൽ കുടിശ്ശിക അടവാക്കേണ്ടതില്ലെന്ന് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിരുന്നതായും ആയതിനാൽ തുക അടവാക്കിയിട്ടില്ലാത്തതാണെന്നും അറിയിച്ചു. പ്രസ്തുത സാഹചര്യത്തിൽ വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് കണക്കിൽനിന്നും ഗ്രാമപഞ്ചായത്തിന്റെ കുടിശ്ശിക ഡിമാന്റ് പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ടെന്ന് പഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതും ഇത് സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി രേഖാപരമായി ധാരണയുണ്ടാക്കേണ്ടതുമാണ്. കൂടാതെ കണക്ഷൻ വിച്ഛേദിക്കുന്നതിനായി അടവാക്കിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയത് പരിശോധിച്ചതിൽ നിക്ഷേപ533ത്തുകയിൽ 151,423/-രൂപ മാത്രമേ പ്രോജക്ടിനായി ചെലവഴിച്ചിട്ടുള്ളൂ എന്ന് കാണുന്നു. 56,577/- ചെലവഴിക്കാതെ വാട്ടർ അതോറിറ്റിയുടെ അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്. തുക തിരികെ ഈടാക്കി നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് തിരിച്ചടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർനടപടികളുടെ വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

**1-35 തെരുവുവിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണി - സർക്കാർനിർദ്ദേശാനുസരണമുള്ള നടപടികൾ സ്വീകരിച്ചില്ല , തുക അനുവദിക്കുന്നതിൽ കരാർ വ്യവസ്ഥ പാലിച്ചില്ല**

| | |
|---|---|
| പ്രോജക്ട്നം | S024/24 |
| അടങ്കൽ തുക | 49,8000/-( വികസനഫണ്ട്-ജനറൽ) |
| ചെലവ് തുക | 3,73,329/- |
| ബിൽനമ്പർ | 423/8-3-24 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ഗ്രാമപഞ്ചായത്തിലെ എല്ലാവാർഡുകളിലേയും തെരുവുവിളക്കുകളുടേയും അനുബന്ധ ഉപകരണങ്ങളുടേയും വാർഷിക അറ്റകുറ്റപ്പണി നടത്തുന്നതിനായിട്ടാണ് മേൽ പ്രോജക്ട് ആവിഷ്കരിച്ചത്. ടെൻഡർ നടപടികൾക്കുശേഷം വിളക്കുപകരണങ്ങളുടെ വില, എ.എം.സി ചാർജ്ജ് എന്നീയിനങ്ങളിലായി കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ വിനോദ്, തടത്തിൽ, കുഴിമറ്റം എന്ന കരാറുകാരന്റെ ടെൻഡർ അംഗീകരിക്കുകയും ടിയാളുമായി 23 -1-24 ൽ കരാറിലേർപ്പെടുകയും ചെയ്തു. ടിയാൻ ലഭ്യമാക്കിയ ഇൻവോയ്സ് (നം 461/5-3-24) അനുസരിച്ചുള്ള ആകെത്തുകയായ 3,73, 329/- രൂപ കരാറുകാരന് അനുവദിച്ചുനൽകുകയും ചെയ്തു. ഇൻവോയ്സ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഉപകരണം | എണ്ണം/അളവ് | നിരക്ക് | ആകെ തുക |
|---|---|---|---|
| Led Bulb | 891 | @ 50.85 + 18% Gst | 53462.67 |
| Pvc Holder | 891 | @18.64 + Gst | 19597.72 |
| Pvc Shade | 891 | @ 891 + Gst | 10692.53 |

| | | | |
|---|---|---|---|
| Aluminium Wire | 40 M | @ 891 + Gst | 9999.8 |
| Insulation Tape | 200 | @ 8.47+Gst | 1998.92 |
| AMCcharge | | | 277577.36 |
| | | ആകെ | 3,73,329/- |

ഫയൽ പരിശോധിച്ചതിൽ പ്രോജക്ട് നടപ്പാക്കിയതിൽ തെരുവ് വിളക്കുകളുടെ പരിപാലനം സംമ്പന്ധിച്ച മാർഗരേഖയിലെ (സർക്കുലർ നം 3055/ഡി.എ3/2011/ത.സ്വ.ഭ.വ, 15.09.2011) ചുവടെ ചേർക്കുന്ന നിർദേശങ്ങൾ പാലിച്ചിട്ടില്ലായെന്ന് കാണുന്നു.

(1) പ്രോജക്ട് രൂപീകരണത്തിന്റെ ഭാഗമായി വാർഡ് തലത്തിൽ ആവശ്യകതാ നിർണയം നടത്തിയിട്ടില്ല. അറ്റകുറ്റപണി നടത്തേണ്ട തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച് ടെൻഡർ രേഖകളിലോ, കരാറിലോ പരാമർശിച്ചിട്ടില്ല. വിളക്കുകളുടെ എണ്ണം 891 എന്ന് കണക്കാക്കിയിട്ടുള്ളതിന്റെ മാനദണ്ഡം വ്യക്തമല്ല.

(2)തെരുവ് വിളക്കുകൾ അറ്റകുറ്റപ്പണി നടത്തിയ വിവരം അധികാരികൾ പരിശോധിച്ച് ഉറപ്പ് വരുത്തിയിട്ടില്ല. കരാറുകാരൻ ആവശ്യപ്പെട്ടതനുസരിച്ച് വാങ്ങിയ 891 വിളക്കുകൾ സ്ഥാപിച്ചതിനുള്ള തുക നൽകുകയാണ് ചെയ്തിരിക്കുന്നത്.

3)പഞ്ചായത്തിലെ തെരുവുവിളക്കുകളുടെ വാർഡ് തിരിച്ചുള്ള പട്ടിക, കൺസ്യൂമർ നമ്പർ, സപ്ലൈ ഏരിയ, വാർഡുകളിലെ ബൾബുകൾ/റ്റ്യൂബ് ലൈറ്റുകൾ എന്നിവയുടെ വിശദാംശങ്ങൾ സൂചിപ്പിയ്ക്കുന്ന രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

4) കരാർ വ്യവസ്ഥയനുസരിച്ച് കരാർതുകയുടെ 20% റിടെൻഷൻ പിടിച്ചതിനുശേഷം ബാക്കിയുള്ള 80% തുക മാത്രമാണ് കരാറുകാരന് അനുവദിക്കേണ്ടിയിരുന്നത്. ഇതനുസരിച്ച് 2,98,663/- രൂപയായിരുന്നു നൽകേണ്ടിയിരുന്ന തുക (3,73,329/-രൂപയുടെ 80%). എന്നാൽ ബിൽതുക പൂർണ്ണമായും അനുവദിച്ചുനൽകി.

5) ഇൻവോയ്സ് പ്രകാരമുള്ള എൽ.ഇ.ഡി ബൾബുകൾ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ളത് സംബന്ധിച്ച് യാതൊരു രേഖകളും ഫയലിൽ ലഭ്യമല്ല (ഇൻസ്റ്റലേഷൻ റിപ്പോർട്ട്)

6)കരാറിലെ 13-ാം വ്യവസ്ഥയനുസരിച്ച് ലൈറ്റുകളുടെ മെയിന്റനൻസ് സംബന്ധിച്ചുള്ള രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും ആദ്യഘട്ട പ്രവൃത്തികൾ പൂർത്തീകരിച്ചശേഷം രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന പരാതികൾ കാലതാമസം കൂടാതെ പരിഹരിച്ചുനൽകേണ്ടതുമാണ്. കരാറിലെ 14-ാം വ്യവസ്ഥയനുസരിച്ച് എല്ലാമാസവും രജിസ്റ്റർ സെക്രട്ടറിയ്ക്കോ, ഭരണസമിതി ചുമതലപ്പെടുത്തിയിരിക്കുന്ന ആൾക്കോ മുമ്പാകെ കാണിച്ച് പരാതികൾ ഒന്നുമില്ല എന്ന് ബോധ്യപ്പെടുത്തി രജിസ്റ്റർ ഒപ്പിട്ട് വാങ്ങേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ മേൽപ്പറഞ്ഞ കരാർ വ്യവസ്ഥകളൊന്നും പാലിച്ചിട്ടുള്ളതായി രേഖകളില്ല.

7)വിളക്കുകൾ സ്ഥാപിച്ചിട്ടുള്ളത് സംബന്ധിച്ച് അതാത് വാർഡുമെമ്പർമാരുടെ സാക്ഷ്യപത്രം, മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട് എന്നിവ ഇല്ല.

8) പുതിയ ലൈറ്റുകൾ വാങ്ങി സ്ഥാപിച്ചപ്പോൾ നീക്കം ചെയ്ത പഴയ ലൈറ്റുകൾ എപ്രകാരം ഡിസ്പോസ് ചെയ്തുവെന്നത് ഫയലിൽ വ്യക്തമാക്കിയിട്ടില്ല. കരാറിലും ഇത് സംബന്ധിച്ച് പരാമർശിച്ചിട്ടില്ല.

അപാകതകൾക്ക് രേഖാമൂലം മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/26-7-24) മറുപടി ലഭ്യമാക്കിയില്ല. എക്സിറ്റ് മീറ്റിംഗിൽ അപാകത ശ്രദ്ധയിൽപ്പെടുത്തിയതിനെതുടർന്ന് ഓഡിറ്റിൽ ചൂണ്ടിക്കാണിച്ച അപാകതകൾ പരിഹരിക്കുന്നതാണെന്നും സർക്കാർ നിർദ്ദേശാനുസരണമുള്ള രേഖകൾ തയ്യാറാക്കി സൂക്ഷിക്കുന്നതാണെന്നും നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചു. കൂടാതെ ഓരോ വാർഡിലും നടത്തുന്ന അറ്റകുറ്റപ്പണികൾ/തെരുവുവിളക്ക് പരിപാലനപ്രവർത്തനങ്ങൾ സ്ഥിരമായി

മോണിറ്റർ ചെയ്യുന്നതിനുള്ള സംവിധാനം ജനപ്രതിനിധികളുടെ മേൽനോട്ടത്തിൽ നടത്തുന്നതായിരിക്കുമെന്ന് പ്രസിഡന്റും വിശദീകരിക്കുകയുണ്ടായി.

നിർവ്വഹണനടപടിക്രമങ്ങളിൽ തെരുവുവിളക്കുപരിപാലനവുമായി ബന്ധപ്പെട്ട് കാലാകാലങ്ങളിലുള്ള സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതും, അവശ്യം സൂക്ഷിക്കേണ്ട തെരുവുവിളക്ക് മെയിന്റനൻസ് രജിസ്റ്റർ, പരാതി രജിസ്റ്റർ മുതലായ രേഖകൾ തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്. തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ലൈറ്റുകൾ സ്ഥാപിച്ചതിന്റെ വിശദമായ ഇൻസ്റ്റലേഷൻ റിപ്പോർട്ട് ലഭ്യമാക്കുകയും പഞ്ചായത്തിൽ നിലവിലുള്ള ലൈറ്റുകൾ സംബന്ധിച്ച രേഖകൾ കൃത്യമാക്കുകയും ചെയ്യുന്നതുവരെ 3,73,329/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-36 സിസിടിവി ക്യാമറ സ്ഥാപിക്കൽ - ലക്ഷ്യത്തിനനുസൃതമായി ഫലപ്രദമായ നിരീക്ഷണസംവിധാനമില്ല.**

| | |
|---|---|
| പ്രോജക്റ്റ് നം. /പേര് | 226/24 സിസിടിവി ക്യാമറ സ്ഥാപിക്കൽ |
| അടങ്കൽ | 4449 (Xvfc/23-24 /p-35/23-3-24) |
| ചെലവ് തുക | 262500/-(xvfc/23-24 /p-43/26-3-24) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

മാലിന്യനിക്ഷേപം തടയുക എന്ന ലക്ഷ്യത്തോടെ ഗ്രാമപഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ സിസിടിവി ക്യാമറകൾ സ്ഥാപിക്കുന്നതിനുവേണ്ടി ആവിഷ്കരിച്ചതാണ് പ്രോജക്റ്റ്. പദ്ധതി നടപ്പാക്കുന്നതിനായി IT Park Systems & Services എന്ന സ്ഥാപനത്തിന്റെ ടെൻഡർ അംഗീകരിച്ച് 11-3-24ൽ സ്ഥാപനത്തിന് സെലക്ഷൻ നോട്ടീസ് നൽകി. ഗോദറേജ് കമ്പനിയുടെ 4 GB PT Solar ACE PRO GREEN സ്പെസിഫിക്കേഷനിലുള്ള ക്യാമറകൾക്ക് വിലയും ഇൻസ്റ്റലേഷൻ ചാർജ്ജും ഉൾപ്പെടെ യൂണിറ്റൊന്നിന് 14,830.50 രൂപയും 18% ജി എസ് റ്റിയും ഉൾപ്പെടെ 15 എണ്ണത്തിന് സ്ഥാപനത്തിന്റെ ഇൻവോയ്സ്പ്രകാരമുള്ള (ഇൻവോയ്സ് നമ്പർ 2638/18-3-24) 2,62500/- രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ പ്രതിദിനം 2 GB ഡേറ്റ ലഭിക്കുന്ന പ്ലാൻ സഹിതം 15സിം കാർഡ് (28ദിവസം വാലിഡിറ്റി) ആക്റ്റിവേറ്റ് ചെയ്ത ഇനത്തിൽ ശ്രീ .അബ്ദുൾ ഹാഫിസ് എന്നയാൾക്ക് 4485/-രൂപയും പ്രോജക്ടിന്റെ ഭാഗമായി അനുവദിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)വാങ്ങൽ നടപടികളുടെ രേഖകൾ, ക്യാമറ സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളുടെ വിവരങ്ങൾ എന്നിവ ഫയലിൽ ലഭ്യമല്ല. (ക്വട്ടേഷൻ/ ടെൻഡർ/GEM പോർട്ടൽ)

2) കരാർ വയ്ക്കുന്നതിനായി ഫയലിൽ സൂക്ഷിച്ചിട്ടുള്ള മുദ്രപ്പത്രത്തിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. ക്യാമറയുടെ വാറന്റി കാലയളവ് തുടങ്ങിയ വിവരങ്ങളും ഫയലിൽ വ്യക്തമാക്കിയിട്ടില്ല.

4) ക്യാമറാദൃശ്യങ്ങൾ നിരീക്ഷിക്കുന്നതിനുള്ള മോണിറ്റർ, ആയത് സൂക്ഷിച്ചിട്ടുള്ള സ്ഥലം എന്നിവ സംബന്ധിച്ചും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. നിലവിൽ ലാപ്ടോപ്പിലും, പഞ്ചായത്തിലെ ടെക്നിക്കൽ അസിസ്റ്റന്റിന്റെ മൊബൈൽ ഫോണിലും മാത്രമാണ് ദൃശ്യങ്ങൾ നിരീക്ഷിക്കുന്നതിനുള്ള സൗകര്യമുള്ളത്. ആയത് പരിശോധിച്ചതിൽ 4 ക്യാമറകളിൽനിന്നുള്ള ദൃശ്യങ്ങൾ ലഭ്യമാകുന്നില്ലാത്തതായിട്ട് കണ്ടത് ശ്രദ്ധയിൽപ്പെടുത്തിയതനുസരിച്ച് സ്ഥാപനവുമായി ബന്ധപ്പെട്ട് രണ്ട് ക്യാമറകളുടെ അപാകത പരിഹരിച്ചിട്ടുണ്ട്.

5) ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് പദ്ധതി നിർവ്വഹണം മേൽനിരീക്ഷണം നടത്തി മോണിറ്ററിംഗ് റിപ്പോർട്ട്

സമർപ്പിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടതിനെതുടർന്ന് (ഓഡിറ്റ് എൻക്വയറി നം-32/29-7-24) ക്യാമറകൾ സ്ഥാപിച്ചിട്ടുള്ള ലൊക്കേഷനുകളുടെ വിവരം ലഭ്യമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രകൃതിയനുസരിച്ച് കേബിളുകൾ സ്ഥാപിക്കുന്നതിന് കൂടുതൽ ചെലവുവരുമെന്നുള്ളതിനാലാണ് നിലവിലെ രീതി സ്വീകരിച്ചിട്ടുള്ളതെന്ന് എക്സിറ്റ് മീറ്റിംഗിൽ പ്രസിഡന്റ് അറിയിച്ചു.

ഗ്രാമപഞ്ചായത്ത്പരിധിയിലുള്ള വിവിധ സ്ഥലങ്ങളിൽ അനധികൃതമായി മാലിന്യനിക്ഷേപം നടത്തുന്നത് നിരീക്ഷിക്കുക, കുറ്റക്കാർക്കെതിരെ നിയമാനുസൃതനടപടികൾ സ്വീകരിക്കുക എന്നിവ വഴി ഇത്തരം സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് തടയിടുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് പ്രധാനമായും ഗ്രാമപഞ്ചായത്ത് സിസിടിവി ക്യാമറകൾ സ്ഥാപിക്കുന്നതിനായി പ്രോജക്ട് ആവിഷ്കരിച്ചത്. പ്രോജക്ടിന്റെ ഭാഗമായി ക്യാമറകൾ സ്ഥാപിക്കുകയും ദൃശ്യങ്ങൾ കാണുന്നതിനുള്ള അനുബന്ധ സംവിധാനമായി 2GBയുടെ സിംകാർഡ് ആക്ടിവേറ്റ് ചെയ്യുകയുമാണ് ചെയ്തിട്ടുള്ളത്. മോണിറ്റർ ഇല്ലാത്തതിനാൽ ദൃശ്യങ്ങൾ നിലവിലെ രീതിയിൽ മൊബൈൽ ഫോണിലൂടെ /ലാപ്ടോപ്പിലൂടെയാണ് നിരീക്ഷിക്കുന്നത്. എന്നാൽ ആളുകളുടെ മുഖമോ വാഹനങ്ങളുടെ നമ്പരോ വ്യക്തമായി കാണുന്നതിന് ഈ രീതിയിൽ സാധിക്കുന്നില്ലാത്തതാണ്. മാത്രമല്ല ദൃശ്യങ്ങൾ സ്റ്റോർ ചെയ്യുന്നതിനുള്ള സംവിധാനവുമില്ല. സിംകാർഡ് കപ്പാസിറ്റി വർദ്ധിപ്പിക്കുകയോ സാധ്യമായ സ്ഥലങ്ങളിൽ കേബിൾ സ്ഥാപിക്കുകയോ ചെയ്യാവുന്നതാണ്. കൂടാതെ സ്റ്റോറേജ് സൗകര്യങ്ങൾ (ഹാർഡ് ഡിസ്ക്) കൂടി സ്ഥാപിച്ച് നിരീക്ഷണസംവിധാനം കൂടുതൽ കാര്യക്ഷമവും ഫലപ്രദവും ആക്കുന്നതിനുള്ള നടപടികളുണ്ടാകേണ്ടതാണ്. ക്യാമറകളുടെ വാറന്റി കാലയളവ്, പരിപാലനം, മെയിന്റനൻസ് മുതലായവ സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തി സ്ഥാപനവുമായി നിയമാനുസരണം കരാർ ചമയ്ക്കേണ്ടതും പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട എല്ലാ രേഖകളും ഉൾപ്പെടുത്തി ഫയൽ സൂക്ഷിപ്പ് കൃത്യമാക്കേണ്ടതും തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

**1-37 പേമെന്റ് ബില്ലുകളിൽനിന്നും നിശ്ചിത നിരക്കിൽ ജിഎസ് റ്റി കിഴിവുചെയ്തില്ല**

1) തെരുവുവിളക്ക് വാങ്ങലും സ്ഥാപിക്കലും എന്ന പ്രോജക്ടിന്റെ (പ്രോജക്ട് നം. SO24/24) നിർവ്വഹണത്തിനായി കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തത് ശ്രീ വിനോദ് റ്റി.കെ, തടത്തിൽ എന്ന വ്യക്തിയാണ്. 9 W ന്റെ പുതിയ എൽ ഇ ഡി ബൾബുകൾ 891 എണ്ണം വാങ്ങി പോസ്റ്റുകളിൽ സ്ഥാപിച്ചതിന് ടിയാന് ആകെ 373329/- രൂപ നൽകിയിട്ടുണ്ട്. 2017 ലെ CGST/SGST Act ലെ സെക്ഷൻ 51 (1) പ്രകാരം പ്രവൃത്തിയുടെ ആകെ മൂല്യം (കരാർ തുക) 2.50 ലക്ഷം രൂപയിൽ അധികരിച്ചാൽ ഓരോ ശതമാനം വീതം CGST, SGST വിഹിതം സ്രോതസ്സിൽ കുറവ് ചെയ്യേണ്ടതാണ്. ഇതനുസരിച്ച് ആകെ പ്രവൃത്തിമൂല്യത്തിന്റെ 2% തുകയായ 7467/-രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതിനുപകരം 1622/-രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്. ആയതിനാൽ 5845/-രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട്.

2) പ്രോജക്ട് നമ്പർ So210/24പ്രകാരം എം.സി.എഫിലേക്ക് ബെയ്‌ലിംഗ് മെഷീൻ വാങ്ങിയ ഇനത്തിൽ കെ.പി.എസ്. ഇന്നവേഷൻസ് എന്ന സ്ഥാപനത്തിന് ഇൻവോയ്സ് പ്രകാരമുള്ള ആകെ മൂല്യം 4,86500/-രൂപനൽകിയിട്ടുണ്ട്. CGST , SGST ഇനങ്ങളിലായി 1% വീതം ആകെ 2 % തുകയായ 9730/-രൂപ സ്രോതസ്സിൽ കുറവ് ചെയ്യണമെന്നിരിക്കെ 7011/-രൂപ മാത്രമേ ഈയിനത്തിൽ ഈടാക്കിയിട്ടുള്ളൂ. ആയതിനാൽ സ്ഥാപനത്തിന് 2719/-രൂപ അധികം നൽകാനിടയായി .

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം-10/29-7-24) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ക്രമനമ്പർ 1, 2 എന്നിവപ്രകാരം ജിഎസ് റ്റി വിഹിതം കുറവായി ഈടാക്കിയതുകാരണം അധികമായി നൽകിയ തുക ബന്ധപ്പെട്ട കരാറുകാരൻ /സ്ഥാപനത്തിൽനിന്നും തിരികെ ഈടാക്കി നിശ്ചിത ശീർഷകത്തിൽ സർക്കാരിലേയ്ക്ക്

അടവാക്കേണ്ടതും വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

**1-38 സ്ട്രീറ്റ് ലൈൻ വലിക്കൽ പ്രവൃത്തികൾ- പ്രവൃത്തിപൂർത്തീകരണവിവരങ്ങളും ചെലവുതുകയുടെ വിനിയോഗസാക്ഷ്യപത്രവും ലഭ്യമായിട്ടില്ല.**

ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി വിവിധ റോഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കുന്നതിന് കെ.എസ്.ബി ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ടുകൾ പ്രകാരം ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് | കൈമാറിയ തുക | ബിൽ/വൗച്ചർ നം | പ്രവൃത്തി നടപ്പാക്കേണ്ട സ്ഥലം | നിർവ്വഹണ സ്ഥാപനം |
|---|---|---|---|---|---|
| 1 | S072/24 | 157500/-<br>17500/-<br>**175000/-** | 427/9-3-24<br>584/23-3-24 | വാർഡ്-3 ൽ തോട്ടുചിറ ഇഞ്ചയ്ക്കൽ റോഡ് | കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ ഡിവിഷൻ ,ചെമ്പ് |
| 2 | S092/24 | 191443/-<br>21272/-<br>**2,12,715** | 446/15-3-24<br>601/24-3-24 | വാർഡ്- 9-ൽ വാഴമനറോഡ്, കൊടിയാടി കോളനി റോഡ്<br>വാർഡ- 4-ൽ മാത്തിപ്പറമ്പ് കോളനിറോഡ്, വലിയവീട് റോഡ്, കൊരളിക്കൽ മോട്ടോർപുരറോഡ്<br>വാർഡ-1-ൽ ആക്കിത്തറ-ഹെൽത് സെന്റർ റോഡ്<br>വേണുഗോപാലക്ഷേത്രം റോഡ് | ,, |
| 3 | S091/24 | 157500/-<br>17500/-<br>**175000/-** | 426/9-3-24<br>582/23-3-24 | വാർഡ്-13-ൽ കണ്ണംങ്കേരി നക്കംതുരുത്ത് മാവേലിത്തറ റോഡ് | ,, |
| 4 | S080/24 | 157500/-<br>17500/-<br>**175000/-** | 425/9-3-24<br>583/23-3-24 | വാർഡ്-6-ൽ കാരയ്ക്കാത്തറ-പുളിഞ്ചുവട് റോഡ് | ,, |
| 5 | S090/24 | 157500/-<br>17500/-<br>**175000/-** | 428/9-3-24<br>713/25-3-24 | 11-ാം വാർഡിൽ തയ്യിടയിൽ പാലംമുതൽ നക്കംതുരുത്ത് പാലം വരെ | ,, |

| | | | | | |
|---|---|---|---|---|---|
| | ആകെ | 9,12,715/- | | | |

പ്രോജക്ട് പ്രകാരം കൈമാറിയ തുകയുടെ ചെലവുവിവരങ്ങളും പ്രവൃത്തികളുടെ പൂർത്തീകരണസാക്ഷ്യപത്രവും ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും (നം-4/26-7-24) മറുപടിയോ ഇതുമായി ബന്ധപ്പെട്ട രേഖകളോ ലഭ്യമാക്കിയില്ല. പ്രവൃത്തികൾ പൂർത്തീകരിച്ച് ചെലവുവിശദാംശങ്ങൾ ലഭ്യമായിട്ടില്ലാത്തതിനാൽ 9,12,715/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രോജക്ട് പ്രകാരമുള്ള പ്രവൃത്തികൾ ഓരോ വാർഡിലും കാലതാമസമില്ലാതെ പൂർത്തീകരിച്ച് ലഭിക്കുന്നതിനുള്ള ഇടപെടലുകൾ പഞ്ചായത്ത് നടത്തേണ്ടതും പൂർത്തീകരണ സാക്ഷ്യപത്രവും വിനിയോഗവിശദാംശങ്ങളും ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

**1-39 എസ്.എസ്.എ.വിഹിതംനൽകൽ -വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല**

സർവ്വശിക്ഷ, കേരളയുടെ നേതൃത്വത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്കൂളുകളിൽ നടപ്പാക്കുന്ന വിവിധ പ്രവർത്തനങ്ങൾക്കുള്ള ഗ്രാമപഞ്ചായത്ത് വിഹിതമായി പ്രോജക്ട് പ്രകാരം (S02/24) സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി പൊതുവിഭാഗം വികസനഫണ്ടിൽനിന്നും 400000/- (ബിൽനം 37/30-6-23)ബ്ലോക്ക് പ്രോജക്ട് കോ-ഓർഡിനേറ്റർ, തലയോലപ്പറമ്പ് പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയിരുന്നു. എന്നാൽ പ്രോജക്ട് പ്രവർത്തനങ്ങളുടെ വിവരങ്ങളും കൈമാറിയ തുകയുടെ വിനിയോഗസാക്ഷ്യപത്രവും ലഭ്യമായിട്ടില്ല. ആയതിനാൽ 400000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവുവിവരങ്ങളും വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

**1-40 സൗജന്യമായി വിട്ടുകിട്ടിയ സ്ഥലങ്ങൾ റവന്യൂരേഖകൾപ്രകാരം പഞ്ചായത്തിന്റെ ഉടമസ്ഥതയിലാക്കിയിട്ടില്ല.**

വിവിധ ഉദ്ദേശ്യങ്ങൾക്കായി സ്വകാര്യവ്യക്തികൾ പഞ്ചായത്തിന് സൗജന്യമായി സ്ഥലം വിട്ടുനൽകാൻ സമ്മതമറിയിച്ചതനുസരിച്ച് ഇതുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി പഞ്ചായത്ത് കമ്മറ്റി തീരുമാനമെടുത്തിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥലം വിട്ടുനൽകിയത് സംബന്ധിച്ച വിവരം | പഞ്ചായത്ത് കമ്മറ്റി തീരുമാന വിവരം |
|---|---|---|
| 1 | ശ്രീ ജോസഫ്, ചേനംകാരിൽ ആയുർവ്വേദ ആശുപത്രിയ്ക്കായി വിട്ടു നൽകിയ സ്ഥലം രജിസ്റ്റർ ചെയ്ത് ഗ്രാമപഞ്ചായത്തിന്റെ പേരിൽ കൂട്ടുന്നതിന് തീരുമാനിച്ചു. | 7-7-23 ലെ അജണ്ട-7 തീരുമാനം-1 |
| 2 | ഉദയനാപുരം ഗ്രാമപഞ്ചായത്ത് 15-ാം വാർഡിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 88-ാം നമ്പർ അംഗൻവാടിക്ക് വേണ്ടി 3 സെൻറ് സ്ഥലം വിട്ടുനൽകുന്നതിന് സന്ധ്യ & രതീഷ്, ചെല്ലിത്തറ (ആറ്റുചിറ), ഉദയനാപുരം പി.ഒ എന്നവർ സമർപ്പിച്ച അപേക്ഷയും അനുബന്ധ രേഖകളും പഞ്ചായത്ത് കമ്മറ്റി പരിശോധിച്ച് അംഗീകരിച്ചു. തുടർനടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ | 12-9-23 ലെ അജണ്ട-8 തീരുമാനം-1 |

| | | |
|---|---|---|
| | ചുമതലപ്പെടുത്തി തീരുമാനിച്ചു | |
| 3 | ഉദയനാപുരം ഗ്രാമപഞ്ചായത്ത് 1-ാം വാർഡിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 84-ാം നമ്പർ അംഗൻവാടിക്ക് വേണ്ടി 130/2 -ാം നമ്പർ സർവ്വേ നമ്പറിൽ ഉൾപ്പെട്ട വടക്കേമുറി വില്ലേജിലെ 3 സെൻറ് സ്ഥലം വിട്ടുനൽകുന്നതിന് സുപ്രഭ റ്റി, മുതൽപേര്, മാലിയേൽ വീട്, അക്കരപ്പാടം പി.ഒ സമർപ്പിച്ച അപേക്ഷയും അനുബന്ധ രേഖകളും പഞ്ചായത്ത് കമ്മറ്റി പരിശോധിച്ച് അംഗീകരിച്ചു. തുടർനടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു | 4-10-23ലെ അജണ്ട-1 തീരുമാനം-3 |
| 4 | ഉദയനാപുരം ഗ്രാമപഞ്ചായത്ത് 9-ാം വാർഡിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 124-ാം നമ്പർ അംഗൻവാടിക്ക് 4/3-3-1, 4/4-3-3 എന്നീ സർവെ നമ്പറിൽപ്പെട്ട 2.14 ആർ സ്ഥലം വിട്ടുനൽകുന്നതിന് നീതു എസ് നായർ, പ്രിയ ഭവൻ, വൈക്കം പി ഒ എന്നവർ സമർപ്പിച്ച അപേക്ഷയും അനുബന്ധ രേഖകളും പഞ്ചായത്ത് കമ്മറ്റി പരിശോധിച്ച് അംഗീകരിച്ചു. തുടർനടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. | 15-11-23 ലെ അജണ്ട- 2(1) |
| 5 | ഉദയനാപുരം ഗ്രാമപഞ്ചായത്ത് 16-ാം വാർഡിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 87-ാം നമ്പർ അംഗൻവാടിക്ക് 52/27B-1-1 എ സർവെ നമ്പറിൽപ്പെട്ട 3 സെന്റ് സ്ഥലം വിട്ടുനൽകുന്നതിന് സലിംകുമാർ, പുത്തൻപുരയ്ക്കൽ, ഉദയനാപുരം പി.ഒ എന്നിവർ സമർപ്പിച്ച അപേക്ഷയും അനുബന്ധ രേഖകളും പഞ്ചായത്ത് കമ്മറ്റി പരിശോധിച്ചു. ആയതിൽ ബാധ്യതാരഹിത സർട്ടിഫിക്കറ്റ് സമർപ്പിക്കാത്തതിനാൽ ആയത് ഹാജരാക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. | 15-11-23 ലെ അജണ്ട- 2(2) |

കമ്മിറ്റിതീരുമാനങ്ങളിന്മേലുള്ള തുടർനടപടികളുടെ വിവരം രേഖകൾ സഹിതം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതനുസരിച്ച് (നം- 34/29-7-24) ലഭ്യമാക്കിയ മറുപടി

പരിശോധിച്ചതിൽ ക്രമനമ്പർ 4, 5 എന്നിവ പ്രകാരം വിട്ടുകിട്ടിയ സ്ഥലങ്ങൾ സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്ത് പോക്കുവരവു നടപടികൾ പൂർത്തീകരിച്ചതായും 1 മുതൽ 3 വരെ ക്രമനമ്പരിലുള്ള സ്ഥലങ്ങളുടെ പോക്കുവരവുനടപടികൾ പൂർത്തീകരിച്ചുവരുന്നതായും വ്യക്തമാക്കുകയുണ്ടായി. എന്നാൽ ഇതുസംബന്ധിച്ച രേഖകളൊന്നും പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഭാവിയിൽ വ്യവഹാരങ്ങളും മറ്റും ഒഴിവാക്കാൻ ആയുർവേദാശുപത്രിയും അങ്കണവാടികളും പണിയുന്നതിനായി സൗജന്യമായി വിട്ടുകിട്ടിയ എല്ലാ സ്ഥലങ്ങളും അളന്നുതിട്ടപ്പെടുത്തി ആധാരം രജിസ്റ്റർ ചെയ്ത് പോക്കുവരവുനടത്തി റവന്യൂരേഖകൾപ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലാക്കേണ്ടതും ആയതിനുശേഷം മാത്രം പ്രസ്തുത സ്ഥലങ്ങളിൽ നിശ്ചിത ഉദ്ദേശ്യത്തിനായുള്ള നിർമ്മാണപ്രവൃത്തികൾ ആരംഭിക്കാവൂ എന്നും ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

**1-41 ലൈബ്രേറിയൻ വിരമിച്ചതിനാൽ പഞ്ചായത്ത് ലൈബ്രറിയുടെ പ്രവർത്തനം അനിശ്ചിതത്വത്തിൽ**

പഞ്ചായത്ത് ലൈബ്രറികെട്ടിടത്തിന്റെ മെയിന്റനൻസിനായി 2022-23 വാർഷികപദ്ധതിയിൽ റോഡിതര സംരക്ഷണഗ്രാന്റ് 150000/-വകയിരുത്തി പ്രോജക്ട് ആവിഷ്കരിക്കുകയും എസ്റ്റിമേറ്റ് തയ്യാറാക്കി ടെൻഡർ നടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നു. ആരും ടെൻഡർ സമർപ്പിക്കാതിരുന്നതിനാൽ റീടെൻഡർ ചെയ്യുന്നതിന് അസി.എൻജിനീയറെ ചുമതലപ്പെടുത്തി പഞ്ചായത്ത് തീരുമാനമെടുത്തിരുന്നു (15-11-23-ലെ അജണ്ട-1 തീരുമാനം-3). എന്നാൽ 2023-24 വാർഷികപദ്ധതിയിൽ പദ്ധതി ഉൾപ്പെടുത്തിക്കണ്ടില്ല. ഇത് സംബന്ധിച്ച് അന്വേഷണത്തിന് എസ്റ്റിമേറ്റ് തുക കുറവായതിനാൽ (60000/- രൂപ) ആരും ടെൻഡർ ഏറ്റെടുക്കാതിരുന്നതിനാൽ പദ്ധതി ഉപേക്ഷിച്ചതായി അസിസ്റ്റന്റ് എൻജിനീയർ ഇത് സംബന്ധിച്ച് വിശദീകരണം നൽകുകയുണ്ടായി. വിദ്യാഭ്യാസം, കല, സംസ്കാരം, യുവജനക്ഷേമം എന്നിവ സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പിന്റെ 27-12-23 തീയതിയിലെ യോഗത്തിൽ നാനാടത്തുള്ള പഞ്ചായത്ത് ലൈബ്രറി തുറന്നുപ്രവർത്തിക്കണമെന്നും താൽക്കാലികാടിസ്ഥാനത്തിൽ സ്റ്റാഫിനെ നിയമിക്കണമെന്നും നിർദ്ദേശം വന്നിട്ടുള്ളതായി കാണുന്നു. കൂടാതെ പഞ്ചായത്ത് സ്റ്റിയറിംഗ് കമ്മിറ്റിയുടെ 3-8-23-ലെ യോഗത്തിൽ ലൈബ്രറിക്ക് പുതിയ ലൈബ്രേറിയനെ നിയമിക്കുന്നത് സംബന്ധിച്ചും ലൈബ്രറി കൗൺസിലിന്റെ അംഗീകാരം നേടിയെടുക്കുന്നത് സംബന്ധിച്ചും തീരുമാനമെടുത്തിട്ടുള്ളതായും കണ്ടു. മേൽവിവരങ്ങളുടെ അടിസ്ഥാനത്തിൽ ലൈബ്രറിയുമായി ബന്ധപ്പെട്ട വിവരങ്ങൾ (ബൈലോ, ലൈബ്രറി കൗൺസിലിന്റെ അംഗീകാരം, ലൈബ്രറിയുടെ മറ്റ് പ്രവർത്തനവിവരങ്ങൾ തുടങ്ങിയവ) ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് (നം-38/30.07.2024) മറുപടി ലഭ്യമാക്കിയില്ല. എക്സിറ്റ് മീറ്റിംഗിൽ വിഷയം ശ്രദ്ധയിൽപ്പെടുത്തിയതിനെതുടർന്ന് ലൈബ്രറിക്ക് പന്ത്രണ്ടിനപരിപാടിയിൽപ്പെടുത്തി നിയമനം ലഭിച്ച പാർട്ട് -ടൈം ലൈബ്രേറിയൻ തസ്തികയായിരുന്നു നിലവിലുണ്ടായിരുന്നതെന്നും ടിയാൻ പെൻഷനായതോടുകൂടി തസ്തിക ഇല്ലാതായെന്നും ആയതിനാലാണ് ലൈബ്രറി നിലവിൽ പ്രവർത്തിക്കാത്തതെന്നും പ്രസിഡന്റ് വ്യക്തമാക്കി. കൂടാതെ ലൈബ്രറി തുറക്കുന്നതിന് സാക്ഷരതാ പ്രേരക് മാരെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും അറിയിച്ചു. പഞ്ചായത്ത് ലൈബ്രറിയുടെ ലൈബ്രേറിയൻ തസ്തിക ഇല്ലാതായി എന്ന കാരണത്താൽ വർഷങ്ങളായി പ്രവർത്തിച്ചുവന്നിരുന്ന ലൈബ്രറിയുടെ പ്രവർത്തനം നിന്നുപോകുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്. ലൈബ്രറിയുടെ അടിസ്ഥാനസൗകര്യ വികസനത്തിനുവേണ്ടി പ്രോജക്ട് ആവിഷ്കരിച്ച് നടപ്പാക്കുന്നതിനും ലൈബ്രറിയുടെ പ്രവർത്തനം സംബന്ധിച്ച് ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ താൽക്കാലികാടിസ്ഥാനത്തിൽ ലൈബ്രേറിയനെ നിയമിച്ച് ലൈബ്രറിയുടെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കേണ്ടതും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തി ലൈബ്രറികൗൺസിലിന്റെ അംഗീകാരം ലഭ്യമാകുന്നതിനുൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**1-42 ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ ലഭ്യമായില്ല**

| | |
|---|---|
| പ്രോജക്ട് നം. | 48/24 ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് |

| | |
|---|---|
| പേര് | വാങ്ങൽ |
| അടങ്കൽ തുക | 2,00,000/- |
| ചെലവ് തുക | 2,00,000/-(സംരക്ഷണ ഗ്രാന്റ്- റോഡിതരം) |

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ടിനായി 2,00,000/- രൂപ ഹോംകോ, ആലപ്പുഴയ്ക്ക് നൽകിയെങ്കിലും ഹോംകോയിൽ നിന്നും നാളിതുവരെ മരുന്നുകൾ ലഭിച്ചിട്ടില്ല. ആയതിനാൽ പ്രോജക്ടിന്റെ ഭാഗമായി ചെലവഴിച്ച 2,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കി ആയതിന്റെ ഒറിജിനൽ ഇൻവോയ്സ് സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

**1-43 ലൈഫ് ഭവന പദ്ധതി - പട്ടികജാതി വിഭാഗം-ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല**

2023-24 വർഷം ലൈഫ് ഭവനപദ്ധതി പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം ഗുണഭോക്താക്കൾക്കായി അസി.സെക്രട്ടറി നിർവ്വഹണണോദ്യോഗസ്ഥയായി ലൈഫ് (എസ്.സി/എസ്.റ്റി) പദ്ധതി ഫേസ് -II , ലൈഫ് (എസ്.സി/എസ്.റ്റി) പദ്ധതി ഫേസ് -II അഡീഷണൽ ലിസ്റ്റ് എന്നിങ്ങനെ രണ്ട് പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചിരുന്നു . പ്രസ്തുത പ്രോജക്ടുകളുടെ ഭാഗമായി എഗ്രിമെന്റ് വച്ച ഗുണഭോക്താക്കൾ ഭവനനിർമ്മാണം നിലവിലും പൂർത്തീകരിച്ചിട്ടില്ലാത്തതായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ ബോധ്യപ്പെട്ടു. പ്രോജക്ട് വിവരങ്ങളും ഓരോ പ്രോജക്ടിലും പണി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരം, കൈപ്പറ്റിയ തുക എന്നിവ സംബന്ധിച്ച വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. പേര് | 145/24-ലൈഫ് ഭവന പദ്ധതി - ഫേസ് 11 പട്ടികജാതി വിഭാഗം |
| അടങ്കൽ തുക | 7845732/- |
| ചെലവ് തുക | 3,80,000/-(വികസനഫണ്ട്-എസ്.സി.പി)<br>1,00,000/-(ജില്ലാ പഞ്ചായത്ത് വിഹിതം) |

പണിപൂർത്തീകരിച്ചിട്ടില്ലാത്തവർ

| ക്രമ നമ്പർ | ഗുണഭോക്താവ് | വാർഡ് നം. | കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | ഷൈശ്രീ, വൈപ്പോർക്കത്ത്, ചെമ്മനാകരി | 1 | 40,000/- |
| 2 | അശ്വനി കരുണാകരൻ | 10 | 40,000/- |
| 3 | ഉമേഷ് കുഴിക്കാട്ടംപള്ളിൽ | 6 | 40,000/- |
| 4 | ദേവരാജൻ, ഇടക്കാട്ടിൽ | 1 | 3,60,000/- |
| 5 | പ്രിൻസ്, അത്തിത്താഴം | 4 | 2,00,000/- |
| 6 | മനോജ്.കെ.കെ, കുഴിക്കാട്ടുചിറ | 6 | 40,000/- |

| | | | |
|---|---|---|---|
| 7 | ഗൗരി കുഞ്ഞൻ മഠത്തിപ്പറമ്പിൽ | 3 | 40,000/- |
| 8 | അനുമോൾ | 15 | 3,60,000/- |
| 9 | പ്രമോദ് കുഞ്ഞപ്പൻ | ലഭ്യമല്ല | 40,000/- |
| 10 | രമേശൻ കുടകത്തിൽ | 8 | 3,60,000/- |
| 11 | മനോഹരൻ വഴുതുകാട്ടിൽ | 12 | 3,60,000/- |
| 12 | നീതുഅനന്തൻ, വെള്ളിച്ചാലിൽ | ലഭ്യമല്ല | 40,000/- |
| 13 | ഷൈൻ കുമാർ, പണ്ടാരക്കണ്ടം | 1 | 40,000/- |
| 14 | ചന്ദ്രൻ, തൈവേലിക്കകത്ത് | 6 | 40,000/- |
| 15 | തിലകൻ, കണ്ണംകേരിൽ | 3 | 2,00,000/- |
| 16 | അഭിലാഷ് , കരിമലേക്കാട് | 16 | 40,000/- |
| 17 | ഹരിദേവ്, ദേവ് നിവാസ് | 2 | 3,60,000/- |
| 18 | ഇന്ദിര പൊന്നപ്പൻ, വടക്കേ വാഴമന | 8 | 40,000/- |
| 19 | കുഞ്ഞുമണി, വടക്കേ വാഴമന | 5 | 40,000/- |
| 20 | രാഹുൽ, മുക്കണവേലിൽ | 1 | 40,000/- |
| 21 | കൃഷ്ണനുണ്ണി, തൊഴുമഠം | ലഭ്യമല്ല | 40,000/- |

li)

| | |
|---|---|
| പ്രോജക്ട് | 247/24-ലൈഫ് ഭവന പദ്ധതി -ഫേസ്-ii അഡീഷണൽ ലിസ്റ്റ് പട്ടികജാതി വിഭാഗം |
| അടങ്കൽ | 4,00,000/- |
| ഗുണഭോക്താവ് | സുനിതാമോൾ, പുതുവൽനികർത്ത്, വാർഡ് -17 |
| ചെലവ് | 40,000/-(വികസനഫണ്ട്-എസ്.സി.പി) |

മുൻവർഷങ്ങളിൽ പല ഗഡുക്കളായി തുക കൈപ്പറ്റിയിട്ടും ഭവനനിർമ്മാണം പൂർത്തീകരിക്കാനവശേഷിക്കുന്ന ഗുണഭോക്താക്കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ഗുണഭോക്താവ് | വാർഡ് നം. | കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | സുമതി മുക്കത്ത് പടി | 11 | 40,000/- |
| 2 | ജിജിമോൻ, വളാലിൽ, പടിഞ്ഞാറെക്കര | 11 | 40,000/-- |
| 3 | രാജു, കരീത്തറ,ഉദയനാപുരം | 15 | 2,00,000/- |

| | | | |
|---|---|---|---|
| 4 | ബീനാകുമരി, മഞ്ഞനാട്ഉദയനാപുരം | 15 | 40,000/- |
| 5 | സുരേന്ദ്രൻ,തിടാവു നികർത്തിൽ(വൈഷ്ണവം) | 15 | 40,000/- |
| 6 | സന്ധ്യാ മഹേഷ്, കിഴക്കേ ആറ്റുമംഗലത്ത് | 15 | 40,000/- |
| 7 | മായ/ പ്രകാശൻ, തെങ്ങും തറയിൽ | 15 | 40,000/- |
| 8 | ലീല സുരേന്ദ്രൻ തറയിൽ | 10 | 3,60,000/- |
| 9 | തങ്കമണി തങ്കപ്പൻ, പാണാട്ട്, പടിഞ്ഞാറെക്കര | 10 | 3,60,000/- |
| 10 | വിജയമ്മ ഒതളത്തറ വൈക്കം | 10 | 3,60,000/- |
| 11. | സതീഷ് കുമാർ, കണിയാടത്ത് | 5 | 40,000/- |
| 12 | ബിന്ദു, അർജ്ജുൻ നിവാസ് | 9 | 3,60,000/- |
| 13 | മാധവൻ, പരുത്തിമൂടി | 12 | 40,000/- |
| 14 | സജിന, മംഗലശ്ശേരി,പടിഞ്ഞാറേക്കര.പി.ഒ | - | 2,00,000/- |
| 15 | തങ്കമ്മ അടിമത്തറയിൽ | 16 | 40,000/- |

ക്രമനമ്പർ 1 പ്രോജക്ട് പ്രകാരം ഭവന നിർമ്മാണം പൂർത്തിയാക്കാനവശേഷിക്കുന്നവരിൽ 14 പേരും ക്രമനം- 2 പ്രോജക്ട് പ്രകാരം 9 പേരും 40,000/ രൂപ വീതം അഡ്വാൻസ് മാത്രം കൈപ്പറ്റിയിട്ടുള്ളവരാണ്. ഗുണഭോക്താക്കളുടെ ഭവനനിർമ്മാണ പുരോഗതി ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറികൾ നൽകിയിരുന്നതിന് (39/30-7-24, 41/30-7-24) ലഭ്യമാക്കിയ മറുപടിയിൽ 360000/-രൂപ വീതം കൈപ്പറ്റിയിട്ടുള്ളവർ വാർക്ക വരെ പൂർത്തീകരിച്ചിട്ടുള്ളവരാണെന്നും ,ആദ്യഗഡു മാത്രം കൈപ്പറ്റിയവർ തറപണി പൂർത്തീകരിക്കാത്തവരാണെന്നും എല്ലാ ഗുണഭോക്താക്കളുടേയും ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. മേൽപട്ടികകൾ പ്രകാരം ഭവനനിർമ്മാണം പൂർത്തീകരിക്കാനവശേഷിക്കുന്ന എല്ലാ ഗുണഭോക്താക്കളേയും സംബന്ധിച്ച പൂർണ്ണമായവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയ രേഖകളിൽ ലഭ്യമാകാഞ്ഞതിനാൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണ പുരോഗതി, കരാർ തീയതി എന്നിവ സംബന്ധിച്ച പൂർണ്ണമായ വിവരം ലഭ്യമായില്ല. ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തേണ്ടതും നിർമ്മാണപുരോഗതിയുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

**1-44 ലൈഫ് ഭവനപദ്ധതി (എസ്.സി)& ജനറൽ- ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല**

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർക്ക് നിർവ്വഹണചുമതലയുണ്ടായിരുന്ന ലൈഫ് ഭവനപദ്ധതിയ്ക്കായി പൊതുവിഭാഗത്തിലും പട്ടികജാതി വിഭാഗത്തിലുമായി രണ്ട് പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. എന്നാൽ ഗുണഭോക്താക്കൾ പലരും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തതാണ്. പ്രോജക്ട് വിവരങ്ങളും ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരങ്ങളും ചുവടെ ചേർക്കുന്നു.

l)

| | |
|---|---|
| പ്രോജക്ട് | 106/24 , ലൈഫ് ഭവന പദ്ധതി (2020 ) -പട്ടികജാതി വിഭാഗം |
| അടങ്കൽ | 60680925/- |
| ചെലവ് | 1890000/-( വികസനഫണ്ട്-എസ്.സി.പി)<br>3130000/- സംസ്ഥാന വിഹിതം<br>240000/- ബ്ളോക്ക് വിഹിതം<br>2540000/- ജില്ലാപഞ്ചായത്ത് വിഹിതം<br>320000/-മറ്റുള്ളവ<br>ആകെ 81,20000/- |

പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട ലഭ്യമാക്കിയ രേഖകൾ,രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ കരാർ വച്ച് അഡ്വാൻസ് തുക കൈപ്പറ്റിയ ചുവടെചേർക്കുന്ന 13 ഗുണഭോക്താക്കൾ നാളിതുവരെ പദ്ധതി ആനുകൂല്യത്തിന്റെ തുടർന്നുള്ള ഗഡുക്കൾ കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതായി കാണുന്നില്ല.

| ക്രമനമ്പർ | ഗുണഭോക്താവ് | കരാർതീയതി | കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | കനകമ്മ, നികർത്തിൽ-10 | 10/06/24 | 40,000/- |
| 2 | കണ്ണപ്പൻ, കവലയിൽ<br>വാർഡ്-8 | 5/03/23 | 40000/- |
| 3 | അരുൺ, ഇടിവേലിൽ-<br>വാർഡ് നം.ലഭ്യമല്ല | 23/1/23 | 40000/- |
| 4 | രാധ, പതിനെട്ടിൽ-വാർഡ് നം.ലഭ്യമല്ല | 01/12/23 | 40000/- |
| 5 | സരള,ഇടവേലിച്ചിറ<br>വാർഡ്-9 | 25/01/23 | 40000/- |
| 6 | ബാബു.കെ.വി, കുന്നത്ത്<br>വാർഡ്-2 | 27/03/23 | 40000/- |
| 7 | സതീശൻ<br>നടുത്തറ-വാർഡ് നം.ലഭ്യമല്ല<br>വാർഡ്-12 | 18/04/23 | 40000/- |
| 8 | വല്യമ്മണി,ചോനാട്ടുവേലി<br>വാർഡ്-14 | 25/01/23 | 40000/- |
| 9 | കമല, ലക്ഷം വീട് കോളനി<br>വാർഡ്-1 | മുദ്രപ്പത്രം ശൂന്യമായി സൂക്ഷി ച്ചിരിക്കുന്നു.കരാർ തീയതി എഴുതിയിട്ടില്ല. | 40,000/- |

| | | | |
|---|---|---|---|
| 10 | അശ്വതി.L(രാജേഷ്.കെ.ആർ)<br>ചേക്കോട്ടുമഠം<br>വാർഡ്-12 | 09/02/23 | 40,000/- |
| 11. | സേതു ചെത്തിപ്പറത്ത്<br>വാർഡ്-5 | 24/04/23 | 40,000/- |
| 12 | ബിനീഷ്.കെ.സി<br>കറുകത്തറ വീട്<br>വാർഡ്-2 | 20/02/23 | 40,000/- |
| 13 | സംഗീതാമോൾ.എം.എസ്-<br>വാർഡ് നം.ലഭ്യമല്ല | 10/03/23 | 40,000/- |

പടിഞ്ഞാറേക്കര ഡിവിഷൻ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ ഈ പ്രോജക്ടിൽ അഡ്വാൻസ് കൈപ്പറ്റിയിട്ടും നാളിതുവരെ പ്രസ്തുത ഗുണഭോക്താക്കൾ ധനസഹായത്തിന്റെ തുടർന്നുള്ള ഗഡുക്കൾ കൈപ്പററാത്തതിന്റെ കാരണം വ്യക്തമാക്കുന്നതിനും ഗുണഭോക്താക്കളുടെ ഭവനനിർമ്മാണത്തിന്റെ നിലവിലെ സ്ഥിതിവിവരവും ലഭ്യമാക്കുന്നതിനും (നം- 37/30-7-24) എന്ന നമ്പരിൽ ഓഡിറ്റ് എൻക്വറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

2)

| | |
|---|---|
| പ്രോജക്ട് | 36/24, ലൈഫ് ഭവന പദ്ധതി -ജനറൽ |
| അടങ്കൽ | 126260000/- |
| ചെലവ് | 3350000/-വികസന ഫണ്ട് (പൊതുവിഭാഗം)<br>6890000/- സംസ്ഥാന വിഹിതം<br>1200000/- ബ്ളോക്ക് വിഹിതം<br>763808/- ജില്ലാപഞ്ചായത്ത് വിഹിതം<br>5886192/-മറ്റുള്ളവ<br>ആകെ 1,80,90000/- |

എ) അഡ്വാൻസ് തുക മാത്രംകൈപ്പറ്റിയവർ

പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ കരാർ വച്ച് അഡ്വാൻസ് തുക മാത്രം കൈപ്പറ്റിയ ചുവടെചേർക്കുന്ന 18 ഗുണഭോക്താക്കൾ നാളിതുവരെ പദ്ധതിആനുകൂല്യത്തിന്റെ തുടർന്നുള്ള ഗഡുക്കൾ കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തതാണ്.

| ക്രമനമ്പർ | ഗുണഭോക്താവ് | കൈപ്പറ്റിയ തുക | കരാർതീയതി |
|---|---|---|---|
| 1 | ത്രേസ്യ<br>കരിയിൽ പുത്തൻതറ<br>വാർഡ്-16 | 40,000/- | ലഭ്യമല്ല |
| 2 | രമ്യമോൾ.റ്റി.പി-വാർഡ് നം.ലഭ്യമല്ല | 40,000/- | |

| | | | |
|---|---|---|---|
| 3 | ഷാജി.വി.എസ്,വെളിയിൽ പറമ്പ് വാർഡ്-13 | 40,000/- | |
| 4 | രതീഷ് മോൻ.കെ.ജി കുന്നത്ത് (പ്രണവം)-വാർഡ് നം.ലഭ്യമല്ല | 40,000/- | |
| 5 | വിലാസിനി പുലിയന്തറ-വാർഡ് നം.ലഭ്യമല്ല | 40,000/- | |
| 6 | സൂസി കരിമലേക്കാട്-വാർഡ് നം.ലഭ്യമല്ല | 40,000/- | |
| 7 | ഷീല.കെ.എസ്, മരപ്പാടി-വാർഡ് നം.ലഭ്യമല്ല | 40,000/- | |
| 8 | ഷണ്മുഖപ്രിയ,ഒതളത്തറ-വാർഡ് നം.ലഭ്യമല്ല | 40,000/- | |
| 9 | സലിം.ഇ.ജെ,ഈരത്തറയിൽ-വാർഡ് നം.ലഭ്യമല്ല | 40,000/- | |
| 10 | സി.എസ്.ജയകുമാരി-വാർഡ് നം.ലഭ്യമല്ല | 40,000/- | |
| 11. | അജയൻ,-വാർഡ് നം.ലഭ്യമല്ല പുലിത്തറയിൽ | 40,000/- | |
| 12 | കുമാരി, പുത്തൻതറ-വാർഡ് നം.ലഭ്യമല്ല | 40,000/- | |
| 13 | ശാരദ.കെറ്റി, വട്ടപ്പടവിൽ-വാർഡ് നം.ലഭ്യമല്ല | 40,000/- | |
| 14 | സിന്ധു, തേവരേഴത്ത്-വാർഡ് നം.ലഭ്യമല്ല | 40,000/- | |
| 15 | എൽസമ്മ തങ്കച്ചൻ, വലിയവീട്ടിൽ-വാർഡ് നം.ലഭ്യമല്ല | 40,000/- | |
| 16 | ശോഭന സാബു, പന്നിപ്പറമ്പിൽ-വാർഡ് നം.ലഭ്യമല്ല | 40,000/- | |
| 17 | ബാലകൃഷ്ണൻ, ചാലുങ്കൽ-വാർഡ് നം.ലഭ്യമല്ല | 40,000/- | |
| 18 | ദേവകി, മരുതംതറ-വാർഡ് നം.ലഭ്യമല്ല | 40,000/- | |

മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം നിലവിൽ ഏത് ഘട്ടം എത്തി എന്നത് സംബന്ധിച്ച മറുപടി ലഭ്യമാക്കിയില്ല. അഡ്വാൻസ് കൈപ്പറ്റിയിട്ടും നാളിതുവരെ പ്രസ്തുത ഗുണഭോക്താക്കൾ

ധനസഹായത്തിന്റെ തുടർന്നുള്ള ഗഡുക്കൾ കൈപ്പററാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതും, കൂടാതെ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ബി) വിവിധ ഗഡുക്കൾ കൈപ്പറ്റിയിട്ടുള്ളവർ

വിവിധ ഘട്ടങ്ങളായി ധനസഹായത്തിന്റെ വിവിധ ഗഡുക്കൾ കൈപ്പറ്റിയെങ്കിലും ഭവനനിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ലാത്തവരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവ് | വാർഡ് നം. | നാളിതുവരെ കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | ശ്രുതിമോൾ, തെക്കേക്കാട്ടിതറ- | വാർഡ് നം.ലഭ്യമല്ല | 1,40,000/- |
| 2 | സേവ്യർ, പനച്ചിക്കൽ- | 8 | 2,20,000/- |
| 3 | സന്തോഷ്,അരയൻപടവിൽ-വാർഡ് നം.ലഭ്യമല്ല | 3 | 3,00,000/- |
| 4 | വേണു.കെ-ഠവാർഡ് നം.ലഭ്യമല്ല വാഴത്തറ | 17 | |
| 5 | സുലഭ, പുത്തൻ തറയിൽ | 17 | 1,40,000/- |
| 6 | അനീഷ്, ഒടിച്ചിറ- | 16 | 3,00,000/- |
| 7 | ലേഖാരാജ്,കലാഭവൻ | 17 | 1,40,000/- |
| 8 | ഷാജി, വയ്യാപ്പള്ളിൽ | 15 | 3,20,000/- |
| 9 | പ്രജിതമോൾ.പി, നികർത്തിൽ | 2 | 3,00,000/- |
| 10 | മോനിഷ മോഹൻ മൂലേമഠത്തിൽ- | 2 | 3,50,000/- |
| 11 | രാജേഷ്.ഡി, കളത്തിൽ | 17 | 3,20,000/- |
| 12 | സുനിൽകുമാർ,ഒറ്റയിൽ | 6 | 3,20,000/- |
| 13 | അജിത, പീടികത്തറ | 13 | 3,50,000/- |
| 14 | ശകുന്തള,കൊല്ലംപറമ്പിൽ | 4 | 3,20,000/- |
| 15 | സുനിമോൾ.എം.എസ്, തേങ്കേരിൽ വീട് | 7 | 3,50,000/- |
| 16 | രഘു, മുല്ലക്കേരിത്തറ | 2 | 3,00,000/- |
| 17 | സത്യനാഥ്.എൻ.ഡി | 15 | 3,40,000/- |
| 18 | ജലജ, പുത്തൻതറ | 13 | 2,00,000/- |
| 19 | അംബുജാക്ഷൻ,നാഗംപൂഴിക്കാട് | 17 | 3,50,000/- |
| 20 | ഡോണ ജയൻ | 13 | 310000/- |
| 21 | ദമയന്തി, കാലത്തുതറ | 4 | 3,50,000/- |
| 22 | ഗീത രഘുവരൻ വെളിപ്പറമ്പ് | 13 | 3,00,000/- |

| | | | |
|---|---|---|---|
| 23 | ശങ്കരൻ കുട്ടി<br>പടിക്കപ്പറമ്പിൽ | 4 | 3,50,000/- |
| 24 | രേവതിമോൾ, ബലിക്കളത്തിൽ | 4 | 3,00,000/- |
| 25 | സൗമ്യ അനിരുദ്ധൻ | | 3,60,000/- |
| 26 | ഗിരിജ ഒറ്റക്കണ്ടത്തിൽ | 12 | 2,80,000/- |
| 27 | പ്രമോദ്.പി.കെ | 1 | 3,00,000/- |
| 28 | ഗീതാകുമാരി, ചന്ദ്രാലയം | 14 | 3,50,000/- |
| 29 | വിമല, മുണ്ടൻകേരിൽ | 1 | 3,50,000/- |
| 30 | സുനിൽ കുമാർ, തുരുത്തേൽ | 16 | 3,00,000/- |
| 31 | മായ.എം.ആർ, പരീത്തറയിൽ | 2 | 2,80,000/- |
| 32 | സുനിൽകുമാർ<br>ഇടപ്പറമ്പിൽ | | 2,60,000/- |
| 33 | അമ്മിണി, ചന്ദ്രാലയം | 4 | 2,00,000/- |
| 34 | ജയറാം പുളിയഞ്ചാത്ത് | 7 | 3,50,000/- |
| 35 | ശ്രുതി.കെ.എസ്<br>കരിപ്പായിൽ | 3 | 3,00,000/- |
| 36 | ജിജി മണിയൻ<br>മുട്ടത്തിപ്പടവ് | 1 | 2,00,000/- |
| 37 | റഫീക്ക്.കെ, അരിതാരത്ത് | 2 | 3,00,000/- |
| 38 | ശോഭ അശോകൻ | 10 | 3,00,000/- |
| 39 | രമേശൻ.കെ, നികർത്തിൽ | 15 | 3,00,000/- |
| 40 | സരോജിനി<br>വളവനൊടിത്തറ | 3 | 3,00,000/- |
| 41 | രാധാമണി പ്രസാദ്<br>അമൽ നിവാസ് | | 3,00,000/- |
| 42 | ബൈജുമോൻ.കെ.എസ്,<br>കുന്നത്ത് | 2 | 3,00,000/- |
| 43 | അഞ്ജലി, ചുണ്ടത്തറ | | 3,50,000/- |
| 44 | പ്രിയ, വളവൊനൊടിത്തറ | 3 | 3,00,000/- |
| 45 | രജനി, കളരിക്കൽ | 13 | 2,80,000/- |
| 46 | ജയമ്മ , പാട്ടത്തറ | 2 | 3,50,000/- |
| 47 | ഐശ്വര്യ, ലക്ഷ്മി നിവാസ് | 2 | 3,50,000/- |
| 48 | മനീഷ.കെ.യു, കരീപ്പാടം | 12 | 3,00,000/- |
| 49 | മേരി പൗലോസ്, മംഗലത്ത് | 4 | 3,50,000/- |
| 50 | എ.സി.സജീവ്,ആഞ്ഞിലിത്തറ | 5 | 3,00,000/- |
| 51 | ഷാജി, വലിയതേൻമിറ്റം | 5 | 3,00,000/- |
| 52 | ചിത്രൻ, മൂന്ന് തെങ്ങുംതറ | 1 | 3,50,000/- |
| 53 | രാധ, പറമ്പത്ത് വീട് | 14 | 3,50,000/- |

| | | | |
|---|---|---|---|
| 54 | നവീന ചന്ദ്രൻ, ഈരയിൽ | 1 | 3,50,000/- |
| 55 | അനിൽ.എ, പുത്തൻതറ | 17 | 3,00,000/- |
| 56 | കുമാരി, കുന്നപ്പള്ളിൽ | 1 | 3,50,000/- |
| 57 | ലീല , പുറത്തയിൽ | 14 | 3,50,000/- |
| 58 | കാഞ്ചന, മുത്തിനിക്കാട് | 15 | 2,80,000/- |
| 59 | ഷീനാമോൾ | 12 | 3,50,000/- |
| 60 | സ്മിത, മുണ്ടംപുറത്ത് | 4 | 3,00,000/- |
| 61 | മഞ്ജു, വടക്കേടത്ത് ചിറ | 11 | 3,50,000/- |
| 62 | സെബാസ്റ്റ്യൻ, ചെമ്മഴത്ത്, മരിയ ഭവൻ | 14 | 3,50,000/- |
| 63 | രാജേഷ്.സി.എസ്, വടക്കേകോട്ടപ്പുറത്ത് | 13 | 3,50,000/- |
| 64 | രഞ്ജുമോൾ, ജ്യൂനിവാസ് | 5 | 3,00,000/- |

ഉദയനാപുരം ഡിവിഷൻ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ മേൽ പ്രോജക്ടിൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണ പുരോഗതി ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറികൾ നൽകിയിരുന്നുവെങ്കിലും (നം- 45/ 31-7-24) മറുപടി ലഭ്യമാക്കിയില്ല. പ്രോജക്ടുമായി ബന്ധപ്പെട്ട പൂർണ്ണമായ രേഖകൾ, രജിസ്റ്ററുകൾ എന്നിവ ലഭ്യമാക്കാതിരുന്നതിനാൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം നിലവിൽ ഏത് ഘട്ടം എത്തി എന്നത് സംബന്ധിച്ചും കരാർ തീയതി സംബന്ധിച്ചും വ്യക്തതയില്ല. ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതും പൂർത്തീകരിക്കുന്നമുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

**1-45 ടാറിംഗ്പ്രവൃത്തികൾ - ബാരൽവില നിശ്ചിത ശീർഷകത്തിൽ അക്കൗണ്ട് ചെയ്യിട്ടില്ലാത്തതിനാൽ സർക്കാരിലേക്ക് തിരിച്ചടച്ചിട്ടില്ല**

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 30-10-17-ലെ 59827/എഫ്.എം /07 നമ്പർ സർക്കുലർ പ്രകാരം ടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിക്കുന്ന ടാർവീപ്പകളുടെ വില ഏത് ഫണ്ടിൽനിന്നാണോ ടാർ വാങ്ങിയത് അഥവാ ഏത് ഫണ്ട് വിനിയോഗിച്ചാണോ പ്രവൃത്തി നടത്തിയത് അതേ ഫണ്ടിലേക്ക് ധനകാര്യവകുപ്പിന്റെ 12-4-06-ലെ ജി.ഓ.(പി) 177/06/ നമ്പർ ഉത്തരവിലെ ഖണ്ഡിക 10.3 പാലിച്ച് സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ ഫയലുകൾ പരിശോധിച്ചതിൽ തൻവർഷം ധനകാര്യക്കമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ് എന്നിങ്ങനെ വിവിധ സർക്കാർ ഗ്രാന്റ് വിനിയോഗിച്ച് നടപ്പാക്കിയ റോഡുപ്രവൃത്തികളിൽ ടാർവീപ്പകളുടെ വിലയിനത്തിൽ കരാറുകാരിൽനിന്നും ഈടാക്കിയ തുക നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കാതെ ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതായി കാണുന്നു. പഞ്ചായത്തിന്റെ വാർഷികധനകാര്യപത്രികയിൽ നിശ്ചിത ശീർഷകത്തിൽ ടി തുക പ്രതിഫലിച്ചിട്ടുമില്ല. പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | വിനിയോഗിച്ച ഫണ്ട് | ഈടാക്കിയ വീപ്പവില | ജിഎസ്റ്റി തുക |
|---|---|---|---|
| 118/24 മരക്കലംതറ-അങ്ങേത്തറ റോഡ് ടാറിംഗ് | ധനകാര്യക്കമ്മീഷൻ അവാർഡ് | 2618 | 473 |

| | | | |
|---|---|---|---|
| 108/24 കണിയാൻതോട്-കനാൽറോഡ് | ,, | 952 | 172 |
| 109/24 കരിയിൽ-ചീപ്പുങ്കൽറോഡ് | ,, | 1666 | 301 |
| 101/24 എസ്എൻഡിപി -ആറ്റുമാലി റോഡ് | റോഡ് സംരക്ഷണഗ്രാന്റ് | 3570 | 645 |
| 139/24 ശ്രീനാരായണ-ആറ്റുമാലി റോഡ് ടാറിംഗ് | വികസനഫണ്ട്-ജനറൽ | 5712 | 1032 |
| 87/24 മാവേലിത്തറ റോഡ്ടാറിംഗ് | മെയിന്റനൻസ്ഗ്രാന്റ് ഗ്രാന്റ് | 2856 | 516 |
| *170*/24 കരിയിൽ-ചീപ്പുങ്കൽറോഡ് | മെയിന്റനൻസ്ഗ്രാന്റ് ഗ്രാന്റ് | 2142 | 387 |
| 169/24 കണിയാൻതോട്-കനാൽറോഡ് | വികസനഫണ്ട് (എസ്.സി.പി) | 2142 | 387 |
| 147/24പെരുംചില പരുത്തിമൂട് റോഡ് | മെയിന്റനൻസ്ഗ്രാന്റ് | 1904 | 344 |
| 178/24 ഇത്തിപ്പുഴ-കൊട്ടാരം കൊച്ചുപുരയ്ക്കൽറോഡ് | ,, | 4046 | 731 |
| 150/24 നാനാടം എഴുമാലിൽ റോഡ് | ,, | 2618 | 473 |
| 83/24 മുട്ടുങ്കൽ -ചിറപ്പാട് റോഡ് | ,, | 3808 | 688 |
| 171/24ചേനാട്ടുതറ -കോട്ടാപ്പള്ളി റോഡ് | വികസനഫണ്ട്-എസ്.സി.പി | 1190 | 215 |
| 168/24ആറാട്ടുകുളം കടമ്പ്ര റോഡ് | സിഎഫ് സി അവാർഡ്തുക | 1666 | 301 |
| 155/24പരുത്തിക്കാനിലം കണിയാടം റോഡ് | ,സിഎഫ് സി അവാർഡ്തുക | 1904 | 344 |
| 159/24ഭജനമഠം-പുളിക്കാത്തറ റോഡ് | സിഎഫ് സി അവാർഡ്തുക | 1904 | 344 |
| 169/24കണിയാം തൊട്ടുകനാൽറോഡ് | വികസനഫണ്ട്-എസ്.സി.പി | 4046 | 731 |
| 165/24നട്ടുത്തട്ട്കരി പുറംബണ്ട്റോഡ് | ,, | 2618 | 473 |

| | | | |
|---|---|---|---|
| | ആകെ | 43942/- | 8557/- |

വിശദീകരണം ലഭ്യമാക്കുന്നതിനും പരിഹാരനടപടികൾ സ്വീകരിക്കുന്നതിലേക്കുമായി മേൽ അപാകത ശ്രദ്ധയിൽപ്പെടുത്തിയതിനെതുടർന്ന് (എൻക്വയറിനമ്പർ 44/31-7-24) ലഭ്യമാക്കിയ മറുപടിയിൽ ബിൽ തുക കൈമാറിയ സമയത്തുതന്നെ സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ടി തുക ക്രഡിറ്റ് ചെയ്തിട്ടുള്ളതാണെന്ന് വിശദീകരണം നൽകി. ബിൽ പരിശോധിച്ചതിൽ സർവ്വീസ് ചാർജ് എന്ന ശീർഷകത്തിലാണ് ജി എസ് റ്റി ഈടാക്കിയിട്ടുള്ളതെന്ന് കാണുന്നു. പ്രസ്തുത അപാകത തുടർന്നുള്ള ബില്ലുകളിൽ പരിഹരിക്കേണ്ടതാണ്. കൂടാതെ ഇപ്രകാരം അക്കൗണ്ടിലേക്ക് കൈമാറിയ തുക സംബന്ധിച്ച് പ്രവൃത്തിയുടെ വിവരങ്ങൾ, ബിൽതീയതി, ബാരൽവില, ജിഎസ് റ്റി ഇനത്തിലുമുള്ള തുകയുടെ വിശദാംശങ്ങൾ എന്നിവ തയ്യാറാക്കി ഓരോയിനത്തിലുമുള്ള ആകെത്തുകയും കണക്കാക്കി പഞ്ചായത്തിന് നൽകേണ്ടതും തുക യഥാസമയം നിശ്ചിത ശീർഷകത്തിൽ അടവാക്കേണ്ടതുമാണ്.

**1-46 സ്കൂളുകളിൽ ജൈവവൈവിധ്യ ഉദ്യാനത്തിന്റെ പുനർനിർമ്മാണം- അപാകതകൾ**

| | |
|---|---|
| പ്രോജക്ട്നം | 126/24 |
| വകയിരുത്തൽ | 100000/-(സംരക്ഷണഗ്രാന്റ് -നോൺ റോഡ്) |
| ചെലവ് | 100000/- |
| ബിൽനമ്പർ | 460/20-3-24 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ് |

ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള വിവിധ സർക്കാർ സ്കൂളുകളിലെ ജൈവവൈവിധ്യ ഉദ്യാനങ്ങളുടെ പുനർനിർമ്മാണത്തിനായി ചെടികളും ഫലവൃക്ഷതൈകളും വാങ്ങി നട്ടുപിടിപ്പിക്കുന്നതിനായിട്ടാണ് പ്രോജക്ട് ആവിഷ്കരിച്ചത് . ക്വട്ടേഷൻ നടപടികളിലൂടെ ലഭ്യമായ മൂന്ന ക്വട്ടേഷനുകളിൽ കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ ഗ്രീൻനഴ്സറി, തലയാഴം എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ നിർവ്വഹണോദ്യോഗസ്ഥ അംഗീകരിക്കുകയും ചെയ്തിരുന്നു. ഫയൽ പരിശോധിച്ചതിൽ പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1)ക്വട്ടേഷൻ, പ്രൊക്വർമെന്റ് കമ്മിറ്റി അംഗീകരിച്ചതിന്റേയും വാങ്ങൽനടപടിക്ക് പഞ്ചായത്ത് കമ്മിറ്റി അനുമതി നൽകിയതിന്റേയും രേഖകൾ ഫയലിൽ ലഭ്യമല്ല

2)അംഗീകരിച്ച ക്വട്ടേഷനിൽ കൺവെയൻസ് തുകയായി രേഖപ്പെടുത്തിയിരുന്നത് 500/- രൂപ മാത്രമായിരുന്നു. എന്നാൽ ബിൽപ്രകാരം 1500രൂപ അനുവദിച്ചിട്ടുണ്ട്.

3)തൈകൾ വിതരണം ചെയ്തിട്ടുള്ള 6 സ്കൂളുകളിൽ 3 സ്കൂളുകൾ നേരിട്ട് പരിശോധിച്ചതിൽ വിതരണം ചെയ്തിട്ടുള്ള ഫലവൃക്ഷ തൈകളും പൂച്ചെടികളും പലതും ഇല്ലാത്തതായും ചിലത് ഉണങ്ങിപ്പോയ നിലയിലും കണാനിടയായി.

4) നേരേകടവ് ഗവ. എൽ പി.എസിൽ ബിൽപ്രകാരം ചുവടെ ചേർക്കുന്ന ഫലവൃക്ഷതൈകൾ വിതരണം ചെയ്തിരുന്നു.

| ഫലവൃക്ഷതൈ | എണ്ണം/ /യൂണിറ്റ്നിരക്ക് | ആകെത്തുക |
|---|---|---|
| മാതളം | 5 @ 250 | 1250 |
| പപ്പായ | 10 @50 | 500 |
| റംബൂട്ടാൻ | 2 @ 600 | 1200 |
| വിയറ്റ്നാം ചാമ്പ | 5 @ 200 | 1000 |
| പേര | 8 @ 250 | 2000 |
| സപ്പോട്ട | 3 @ 600 | 1800 |
| മുള്ളാത്ത | 4 @ 110 | 440 |
| മാംഗോസ്റ്റിൻ | 5 @ 400 | 2000 |
| പ്ലാവ് | 5 @ 500 | 2500 |
| മാവ് | 5 @ 450 | 2250 |
| മിറക്കിൾ | 3 @ 400 | 1200 |
| | | 16140/- |

എന്നാൽ മേൽപ്പറഞ്ഞ തൈകൾ ഒന്നും സ്കൂളിൽ നട്ടിട്ടുള്ളതായി പരിശോധനയിൽ കാണാൻ സാധിച്ചില്ല. സ്കൂളിൽ സ്ഥലപരിമിതി മൂലം ആയത് താൽക്കാലികമായി നഴ്സറിയിൽത്തന്നെ സൂക്ഷിച്ചിട്ടുള്ളതായി നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചു. എന്നാൽ ഇതു സംബന്ധിച്ച വിവരങ്ങൾ ഫയലിൽ വ്യക്തമാക്കിയിട്ടില്ല.

അപാകതകൾ സംബന്ധിച്ച് രേഖാമൂലം വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടതിന് (എൻക്വയറി നമ്പർ- 35/30-7-24) ലഭ്യമാക്കിയ മറുപടിയിൽ തൈകൾ സ്കൂളുകൾക്ക് വിതരണം നടത്തിയപ്പോൾ പരിപാലനം കൂടി നടത്തുന്ന കാര്യം നിർദ്ദേശിച്ചിരുന്നുവെന്നും എന്നാൽ ഏപ്രിൽ, മെയ് മാസങ്ങളിലെ ചൂട് കാരണം ചെടികൾ പലതും നശിച്ചതായും വ്യക്തമാക്കുകയുണ്ടായി. കൂടാതെ പഞ്ചായത്ത് വക സ്ഥലത്ത് പുതിയ സ്കൂൾകെട്ടിടം നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതായും ഇവിടെ ടോയ്‌ലറ്റ്, പാചകപ്പുര എന്നിയുടെ സ്ഥാനം നിശ്ചയിച്ചതിനുശേഷം ഫലവൃക്ഷതൈകൾ നട്ടുപരിപാലിച്ചുകൊള്ളാമെന്നും വിശദീകരണം നൽകി.

തൈകൾ നടുന്നതിന് സ്കൂളിൽ സ്ഥലസൗകര്യമില്ലാതിരുന്ന സാഹചര്യത്തിൽ മുൻകൂറായി തുക ചെലവഴിച്ച് തൈകൾ വാങ്ങിയ നടപടി ക്രമപ്രകാരമല്ല. ഇത് സർക്കാർഫണ്ടിന്റെ ദുർവിനിയോഗമായി വിലയിരുത്തുന്നു. ആയതിനാൽ പുതുതായി നിർമ്മിക്കപ്പെട്ട സ്കൂൾകെട്ടിടത്തിന്റെ കോമ്പൗണ്ടിൽ സൗകര്യമൊരുക്കി ചെലവഴിച്ച തുകയ്ക്കുള്ള തൈകൾ നഴ്സറിയിൽനിന്നും പൂർണ്ണമായും ലഭ്യമാക്കി നട്ടുപരിപാലിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതും തുടർനടപടികളുടെ വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. ആയതുവരേയ്ക്കും ലഭ്യമായിട്ടില്ലാത്ത തൈകളുടെ വിലയിനത്തിലുള്ള 16140/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-47 ഫിഷ് ലാന്റിംഗ് സെന്റർ നവീകരണം- നിർമ്മിക്കപ്പെട്ട ടോയ് ലറ്റ് കോംപ്ലക്സ് ഉപയോഗയോഗ്യമാക്കിയിട്ടില്ല**

| | |
|---|---|
| പ്രോജക്ട് | S0160/24 ഫിഷ് ലാന്റിംഗ് സെന്റർ നവീകരണം |
| അടങ്കൽ | 300000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 300239/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| കരാറുകാരൻ | വിൻസന്റ് ആന്റണി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

16-ാം വാർഡിൽ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഫിഷ് ലാന്റിംഗ് സെന്ററിന്റെ നവീകരണവുമായി ബന്ധപ്പെട്ട് കെട്ടിടത്തിനോട് ചേർന്ന് വെളിയിൽ ടോയ്‌ലറ്റ് കോപ്ലക്സ് നിർമ്മിക്കുന്നതിനായി സിഎഫ് സി ടൈഡ് ഗ്രാന്റിൽനിന്നും 300239/-രൂപ ചെലവഴിച്ചിട്ടുണ്ട്. ടെണ്ടർ നടപടികളിലൂടെ വിൻസന്റ് ആന്റണി എന്ന കരാറുകാരന് പ്രവൃത്തി ഏൽപ്പിച്ചുനൽകുകയും ടിയാൻ 30-6-23ൽ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു. 30-7-24-ൽ നടത്തിയ സ്ഥലപരിശോധനയിൽ ടോയ്‌ലറ്റ് ഉപയോഗിക്കുന്നില്ലാത്ത നിലയിലാണ് കണ്ടത്. ടോയ്‌ലറ്റിലേക്ക് പോകാൻ പറ്റാത്ത തരത്തിൽ പരിസരം കാടുപിടിച്ച നിലയിലാണ്. ഫിഷ് ലാന്റിംഗ് സെന്റർ നിലവിൽ നിശ്ചിത ഉദ്ദേശ്യത്തിനായി പ്രവർത്തിക്കുന്നില്ലാത്തതാണ്. സമീപത്ത് പ്രവർത്തിച്ചുകൊണ്ടിരുന്ന അങ്കണവാടിയുടെ കെട്ടിടത്തിന് ബലക്ഷയം സംഭവിച്ചതിനാൽ പ്രസ്തുത അങ്കണവാടി നിലവിൽ ഈ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് . എന്നാൽ ടോയ്‌ലറ്റ് ഇവർക്കും പ്രയോജനപ്പെടാത്ത സാഹചര്യമാണ്.

മൂന്നുലക്ഷത്തിലധികം രൂപ ചെലവഴിച്ച് നിർമ്മിക്കപ്പെട്ട ടോയ്‌ലറ്റുകൾ ഉപയോഗക്ഷമമാക്കിയിട്ടില്ലാത്തതിന്റെ കാരണം സംബന്ധിച്ച് രേഖാമൂലം വിശദീകരണം ലഭ്യമാക്കണമെന്നറിയിച്ച് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് (നം.46/31-7-24) നിർവ്വഹണോദ്യോഗസ്ഥനായിരുന്ന അസിസ്റ്റന്റ് എൻജിനീയർ ല്യമാക്കിയ മറുപടിയിൽ ടോയ്‌ലറ്റ് കോംപ്ലക്സിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതാണെന്നും വാട്ടർകണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സെക്രട്ടറി മുഖേന നടപ്പിലാക്കേണ്ടതാണെന്നും അറിയിച്ചു.

കെട്ടിടം സ്ഥിതിചെയ്യുന്ന സ്ഥലവും പരിസരവും വൃത്തിയാക്കി നിർമ്മിക്കപ്പെട്ട ടോയ്‌ലറ്റ് കോംപ്ലക്സുകളിലേക്ക് വഴിസൗകര്യമൊരുക്കേണ്ടതും വാട്ടർകണക്ഷൻ ലഭ്യമാക്കി ഉപയോഗക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. തുടർനടപടികൾക്കായി വിഷയം

വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പഞ്ചായത്ത് ഭരണ സമിതിയുടേയും ശ്രദ്ധയിൽപ്പെടുത്തുന്നു.

**1-48 വിഷയാധിഷ്ഠിത അവലോകനം - ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ**

നവകേരള സൃഷ്ടിക്കായി സവിശേഷ ഇടപെടൽ ആവശ്യമായ 4 മേഖലകളിലെ ഗുണപരമായ മാറ്റങ്ങൾക്കുവേണ്ടിയുള്ള 4 മിഷനുകളിലൊന്നാണ് ഹരിതകേരളമിഷൻ. ഹരിതകേരളത്തിന്റെ പ്രധാനപ്പെട്ട ഉപമിഷനാണ് ശുചിത്വവും മാലിന്യസംസ്കരണവും. സങ്കീർണ്ണമായ മാലിന്യ പരിപാലനപ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹാരമാർഗ്ഗങ്ങൾ അവലംബിക്കുന്നതിനും തദ്ദേശഭരണസ്ഥാപനങ്ങളെ സഹായിക്കുക, ശാസ്ത്രീയമാലിന്യപരിപാലനം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിരമാക്കുക എന്നിവയാണ് മിഷന്റെ പ്രധാന ലക്ഷ്യങ്ങൾ.

പ്രാദേശിക സാഹചര്യങ്ങൾക്കനുസരിച്ച് കേരളം വികസിപ്പിച്ചെടുത്ത സുസ്ഥിരവികസന സൂചികകളെ ഐക്യരാഷ്ട്ര സംഘടനാ സൂചികകളുമായി താരതമ്യപ്പെടുത്തി ആയതിന്റെ അടിസ്ഥാനത്തിൽ കർമ്മപദ്ധതികൾക്ക് രൂപം നൽകേണ്ടത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളാണ്. കോട്ടയം ജില്ലയിലെ വൈക്കം ബ്ലോക്കിൽ ഉൾപ്പെട്ട ഉദയനാപുരം ഗ്രാമപഞ്ചായത്ത് മാലിന്യ നിർമ്മാർജ്ജനമേഖലയിൽ സർക്കാർ നിർദ്ദേശാനുസരണം രൂപീകരിച്ചിട്ടുള്ള സംവിധാനങ്ങളും, അവയിലൂടെ അനിവാര്യചുമതലകളുടെ ഭാഗമായും വാർഷിക പദ്ധതികളുടെ ഭാഗമായും മാലിന്യസംസ്കരണം/നിർമ്മാർജ്ജനം ലക്ഷ്യമാക്കി നടപ്പാക്കിയിട്ടുള്ള വിവിധ പ്രവർത്തനങ്ങളും ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങളുടേയും നേരിട്ടുള്ള പരിശോധനയുടേയും അടിസ്ഥാനത്തിൽ അവലോകനം ചെയ്തതിൽ ബോദ്ധ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഉദയനാപുരം ഗ്രാമപഞ്ചായത്തിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനം പൊതുവെ തൃപ്തികരമാണ്.

ഹരിത കർമ്മ സേന വാതിൽപ്പടി ശേഖരണത്തിലൂടെ മാലിന്യ ശേഖരണം വളരെ നല്ല രീതിയിൽ നിർവ്വഹിച്ചുപോരുന്നു. ഏകദേശം 2500kg മാലിന്യം പ്രതിമാസം സംഭരിക്കുന്നുണ്ട്. ഈ മാലിന്യനിർമ്മാർജ്ജനം/സംസ്കരണപ്രവർത്തനങ്ങളുടെ ഭാഗമായി ബോധവല്ക്കരണ പ്രവർത്തനങ്ങളും നടത്തുന്നു. ഉദയനാപുരം ഗ്രാമപഞ്ചായത്തിലെ 17 വാർഡുകളിൽ ഏകദേശം 6097 ആൾ താമസം ഉള്ള വീടുകളും 296 സ്ഥാപനങ്ങളും ഉണ്ട്. ഒരു വാർഡിൽ 2 പേർ വീതം 34 ഹരിത കർമ്മ സേനാംഗങ്ങളുടെ നേതൃത്വത്തിൽ ആദ്യ 15 ദിവസം വാതിൽപ്പടി ശേഖരണം നടത്തുന്നു. ഹരിത കർമ്മ സേന ശേഖരിക്കുന്ന മാലിന്യങ്ങൾ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള ബോട്ടിൽ ബൂത്തുകൾ, മിനി എംസിഎഫുകൾ എന്നിവിടങ്ങളിലേക്ക് എത്തിക്കുകയും അവിടെ നിന്നും മെയിൻ എംസിഎഫിലേക്കെത്തിച്ച് അവിടെ നിന്നും ക്ലീൻ കേരള കമ്പനിയ്ക്ക് കൈമാറുകയുമാണ് ചെയ്യുന്നത്. പാതയോരങ്ങൾ, പൊതുഇടങ്ങൾ ജല സ്രോതസ്സുകൾ എന്നിവിടങ്ങളിൽ അടിഞ്ഞുകൂടിയ ലെഗസി മാലിന്യങ്ങൾ മാലിന്യ മുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി ജന പ്രതിനിധികൾ ഹരിതകർമ്മ സേനാംഗങ്ങൾ ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ എന്നിവരുടെ നേതൃത്വത്തിൽ ശേഖരിച്ച് ക്ലീൻ കേരളയ്ക്ക് കൈമാറിയിട്ടുണ്ട്.

മാലിന്യ ശേഖരണ പ്രവർത്തനങ്ങൾ

മാലിന്യ ശേഖരണത്തിനായി മുൻകൂട്ടി കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്. കലണ്ടറനുസരിച്ച് ആദ്യ 15 ദിവസം വാതിൽപ്പടി ശേഖരണവും 16 ന് കളക്ഷൻ മീറ്റിംഗ്, 17 മുതൽ 25 വരെ മാലിന്യം വേർതിരിക്കൽ 26 മുതൽ 27 വരെ തീയതികളിൽ മാലിന്യം മിനി എം.സി.എഫ് -ൽ നിന്നും എം.സി.എഫ് ലേയ്ക്ക് മാറ്റൽ, 28, 29 തീയതികളിലായി ക്ലീൻ കേരളയ്ക്ക് കൈമാറൽ, 30, 31 തീയതികളിൽ റിവ്യൂ മീറ്റിംഗ്എന്നിങ്ങനെയാണ് പ്രവർത്തനങ്ങളുടെ സമയക്രമം നിശ്ചയിച്ചിട്ടുള്ളത്. മാലിന്യ ശേഖരണ പ്രവർത്തനങ്ങൾക്കായി ഹരിതകർമ്മ സേനാംഗങ്ങൾക്ക് യൂണിഫോം, റെയിൻ കോട്ട്, ഐ.ഡി കാർഡ്, ബൂട്ട്, ഗ്ലൗസ്എന്നിവ പ്രോജക്ട് പ്രകാരം നൽകിയിട്ടുണ്ട്. ഓരോ വാർഡിലും മിനി എം.സി.എഫ് സ്ഥാപിച്ചിട്ടുണ്ട്. മെയിൻ എം.സി.എഫിലേക്ക് ബെയ്‌ലിംഗ് മെഷീൻ വാങ്ങിയിട്ടുണ്ടെങ്കിലും മെഷീൻ എം.സി.എഫ് ന് ഉള്ളിൽ സ്ഥാപിച്ച് പ്രവർത്തനം തുടങ്ങിയിട്ടില്ല. ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനായി വീടുകൾക്കും അങ്കണ വാടികൾക്കും റിംഗ് കമ്പോസ്റ്റുകൾ നൽകിയിട്ടുണ്ട്. ടേക്ക് എ ബ്രേക്ക് നിലവിൽ വരുന്നതോടു കൂടി പൊതുശൗചാലയങ്ങളും യാഥാർത്ഥ്യമാവും.
പൊതു ഇടങ്ങളിൽ മാലിന്യം വലിച്ചെറിയുന്നവരെ കണ്ടെത്തി ശിക്ഷാനടപടികളുടെ ഭാഗമായി പിഴയിനത്തിൽ 33,000/-രൂപയും തൻവർഷം ഈടാക്കിയിട്ടുണ്ട്. ഹരിത കർമ്മസേനാംഗങ്ങൾക്ക് പ്ലാസ്റ്റിക്ക് തരം തിരിക്കൽ, കണക്കുകളും രേഖകളും സൂക്ഷിക്കൽ, ഹരിത മിത്രം ആപ്പ് ഉപയോഗിക്കൽ എന്നീ വിഷയങ്ങളിൽ പരിശീലനം നൽകിയിട്ടുണ്ട്. എല്ലാ മാസവും ഭരണ സമിതിയുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർ കുടുംബശ്രീ, ശുചിത്വമിഷൻ ബ്ലോക്ക് കോ-ഓർഡിനേറ്റർ, യൂത്ത് വോളന്റിയർമാർ എന്നിവർ ചേർന്ന് ഹരിതകർമ്മ സേനയുടെ വാതിൽപ്പടി ശേഖരണം യൂസർഫീ കളക്ഷൻ എന്നിവ റിവ്യൂ ചെയ്യുകയും പുരോഗതി വിലയിരുത്തിപ്പോരുകയും ചെയ്യുന്നു.

ഹരിതകർമ്മസേനയിലൂടെയും ഇതരമാർഗ്ഗങ്ങളിലൂടെയും ഗ്രാമപഞ്ചായത്ത് നടത്തികൊണ്ടിരിക്കുന്ന മാലിന്യനിർമ്മാർജ്ജനപ്രവർത്തങ്ങൾ വിലയിരുത്തുമ്പോൾ സമ്പൂർണ്ണ മാലിന്യമുക്തഗ്രാമം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതും സാങ്കേതികവിദ്യകൾ ഇനിയും ലഭ്യമാക്കേണ്ടതുണ്ടെന്നും അടിസ്ഥാനസൗകര്യങ്ങൾ കൂടുതൽ വിപുലപ്പെടുത്തേണ്ടതുണ്ടെന്നും ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം

ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ 2023-24 വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 11/06/2024 ലെ 8(12) നം. തീരുമാന പ്രകാരം അംഗീകരിച്ച് 5.07.2024 ൽ AIMS സോഫ്റ്റ്‌വെയറിൽ ഓൺലൈനായി ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 24/07/2024, 25/07/2024 തീയതികളിൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ ഓഡിറ്റ് സാക്ഷ്യപത്രം ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 1-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇംഗ്ലീഷിലുള്ള ഓഡിറ്റ് സാക്ഷ്യപത്രം (Audit Certificate 2023-24) അനുബന്ധം-1 ആയും ചേർത്തിട്ടുണ്ട്. സർക്കാർ/പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത 2023-24 വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2024-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം ഈ റിപ്പോർട്ടിന്റെ അനുബന്ധങ്ങളായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2023-24 വർഷം സംയുക്ത പ്രോജക്ടിനായി കോട്ടയം ജില്ലാ പഞ്ചായത്തിൽ നിന്ന് 4777332/- രൂപയും വൈക്കം ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് 2435161/- രൂപയും ലഭിച്ചിട്ടുണ്ട്. സംയുക്ത പ്രോജക്ട് ഫണ്ടിന്റെ വിനിയോഗം ധനകാര്യ പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|
| വൈക്കം ബ്ലോക്ക് പഞ്ചായത്ത് | 187906 | അതി ദരിദ്രരുടെ വീട് വാസയോഗ്യമാക്കൽ - 37/24 | 187906 | 0 |
| വൈക്കം ബ്ലോക്ക് പഞ്ചായത്ത് | 240000 | ലൈഫ് 2020 പാർപ്പിട പദ്ധതി - പട്ടികജാതി വിഭാഗം- 106/24 | 240000 | 0 |
| വൈക്കം ബ്ലോക്ക് പഞ്ചായത്ത് | 54417 | ഇ പി ഐ പി വീട് അറ്റകുറ്റപ്പണികൾ - 179/24 | 54417 | 0 |
| വൈക്കം ബ്ലോക്ക് പഞ്ചായത്ത് | 125000 | അംഗൻവാടി അനുപൂരക പോഷകാഹാരം-53/24 | 125000 | 0 |
| വൈക്കം ബ്ലോക്ക് പഞ്ചായത്ത് | 198800 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - 54/24 | 198800 | 0 |
| വൈക്കം ബ്ലോക്ക് | 1200000 | ലൈഫ് ഭവനപദ്ധതി - ജനറൽ - 36/24 | 1200000 | 0 |

| | | | | |
|---|---|---|---|---|
| പഞ്ചായത്ത് | | | | |
| വൈക്കം ബ്ലോക്ക് പഞ്ചായത്ത് | 379603 | ഇല്ലം നിറ വല്ലം നിറ മാനപ്പള്ളി പാടശേഖരത്തിൽ പുറംബണ്ട് നിർമ്മാണം – 177/24 | 379603 | 0 |
| വൈക്കം ബ്ലോക്ക് പഞ്ചായത്ത് | 49435 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി – 96/24 | 49435 | 0 |
| **ആകെ** | 2435161/- | | 2435161/- | 0 |
| കോട്ടയം ജില്ലാ പഞ്ചായത്ത് | 2540000 | ലൈഫ് 2020 പാർപ്പിട പദ്ധതി – പട്ടികജാതി വിഭാഗം– 106/24 | 2540000 | 0 |
| കോട്ടയം ജില്ലാ പഞ്ചായത്ത് | 200000 | അംഗൻവാടി അനുപൂരക പോഷകാഹാരം-53/24 | 200000 | 0 |
| കോട്ടയം ജില്ലാ പഞ്ചായത്ത് | 85000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് – 54/24 | 85000 | 0 |
| കോട്ടയം ജില്ലാ പഞ്ചായത്ത് | 763808 | ലൈഫ് ഭവനപദ്ധതി – ജനറൽ – 36/24 | 763808 | 0 |
| കോട്ടയം ജില്ലാ പഞ്ചായത്ത് | 1000000 | ഇല്ലം നിറ വല്ലം നിറ മാനപ്പള്ളി പാടശേഖരത്തിൽ പുറംബണ്ട് നിർമ്മാണം – 177/24 | 1000000 | 0 |
| കോട്ടയം ജില്ലാ പഞ്ചായത്ത് | 88524 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി – 96/24 | 88524 | 0 |
| കോട്ടയം ജില്ലാ പഞ്ചായത്ത് | 100000 | ലൈഫ് ഭവനപദ്ധതി – എസ്സി – 145/24 | 100000 | 0 |
| **ആകെ** | **4777332/-** | | **4777332/-** | |

**4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ**

| ക്രമ നം. | നിർവഹണ ഏജൻസി | പ്രോജക്ട് നമ്പർ,പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | കെ.എസ്.ഇ.ബി. | 219/24<br>കരിയിൽ ചീനംതറ റോഡ് പോസ്റ്റ് ഷിഫ്റ്റിംഗ് | 13951/- | 0 | 13951/- |
| 2 | ” | 72/24<br>വാർഡ്- 3, തോട്ടചിറ ഇഞ്ചക്കൽ റോഡ് സ്ട്രീറ്റ് ലൈൻ നീട്ടൽ | 175000/- | 0 | 175000/- |
| 3 | ” | 80/24<br>വാർഡ്-6 കാരക്കാത്തറ പനച്ചിച്ചുവട് റോഡ് സ്ട്രീറ്റ് ലൈൻ നീട്ടൽ | 175000/- | 0 | 175000/- |
| 4 | ” | 90/24<br>വാർഡ് -11 തയ്യിടയിൽ പാലം മുതൽ നക്കംത്തുരുത്ത് പാലം വരെ റോഡ് സ്ട്രീറ്റ് ലൈൻ നീട്ടൽ | 175000/- | 0 | 175000/- |
| 5 | ” | 91/24<br>വാർഡ്-13 കണ്ണംങ്കേരി നക്കംത്തുരുത്ത് മാവേലിത്തറ സ്ട്രീറ്റ് ലൈൻ നീട്ടൽ | 175000/- | 0 | 175000/- |
| 6 | ,, | വാർഡ്- 9-ൽ വാഴമനറോഡ്, കൊടിയാടി കോളനി റോഡ്<br>വാർഡ- 4-ൽ മഠത്തിപ്പറമ്പ് കോളനിറോഡ്, വലിയവീട് റോഡ്, കൊരളിക്കൽ മോട്ടോർപുരറോഡ്<br>വാർഡ-1-ൽ ആക്കിത്തറ-ഹെൽത് സെന്റർ റോഡ്<br>വേണഗോപാലക്ഷേത്രം റോഡ് (92/24) | 2,12,715/- | 0 | 2,12,715/- |

| | | | | | |
|---|---|---|---|---|---|
| 7 | മൈനർ ഇറിഗേഷൻ ഡിവിഷൻ, കോട്ടയം | 261/24 വിവിധവാർഡുകളിൽ തോടുകൾ ആഴം കൂട്ടി കല്ലുകെട്ടൽ | 13,29,856 | 0 | 13,29,856 |
| | | 260/24 വിവിധ വാർഡുകളിൽ തോടുകൾ ആഴം കൂട്ടൽ | 24,44,846 | 0 | 24,44,846 |
| | | 258/24വിവധ വാർഡുകളിൽ തോടുകൽ ആഴം കൂട്ടി നവീകരിക്കൽ | 27,17,100 | 0 | 27,17,100 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

2023-24 ധനകാര്യ പത്രിക പ്രകാരം തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകകൾ ഒന്നും നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പാതിരിച്ചടവ്

വായ്പാ രജിസ്റ്റർ പ്രകാരം ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.വായ്പ രജിസ്റ്റർ പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. വാർഷികധനകാര്യപത്രിക ബി 5 ഷെഡ്യൂൾ (Secured Loans), ബി 15 ഷെഡ്യൂൾ(Prepaid Expenses) എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു.വ്യത്യാസം വിശദീകരിച്ചിട്ടില്ല.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ, തീയതി | തൻവർഷ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് പദ്ധതി (കെ.യു.ആർ.ഡി. എഫ്.സി. ലോൺ) | ജി ഒ(എം.എസ്) 68/2018, 18.05.2018, ജി ഒ(എം.എസ്) 100/2018, 30.07.2018 | 7069442/- | 29167080/- | 4986933 | --- | 31249589/- |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

പഞ്ചായത്തിൽ സ്ഥിരനിക്ഷേപങ്ങൾ ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഓഡിറ്റ് റിക്കവറി സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2012-13 2013-14 | വിഷയാധിഷ്ഠിത അവലോകനംതദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നിഷ്ക്രീയ ആസ്തികൾ | 2014-15 | 4-1-5 | എസ് സി വർക്ക് ഷെഡ് വ്യവസായങ്ങൾ തുടങ്ങിയിട്ടില്ല. | നിയമസഭാ സമിതിയുടെ പരിഗണന യിലാണ്, |
| 2015 | പ്രവർത്തനക്ഷമതാ റിപ്പോർട്ട് ഖണ്ഡിക നം-5 | 2015-16 | 3-6-2 | തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ പട്ടികജാതി പട്ടികവർഗ വികസനപദ്ധതി നിർവ്വഹണം/വാഴമനഭാഗത്ത് എസ് സി സങ്കേതത്തിലേക്ക് വഴിസൗകര്യം ഇല്ല. | " |
| 2015- | പ്രവർത്തനക്ഷമതാ റിപ്പോർട്ട് ഖണ്ഡിക നം-4 | 2015-16 | 3-7-11 | എസ് സി/ എസ് റ്റി കർമ്മ സമിതി തീരുമാനങ്ങൾ നടപ്പിലാക്കിയില്ല. | " |
| 2014-15 | 2-2 | 2016-17 | അനുബന്ധം-3 | വസ്തുനികുതി പരിഷ്കരണ നടപടികൾക്ക് ആധികാരിക സ്ഥിരീകരണമില്ല | " |
| 2014-15 | 2-3 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി | " |
| 2019-20 | 1-22 | 2020-21 | അനുബന്ധം-1 | സാമൂഹ്യ സുരക്ഷ പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം | |

**4-9 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം**

ചാർജ്/സർചാർജ് നടപടികളിലൂടെ തൻവർഷം തുക ഈടാക്കിയിട്ടില്ല.

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് മുന്നിരിപ്പ് ഉൾപ്പെടെ(രസീത് & പേയ്മെന്റ് പ്രകാരം) | : 83649692 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(രസീത് & പേയ്മെന്റ് പത്രിക പ്രകാരം) | : 57754931 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | 210332948 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (ഇൻകം & | 270721014 |

| | |
|---|---|
| എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 85,07157/- |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ചാർജ്/സർചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന വരവ്/ചെലവ് നഷ്ടം പ്രതിപാദിച്ചിട്ടില്ല.

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-32 | 145950 | ശ്രീ വിനോദ്കുമാർ സി, സെക്രട്ടറി |
| | 340550 | ശ്രീമതി റംല എം.വി, സെക്രട്ടറി ഇൻ ചാർജ്ജ് |
| 1-33 | 6491802 | ശ്രീമതി റംല എം.വി, സെക്രട്ടറി ഇൻ ചാർജ്ജ് |
| 1-38 | 91272 | ശ്രീമതി റംല എം.വി, സെക്രട്ടറി ഇൻ ചാർജ്ജ് |
| | 821443 | ശ്രീ വിനോദ്കുമാർ സി, സെക്രട്ടറി |
| 1-39 | 400000 | ശ്രീമതി ആശാറാണി സെക്രട്ടറി |
| 1-42 | 200000 | ഡോ. സിമി സി.എസ് (മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 1-46 | 16140 | ശ്രീമതി മിനിമോൾ എ വർഗ്ഗീസ്, ഹെഡ്മിസ്ട്രസ് |
| ആകെ | 85,07157/- | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം/ചട്ടങ്ങൾ പ്രകാരം ചാർജ്/സർചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന വ്യക്തമായ നഷ്ടം പ്രതിപാദിച്ചിട്ടില്ല.

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിയ്ക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 98-99 | കെ.എസ്.എ.കെ.റ്റി.എം/പി6 /675/16/1.10.2016 | 3 |
| 99-00 | കെ.എസ്.എ.കെ.റ്റി.എം/പി6 | 1 |

| | | |
|---|---|---|
| | /678/16/25.08.2016 | |
| 2000-01 ചെലവ് | എൽ.എഫ്.കെ.പി1/960 അദാ/എഫ്6/11-31.08.11 | 1 |
| 2000-01 വരവ് | എൽ.എഫ്.കെ.പി1/960 അദാ/എഫ്.6/11(6)/31.08.11 | 1 |
| 02-03 ചെലവ് | കെ.എസ്.എ.കെ.റ്റി.എം/പി6 /1002(1)/17/30.12.2017 | 10 |
| 2003-04 | കെ.എസ്.എ.കെ.റ്റി.എം/പി6 /(അദാ-18)/37(1)2018, 08.01.18 | 4 |
| 2004-05 | കെ.എസ്.എ.കെ.റ്റി.എം/പി6 /1002(3)/17/30.12.2017 | 4 |
| 2005-06 | കെ.എസ്.എ.കെ.റ്റി.എം/പി6 /2552/22/31.03.23 | 5 |
| 2006-07 | കെ.എസ്.എ.കെ.റ്റി.എം/പി6/അദാ 22/375 (2)/22/20.08.22 | 6 |
| 2007-08 | കെ.എസ്.എ.കെ.റ്റി.എം/പി6/അദാ 22/375(3)/22/20.08.22 | 10 |
| 2009-10 2010-11 | കെ.എസ്.എ.കെ.റ്റി.എം/പി6/അദാ 18/37(6) /18/08.01.18 | 8 |
| 2011-12 | കെ.എസ്.എ.കെ.റ്റി.എം/പി6/അദാ 22/375(4)/22/20.08.22 | 9 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി 6/അദാ 33/375(5)/22/20.08.22 | 21 |
| 2013-14 & 2014-15 | കെ.എസ്.എ-കെ.ടി.എം.പി 6/348/2018/20.02.18 | 4 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി6/1928 /16/03.01.23 | 10 |
| 2016-17 | കെ.എസ്.എ.കെ.റ്റി.എം/പി6/അദാ 22/1454/22/20.08.22 | 9 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി.6/401 /19/24.08.22 | 13 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി.6/23 /20/27.10.22 | 30 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി.6/766 /21/29.11.22 | 19 |
| 2020-21 | കെ.എസ്.എ-കെ.ടി.എം.പി.6/1712 /21/26.10.22 | 26 |
| 2021-22 | കെ.എസ്.എ-കെ.ടി.എം.പി.6/414 /23/12.02.2024 | 19 |
| 2022-23 | കെ.എസ്.എ- | 48 |

| | | | |
|---|---|---|---|
| | കെ.ടി.എം.പി.6/1758/23/ 28.11.2023 | | |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 8(12) dated 11-06-2024 and submitted on 05-07-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03- 2024 , with supporting forms, of the Udayanapuram Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Udayanapuram Grama Panchayat as on 31-03-2024

Date: 28/09/2024

Deputy Director
District Office Kottayam
Kerala State Audit Department

## Audit Report appended to the Audit Certificate of Udayanapuram Grama Panchayat for the Year 2023-2024 .

**1.Major Observations**

1. General Fund Details not maintained. Opening Balance Receipt Payment(OBRP) data of asset and liability as on 01/04/2011 not available. Source Data not available for the value of total general fund as on 31/03/2024.

2. Non Disclosure of Capital Contribution-Capital contribution opening balance details as on 01/04/2023

has not
provided by authorised register or document.
3. Non Disclosure of Assets-Assets not classified and valuated and accounted-Asset Register has not updated upto 31/03/2024.

**2.Other Observations**

1. Demand of Accrual Income for the year has not determined and certified by the Secretary before its accrual
accounting for 2023-24.
2.Details of adjustments of advance incomes received for 2023-24 has not recorded and posted with journal
voucher in corresponding demand registers.
3.Contingent Expenses and Honourarium of Elected Representatives which became due upto 31/03/2024 has not
accounted as payable during 2023-24.
4. Accrual accounting of contingent expenditures for the year has done in a single liability account head even though
proper accounting heads are available.
5.Project expenditures accounted in wrong head of accounts.
6.Demand Collection Balance of Tax and Non Tax revenues as per AFS not matching with registers concerned.
7.Details of dues to Government and advance income remaining in 31/03/2024 balance sheet is not available in Dues Register.
8. Reconciliation of treasury account/bank account not completed
9.Bank accounts not included in Annual Financial Statement.
10.Misclassification of receipts - Auction revenue accounted in Receipts From Panchayath Schools.
11.Notes on account of Prior Period Income/Expenditure not certified and included in AFS.
12.Cost of Empty Barrels not accounted as own fund receipt.
13.The accuracy of balance of District Panchayath/Block Panchayath share for Joint Venture projects as per B4 schedule
does not match with Treasury Accounts.
14.Expenditures regarding Contractors EMD (340100101) , Other Deposits (340109901) as per AFS not matching with
registers concerned.
15.Amounts deposited in KSEB Ltd in 2023-24 as per AFS not matching with actual expenditure
16.Detals of Festival Advance of 21000 rupees to be recouped remaining in 31/03/2024 balance sheet is not
available in 2023-24 Advance Register.
17.Depreciation calculation worksheet for assests is not provided by the secretary.
18. Balance loan amount shows in B-5 schedule not match with B-16 schedule. Loan receipt as per Loan register
differs from AFS.

Deputy Director
Kerala State audit Department
District audit Office, Kottayam

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്